

# ‘മുന്നേറ്റത്തിന്റെ പടവുകൾ’



## കുടുംബശ്രീ ജില്ലാ മിഷൻ

## പത്തനംതിട്ട

# അവതാരിക

**'മുന്നേറ്റത്തിന്റെ പടവുകൾ'** എന്ന പുസ്തകത്തിലൂടെ പുതിയ അനുഭവപാഠങ്ങൾ നൽകുകയാണ്. കുടുംബശ്രീ പ്രവർത്തനങ്ങളിലൂടെ കടന്നു പോയ വഴികളിൽ മനസ്സിൽ പതിഞ്ഞ അനുഭവങ്ങളുടെ ഓർമ്മകൾ ഇഴപിരിച്ചെടുത്ത് നമുക്ക് മുമ്പിൽ കാട്ടുമ്പോൾ ഒരർത്ഥത്തിൽ അത് ജീവിത വായനക്ക് ഇടം നൽകുന്നു. പുസ്തകത്താളുകളിലെ അക്ഷര മുദ്രകളിലൂടെ മാത്രമല്ല ജീവിതം എന്ന മഹാ ഗ്രന്ഥത്തിലൂടെയും നമുക്ക് ധാരാളം അറിവ് കിട്ടുന്നു. ഒരു പക്ഷെ അതിലൂടെ മാത്രമേ അറിവ് ലഭിക്കുന്നുള്ളൂ.

കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ കീഴിൽ ഏകദേശം 48 ലക്ഷം വനിതകളെ ഉൾക്കൊള്ളിച്ചുകൊ് പ്രവർത്തിക്കുന്ന സംഘടനാ സംവിധാനം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃക ആയിക്കൊിരിക്കുകയാണ്. ഏഷ്യയിലെ തന്നെ ഒന്നാമത്തെ സ്ത്രീ സംഘടനയായ കുടുംബശ്രീയുടെ മുഖമുദ്രയായ സ്ത്രീശാക്തീകരണം ദാരിദ്രനിർമാമർജ്ജനം ലക്ഷ്യമിട്ടുകൊ് 16–ാം വർഷത്തിന്റെ ജൈത്രയാത്രയിലാണ്. ഭരണ പ്രക്രിയകളിൽ പങ്കാളിയാകാനും ആസൂത്രണ പ്രക്രിയകളിൽ ഇടപെടാനും സ്ത്രീകൾക്കും കൂടി അവസരം ലഭിച്ചു. വീടിന്റെ ചുവരുകളിൽ നിന്നും സ്ത്രീശക്തിയേയും ചിന്തകളേയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊു വരുന്നതിൽ കുടുംബശ്രീ വഹിച്ച പങ്ക് ചെറുതല്ല.

അറിവ് അധികാരത്തിലേക്കുള്ള ആദ്യ പടിയാണ്, ഏത് സാഹചര്യങ്ങളേയും ആത്മ ധൈര്യത്തോടെ ചെറുക്കാനും കൂടുതൽ കരുത്തോടെ സ്ത്രീ ശാക്തീകരണം യാഥാർത്ഥ്യമാക്കാനും സമൂഹ്യ പുരോഗതിയും രാഷ്ട്രീയവും സാംസ്കാരികവുമായ ബോധവൽക്കരണത്തിനും കുടുംബശ്രീ പ്രവർത്തകർ കൂടുതൽ കരുത്തോടെ കർമ്മ നിരതരാകുവാനുള്ള ആർജ്ജവം നേടിയിരിക്കുന്നു.

ഈ അനുഭവ പുസ്തകത്തിന്റെ താളുകളിൽ സ്പന്ദിക്കുന്നത് അത്തരം ചില ശ്രമങ്ങളുടേയും ചെറുത്തു നില്പുകളുടേയും ഓർമ്മകളാണ്. ആലങ്കാരിക പ്രയോഗങ്ങളോ പാണ്ഡിത്യ പ്രകടനത്തിന്റെ പദാവലികളോ ഇതിലില്ല. പക്ഷേ ഇതിൽ പച്ചയായ ജീവിതമു്. ചെറുതെങ്കിലും സത്യസന്ധമായ ഇടപെടലുകളും ആവിപാറുന്ന അനുഭവങ്ങളും ു്. നിറപ്പകിട്ടില്ലാത്ത ജീവിത പുസ്തകങ്ങളുടെ വായന നൽകിയ പ്രായോഗിക അനുഭവത്തിന്റെ കരുത്തു്. അർത്ഥമില്ലെന്ന് കരുതിപോയ ജീവിതങ്ങൾക്ക് പുതിയ അർത്ഥതലങ്ങൾ കത്താനായതിന്റെ സംതൃപ്തിയു്. നമുക്കു ചുറ്റും ജീവിച്ചു പോരുന്ന ഒച്ചയില്ലാത്ത ഒരുപാട് മനുഷ്യരുടെ ജീവിത അവസ്ഥകളുടെ നേർക്കാഴ്ചകളു്. ആർജ്ജവമുള്ളവരായി ഒരു ജനത മാറുന്നതിന്റെ നേരനുഭവങ്ങൾ വായനക്കാർക്കായി സമർപ്പിക്കുന്നതിൽ അതിരറ്റ ആഹ്ലാദമു്. തികഞ്ഞ അഭിമാനത്തോടെ ഈ പുസ്തകം സമർപ്പിക്കുന്നു.

**എഡിറ്റോറിയൽ ബോർഡ്**

# ആമുഖം

ഏഷ്യയിലെ ഏറ്റവും വലിയ ജനകീയ കൂട്ടായ്മയായ കുടുംബശ്രീ അതിന്റെ ജൈത്ര യാത്ര ആരംഭിച്ചിട്ട് നീ 15 വർഷങ്ങൾ കടന്നിരിക്കുകയാണ്. ജാതി മത വർഗ്ഗ വർണ്ണ ഭേദമി ല്ലാതെ സ്ത്രീകൾ ഒറ്റകെട്ടായി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിചേർന്ന സംവിധാന മാണ് കുടുംബശ്രീ. സാമ്പത്തിക ശാക്തീകരണം, സാമൂഹിക ശാക്തീകരണം, സ്ത്രീ ശാക്തീക രണം എന്നിവ ലക്ഷ്യമിട്ട് തുടങ്ങിയ ഈ ദൗത്യം ഒട്ടേറെ മാറ്റങ്ങൾ സമൂഹത്തിൽ ഉാക്കിയിട്ടു്. കഴിഞ്ഞ നാളുകളിലെ പ്രവർത്തനങ്ങളിലൂടെ സാധാരണ സ്ത്രീകൾ സമൂഹത്തിൽ കാഴ്ചവെച്ച മാതൃകാപരമായ പ്രകടനങ്ങളും അത് അവരുടെ ജീവിതത്തിൽ വരുത്തിയ മാറ്റങ്ങളും അനാവ രണം ചെയ്യുന്ന ഈ അനുഭവ സമാഹരണ പുസ്തകം കുടുംബശ്രീ പ്രവർത്തനങ്ങളുടെ നേർക്കാഴ്ചയാകുകയാണ്. മാറ്റങ്ങൾ ആഗ്രഹിച്ചിരുന്നവർ വിരളിലെണ്ണാവുന്നവരാണെങ്കിലും മാറ്റങ്ങൾ തിരിച്ചറിഞ്ഞവർ ലക്ഷക്കണക്കിനു്. അവരിൽ നിന്നും പരിമിതങ്ങളായ അനുഭവങ്ങളേ വന്നിട്ടുള്ളൂ എങ്കിലും, അവ സമൂഹത്തിനോട് വിളിച്ചുപറയുന്നത് സ്ത്രീകളുടെ ശാക്തീകര ണവും അതിൽ കുടുംബശ്രീ വഹിച്ച പങ്കുമാണ്. അസമത്വത്തിന്റെയും വിവേചനത്തിന്റെയും വൻമതിൽകെട്ടുകൾ അതിജീവിക്കുവാൻ കൂട്ടായ്മയും നിശ്ചയദാർഢ്യവും ഇവർക്ക് ആയുധ ങ്ങൾ ആകുന്നു. പരസ്പരം കൈകോർത്ത് പിടിച്ചുകൊ് നിസ്സഹായരും നിരാലംബരുമായവരെ ഒപ്പം ചേർത്തുകൊ് അയൽക്കൂട്ട സഹോദരിമാർ മുന്നോട്ട് കുതിക്കുകയാണ്. സാമൂഹ്യവും സാമ്പത്തികവുമായ പ്രതിസന്ധികൾ മറികടന്ന കരുത്തരായ കുടുംബശ്രീ പ്രവർത്തകരുടെ കൂട്ടായ പ്രവർത്തനങ്ങൾ മാറ്റത്തിന്റെ പുതിയൊരദ്ധ്യായം രചിക്കുമെന്നതിൽ തർക്കമില്ല. ആ പ്രചോദനം ഏറ്റുവാങ്ങാനും ജീവിതത്തിൽ പകർത്തുവാനും എല്ലാ സഹോദരിമാർക്കും കഴിയ ട്ടെ. അങ്ങനെ ഇതൊരു ചരിത്രമാകട്ടെ......

**സാബിർ ഹുസൈൻ. എസ്സ്**
ജില്ലാ മിഷൻ കോ–ഓർഡിനേറ്റർ
കുടുംബശ്രീ, പത്തനംതിട്ട

# സമർപ്പണം

മതനിരപേക്ഷതയുടെയും മാനവികതയുടേയും സാഹോദര്യ സ്നേഹത്തിന്റേയും മഹനീയമായ പാരമ്പര്യം ഉള്ള പത്തനംതിട്ട ജില്ലയിലെ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളുടെ നേരനുഭവങ്ങളും നേർ കാഴ്ചകളും ആണ് ഈ അനുഭവസമാഹരണ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ജില്ലയിലെ 54 പഞ്ചായത്ത് സി.ഡി.എസ്സുകളിലും നാല് നഗരസഭ സി.ഡി.എസ്സുകളിലും ഉള്ള കുടുംബശ്രീ പ്രവർത്തകരുടെ അനുഭവക്കുറിപ്പുകളെ ക്രോഡീകരിച്ചുകൊ് ഓരോ സി.ഡി.എസ്സ്തലത്തിലും അനുഭവസമാഹരണ പുസ്തകങ്ങൾ തയ്യാറാക്കുകയുായി. അവയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കുറെ ലേഖനങ്ങളാണ് ഈ പുസ്തകത്തിലെ ഉള്ളടക്കം. കുടുംബശ്രീ പ്രവർത്തനത്തിലൂടെ കൈവരിച്ച വ്യക്തിത്വവികാസത്തിന്റെയും ആത്മധൈര്യത്തിന്റെയും നേട്ടങ്ങളാണ് ഓരോ കുടുംബശ്രീ പ്രവർത്തകർക്കും പറയാനുള്ളത്. ജീവിതം വഴിമുട്ടി നിന്ന പല കുടുംബിനികളുടേയും ജീവിത വിജയത്തിന്റേയും അതിജീവനത്തിന്റേയും കഥകൾ പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇരുൾമൂടിയ ഒരു ഭൂതകാലത്തിൽ നിന്നും പുതുവെളിച്ചത്തിന്റെ പന്ഥാവിലൂടെ നടന്നുപോകുന്ന ഒരുകൂട്ടം സഹോദരിമാരുടെ തീക്ഷ്ണമായ അനുഭവങ്ങളുടെ സാക്ഷിപത്രം കൂടിയാണ് ഈ പുസ്തകം. സമൂഹത്തിന്റെ നിരന്തരം വേട്ടയാടലുകൾക്ക് വർഷങ്ങളായി ഇരയാക്കപ്പെട്ടുപോയ ഒരു ജനതയുടെ തുടുപ്പിന്റെ പൊൻകിരണമാണ് കുടുംബശ്രീയിലൂടെ പുറത്തുവരുന്നത്. കുപ്പയിലെ മാണിക്യങ്ങൾ കുപ്പ നീങ്ങിയിട്ടും തിളങ്ങാൻ കഴിയാതെ ഇപ്പോഴും ഇരുട്ടിന്റെ ആലസ്യത്തിൽ നിന്നും പൂർണ്ണമായി മുക്തി നേടിയിട്ടില്ല. കാലങ്ങളായി അടിമത്വം അനുഭവിച്ച കിണറ്റിലെ തവളയുടെ സ്വാതന്ത്ര്യം പോലെ ഉള്ളതുകൊ് ഓണം കൊാടിയ സ്ത്രീകളുടെ ഇടയിലേക്ക് ഇറങ്ങി വന്ന കുടുംബശ്രീ ഇന്ന് 16 വർഷംകൊ് യൗവനയുക്തയാകുമ്പോൾ അഴകുകൊും അറിവുകൊും അനുഭവങ്ങളുടെ നേർകാഴ്ചകൾ ക് അവൾ പക്വമതിയാകുന്നു.

ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി ആരംഭിച്ച കുടുംബശ്രീ പ്രസ്ഥാനം സ്ത്രീകളെ സ്വയം പര്യാപ്തതയിലെത്തിക്കുവാനായി നടപ്പിലാക്കിയ സംഘകൃഷി, മൈക്രോസംരംഭങ്ങൾ, സമഗ്ര പദ്ധതികളിൽ കൈവരിച്ച നേട്ടം അസൂയാവഹമാണ്. വീടിനകത്തും പുറത്തുമുള്ള പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹരിക്കാൻ കഴിയത്തക്കവിധം സ്ത്രീയെ പ്രാപ്തയാക്കിയ ഈ പ്രസ്ഥാനത്തിന് പകരം വയ്ക്കാൻ മറ്റൊന്നില്ല. മുമ്പ് മറ്റുള്ളവരുടെ ചുവടുകൾക്കു പിന്നാലെ നടന്ന സ്ത്രീക്ക് ഇന്നു മറ്റുള്ളവരെ തന്റെ ചുവടുകൾക്ക് പിന്നിൽ കൊു വരാൻ കഴിഞ്ഞെങ്കിൽ അത് ത്യാഗത്തിന്റേയും സഹിഷ്ണുതയുടേയും വിജയമാണ്. ഈ തിളക്കം സാമൂഹ്യമാറ്റത്തിന്റെയും വികസനത്തിന്റെയും പുത്തൻവഴികളിലേക്ക് ദിശാബോധത്തോടുകൂടി വരുന്ന സാമൂഹ്യപ്രവർത്തകരായ കുടുംബിനികളുടെ കർമ്മ മണ്ഡലങ്ങളിലേക്ക് പൊൻവെളിച്ചം വീശുന്നതിനും വരും നാളുകളിൽ നാടിന്റെയാകെ സമഗ്ര വികസനത്തിലേക്ക് നയിക്കുന്നതിനും ഇടയാകട്ടെ എന്നാശംസിക്കുന്നതിനോടൊപ്പം കുടുംബശ്രീയുടെ ആദ്യകാലപ്രവർത്തനത്തിന് ത്യാഗോജ്ജ്വലമായ സംഭാവനകൾ നൽകിയവർക്കു മുന്നിൽ ഇത് സമർപ്പി ക്കുന്നു.

**അനുപ പി ആർ**
ജി. ആർ. പി. സി.
കുടുംബശ്രീ, പത്തനംതിട്ട

## ഉള്ളടക്കം


1. കാരുണ്യത്തിന്റെ തൂവൽസ്പർശം
2. ഇവിടെ ഒരിത്തിരി നേരംകൂടി
3. എന്നെ ഞാനാക്കിയ ശ്രീ
4. കുടുംബശ്രീ എന്റെ ഉറ്റമിത്രം
5. കുടുംബശ്രീ എന്നെ എന്താക്കി
6. കൈത്താങ്ങി എന്നും അനുപമ കുടുംബശ്രീ
7. എന്റെ കുടുംബശ്രീ അനുഭവങ്ങൾ
8. എന്നെന്നും ഓർമ്മിക്കാൻ
9. മിനർവ്വ സ്പെഷ്യൽ കുടുംബശ്രീ
10. ശ്രീലക്ഷ്മി കുടുംബശ്രീ, കോയിപ്രം
11. പൊട്ടിച്ച് എറിഞ്ഞ ചങ്ങല
12. നേട്ടങ്ങൾ പൂർണ്ണമയിലൂടെ
13. ഗ്രാമശ്രീ ന്യൂട്രിമിക്സ്
14. ജീവിക്കാനുള്ള പ്രേരണ ശക്തിയാണ് കുടുംബശ്രീ
15. നാടിന്റെ സ്പന്ദനം അറിഞ്ഞ കുടുംബശ്രീ
16. അശരണർക്ക് ആലംബമായി
17. വിഷമഘട്ടങ്ങൾ തരണം ചെയ്തു.
18. കുടുംബശ്രീ – ബാല്യകാലം – ഒരു സുവർണ്ണകാലം
19. മദ്യഷാപ്പ് മാറ്റുന്നതിന് കഴിഞ്ഞു.
20. സാമൂഹ്യപ്രതിബദ്ധതയുമായി നമ്മുടെ കുടുംബശ്രീ.
21. ചെറിയ സഹായം ഒരു ജീവൻ ധന്യമായി.
22. എന്റെ കുടുംബശ്രീ.
23. അനുഭവകഥ
24. ഉയർന്നെഴുന്നേൽപ്പ്
25. ഞാനും എന്റെ ശ്രീയും
26. ജനനി

27. ഒരു ചെറുകൈത്തിരിയേന്തി
28. പ്രീതി കുടുംബശ്രീ
29. സ്നേഹ കുടുംബശ്രീ – ഓമന
30. എന്റെ അനുഭവങ്ങൾ
31. എന്റെ വളർച്ച
32. സാമൂഹ്യകടപ്പാട്
33. ഇരുളിൽനിന്നും വെളിച്ചത്തിലേക്ക്
34. പുലരി കുടുംബശ്രീ
35. കുടുംബശ്രീയിലൂടെ പുനർജന്മത്തിലേക്ക്
36. മാനസികതകർച്ചയിൽ വെളിച്ചമായ കുടുംബശ്രീ
37. വിഷമഘട്ടങ്ങൾ തരണംചെയ്തു
38. പരിശ്രമം എന്തിനേയും വശത്തിലാക്കാം
39. മാറ്റം മാറ്റം സർവ്വത്ര
40. സ്നേഹമാണ് ഏറ്റവും വലിയ പ്രതിഫലം
41. എന്നെന്നും ഓർമ്മിക്കാൻ
42. കാരുണ്യ കുടുംബശ്രീ
43. പ്രതികൂലസാഹചര്യത്തെ അതിജീവിക്കാൻ സഹായിച്ചു
44. എന്റെ അനുഭവങ്ങൾ
45. കാരുണ്യഹസ്തം

# 1. കാരുണ്യത്തിന്റെ തൂവൽ സ്പർശം.

മണിയമ്മ,

അജ്ഞലി കുടുംബശ്രീ,

6–ാം വാർഡ്.

'അജ്ഞലി ' കുടുംബശ്രീ പ്രവർത്തനം ആരംഭിച്ചതു മുതൽ ആരംഭതലങ്ങളിൽ ലഘു നിക്ഷേപങ്ങളും, മാസവരിയും, സമാഹരിക്കുകയും അംഗങ്ങളുടെ ബുക്കിൽ വരവു ചെയ്യുക യും, മിനിറ്റ്സുകൾ എഴുതി സൂക്ഷിക്കുകയും ഒക്കെ ആയിരുന്നു. കുടുംബശ്രീയിൽ ചർച്ചകൾ വേണമെന്നും എല്ലാവരും ചർച്ചയിൽ പങ്കെടുക്കണമെന്നും ഒക്കെ വാർഡു മെമ്പർ നിർദ്ദേശി ക്കുകയും , ആ സംവിധാത്തെ അംഗങ്ങൾ അനുസരിക്കുകയും ചെയ്തു പോന്നിരുന്ന കാലം.

അങ്ങനെയിരിക്കെ ഞങ്ങളുടെ കുടുംബശ്രീയുടെ പരിധിയിൽ ഒരു ദുരന്തസംഭവം ഉാ യി. പുളിഞ്ചാൽ കോളനിയോടു ചേർന്ന് വനപ്രദേശത്ത് നദിയോരത്തായി അഞ്ച് ആദിവാസി കുടുംബങ്ങൾ താമസിക്കുന്നുായിരുന്നു. അവർ മലവാഴയിലകളും, ഈറയിലയും കുത്തി ച്ചാരിനിർത്തി കുടിലുകൾ കെട്ടിയാണ് താമസിച്ചിരുന്നത്.. അന്നൊരിക്കൽ അതിൽ പലർക്കും മലമ്പനി ബാധിച്ച് അവശനിലയിൽ കിടക്കുന്നു എന്ന് ഞാൻ അറിയാൻ ഇടയായി. കുടും ബശ്രീ അംഗങ്ങളെയും കൂട്ടി ആദിവാസി കുടിലുകളിലെക്ക് ഞങ്ങൾ എല്ലവരുംകൂടി പോയി.

കുടിലുകളുടെ അരികിൽ എത്തിയപ്പോൾ ഞങ്ങളെ വളർത്തു നായ്ക്കൾ ഓടിച്ചു. ഞങ്ങളുടെ ഉച്ചത്തിലുള്ള ബഹളം കേട്ട് 60 – 65 വയസ്സ് തോന്നിക്കുന്ന വൃദ്ധൻ കുടിലിന് പുറ ത്തേക്ക് വന്നു. ഞങ്ങളെയെല്ലാവരെയും കൂടി കപ്പോൾ ആ വൃദ്ധൻ ഉള്ളിലേക്കു വലിഞ്ഞു.

കുടിലിന് മുമ്പിലെത്തിയപ്പോൾ ക കാഴ്ച കരളലിയിക്കുന്നതായിരുന്നു. കുടിലിന് മുമ്പിലായി തടികൾ കൂട്ടി കത്തിച്ച് വലിയ ആഴി ഉാക്കിയിരിക്കുന്നു. 4 കുടിലുകളിലായി കുട്ടി കളും മുതിർന്നവരും ആഴിക്കു ചുറ്റും തുണികഷ്ണങ്ങളിലും പഴയ ചാക്കുകളിലും ചുരു് കിട ക്കുന്നു. വായിൽ നിന്നും നുരയും പതയും വരികയും, ഈച്ചകൾ അവയിൽ പറ്റിപ്പിടിച്ചിരി ക്കുകയും ചെയ്യുന്നു. വനത്തിൽ നിന്നും പച്ച മരുന്നുകൾ പറിച്ച് അരച്ച് കുടിച്ചിട്ടും ഒരു ശമ നവും ഉായില്ല. ആഹാരം കഴിച്ചിട്ട് തന്നെ ദിവസങ്ങൾ ആയി എന്ന് അവർ പറഞ്ഞു. ഈ വിവരം വാർഡു മെമ്പറെ അറിയിക്കുവാൻ ഞങ്ങൾ തീരുമാനിച്ചു. വാർഡ് മെമ്പർ ഈ വിവരം പഞ്ചായത്തിൽ അറിയിച്ചു. പഞ്ചായത്തു സെക്രട്ടറിയും, പ്രസിഡന്റും, പി.എച്ച്.സി. യിൽനിന്നും മെഡിക്കൽ സംഘവും പിറ്റേദിവസം തന്നെ വാർഡ് മെമ്പറോടൊപ്പം പുളിഞ്ചാൽ കോളനിയിൽ എത്തി, ഞങ്ങളേയും കൂട്ടി വനത്തിലേക്കുപോയി.

മെഡിക്കൽ സംഘം കൊുവന്ന മെഡിക്കൽ കിറ്റും വാർഡ് മെമ്പർ ആദിവാസികൾക്കു കൊടുക്കുവാൻവേി വാങ്ങിയ ഭക്ഷണപ്പൊതിയും മറ്റും കുടുംബശ്രീക്കാർ തലയിൽ വച്ചും

കൈയിൽ തൂക്കിപ്പിടിച്ചും വനത്തിലൂടെ നടന്ന് ആദിവാസി കുടിലിലെത്തി. ആരെക്കാലും കുടിലിൽ ഒളിക്കുന്ന പുറം ലോകവുമായി യാതൊരു ബന്ധവും ഇല്ലാത്തതിനാലും ആരും പുറത്തേയ്ക്ക് വന്നില്ല.

ഞങ്ങളുടെ കൈയിൽ കരുതിയിരുന്ന ഭക്ഷണപ്പൊതികൾ അവരുടെ കൈവശം കൊടുക്കുവാൻ വേയും ഞങ്ങൾ ധൈര്യം സംഭരിച്ച് കുടിലുകൾക്കുള്ളിലേക്ക് കയറി ച്ചെന്നു. ഭക്ഷണപ്പൊതികൾ കപ്പോൾ കുട്ടികളുടെ കണ്ണിലെ നക്ഷത്രതിളക്കം ഞങ്ങളെ അത്ഭുതപ്പെടുത്തി. ആഹാരം കഴിച്ചതിനു ശേഷം മെഡിക്കൽ സംഘം രോഗവിവരങ്ങൾ തിരക്കുകയും അവർക്കുവേ മരുന്നുകൾ നൽകുകയും ചെയ്തു. അവർതന്ന ബ്ളീച്ചിംഗ് പൗഡറും, ലോഷനും കുടിലുകളിൽ തളിക്കുകയും ചെയ്തു.

മെഡിക്കൽ സംഘം ഞങ്ങളെ ഒരു ദൗത്യം ഏൽപ്പിച്ചു. ഇവരുടെ രോഗവിവരങ്ങൾ തിരക്കുകയും കുറവില്ലെങ്കിൽ പി.എച്ച്.സിയിൽ വിവരം അറിയിക്കുവാൻ പറയുകയും ചെയ്തു. നിർഭാഗ്യവശാൽ ഇവരുടെ രോഗം മൂർഛിച്ചുകൊിരുന്നു.. ഇതിൽ കൂടുതൽ സൗകര്യം പി.എച്ച്.സി.യിൽ ഇല്ലാത്തതിനാൽ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ഇവരെ എത്തിക്കുവാൻ പറഞ്ഞു. വീും വാർഡു മെമ്പറെ ഞങ്ങൾ വിവരം അറിയിക്കുകയും മെമ്പർ സന്തോഷപൂർവ്വം ഈ ദൗത്യം ഏറ്റെടുക്കുകയും ചെയ്തു. കുടുംബശ്രീയിലെ ആളുകൾ എന്നോടൊപ്പം ഉങ്കെിൽ ഞാൻ എന്തിനു പിൻമാറണമെന്നു പറഞ്ഞുകൊ് വാഹനവുമായി പുളിഞ്ചാൽ കോളനിയിൽ എത്തി.ഈ രോഗികളെ വനത്തിൽ നിന്നും വാഹനത്തിൽ എങ്ങനെ പുറംലോകത്തേക്ക് കൊുപോകും. ഉപയോഗിക്കുവാൻ വസ്ത്രംപോലുമില്ല. ഞങ്ങളുടെ കൈയിൽ കരുതിയിരുന്ന തുണികൾ ധരിപ്പിച്ചും അവരെ താങ്ങിപ്പിടിച്ചും ഒരുവിധം പുറത്ത് എത്തിച്ചു. പഴയ ചാക്ക് കീറി കമ്പ് വച്ചുകെട്ടി വൃദ്ധനായ മനുഷ്യനെ അതിൽ കിടത്തി പുരുഷന്മാർ താങ്ങിയെടുത്തു വാഹനത്തിനടുത്തെത്തിച്ചു. കുത്തനെയുള്ള ഇറക്കത്തിന്റെ അടിവാരത്തിൽ കിടക്കുന്ന വാഹനത്തിന്റെ അടുത്തെത്തിക്കുവാൻ എല്ലാവരും നന്നേ പാടുപെട്ടു. വാർഡുമെമ്പറിന്റെ നേതൃത്വത്തിൽ നല്ലവരായ നാട്ടുകാരിൽ നിന്നും സ്വരൂപിച്ച തുകയും ഉപയോഗിച്ച് ഇവരെ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആശുപത്രിയിലെ ജനങ്ങളേയും വാഹലവുമൊക്കെ കപ്പോൾ അവിടെനിന്നും ഓടിപ്പോകുവാൻ ആദിവാസികൾ ശ്രമിച്ചു. സെക്യൂരിറ്റിയുടെ സഹായത്തോടെ ഇവരെ വാർഡിലേക്ക് മാറ്റുകയും ഈ വിവരം കളക്ടറെ അറിയിക്കുകയും ചെയ്തു.

കളക്ടറുടെ നിർദ്ദേശപ്രകാരം റാന്നി ട്രൈബൽ ഓഫീസിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആശുപത്രിയിൽ എത്തി. അതിനുശേഷം ആശുപത്രിയിൽ പോകാൻ മടി കാണിച്ച മറ്റ് ആദിവാസികളെ കുടുംബശ്രീക്കാരുടെ ചുമതലയിൽ ട്രൈബൽ ഓഫീസിൽ നിന്നും എത്തിയ സംഘം സന്ദർശനം നടത്തി,

അടുത്ത ദിവസം പത്രത്തിൽ പുളിഞ്ചാൽ കോളനിക്കു സമീപമുള്ള ആദിവാസി കുടി ലുകളിലെ കദന കഥ വായിക്കാൻ ഇടയായ ഞങ്ങൾക്ക് അതിയായ ആത്മ വിശ്വാസവും സന്തോഷവും ഉായി അതിനേക്കാൾ ഞങ്ങളുടെ പേരുകളും ഫോട്ടോയും പത്രത്തിൽ കപ്പാൾ എന്തെന്നില്ലാത്ത അഭിമാനം തോന്നി.

ആദിവാസികൾ സുഖം പ്രാപിച്ച് സാധാരണ രീതിയിൽ എത്തുകയും വനംവകുപ്പിൽ നിന്നും ആദിവാസി കുടുംബങ്ങൾക്ക് 30 കി.ഗ്രാം സൗജന്യ റേഷനും പയറും എണ്ണയും ഒക്കെ അനുവദിപ്പിച്ച് തുടർമാസങ്ങളിലും ഈ ആദിവാസി കുടിലുകളിൽ എത്തിക്കുവാനും ഞങ്ങൾക്കു കഴിഞ്ഞു എന്ന ആത്മസംതൃപ്തിയും ഞങ്ങൾക്കു്.

## 2. ഇവിടെ ഒരു ഇത്തിരിനേരം കൂടി

**അമ്മിണി ഏബ്രഹാം**
**ധനശ്രീ കുടുംബശ്രീ**
**അഫി.നം. 83/05 നീളാത്തിൽപടി**

മലയാലപ്പുഴ ഗ്രാമപഞ്ചായത്തിലെ 13–ാം വാർഡിലെ ഒരു ഓണംകേറാമൂലയായ നീളാ ത്തിൽപടി എന്ന സ്ഥലത്താണ് ഞാൻ താമസിക്കുന്നത്. എന്റെ അനുഭവകഥ വിവരിക്കുമ്പോൾ എന്റെ കുടുംബത്തിന്റെ വിവരങ്ങൾ കൂടി നിങ്ങൾ അറിയേതു്. ഞാൻ ഒരു പെന്തക്കോസ്ത് സമുദായത്തിൽപെട്ട ആളാണ്. അതിന്റെ ചട്ടക്കൂടുകളിൽ ഒതുങ്ങിയജീവിതം നയിച്ചുപോന്നു. വിവാഹിതയും ര് കുട്ടികളുടെ മാതാവുമായി ഇതിൽ ഒരു മകൻ വികലാംഗനുമായിരുന്നു. 22 വർഷത്തെ ദാമ്പത്യത്തിനുശേഷം ഭർത്താവ് വേർപെട്ട് കർത്താവിൽ നിദ്രപ്രാപിച്ചു.

ഒരു ദരിദ്രകുടുംബത്തിലെ അംഗമായ എന്റെ ജീവിതം ദുരിതപൂർണ്ണമായിരുന്നു. കുഞ്ഞു ങ്ങളെ വളർത്തുവാൻ ഞാൻ അടുത്ത വീടുകളിൽ ജോലിക്കുപോയി, ചെറിയ കുടിൽ വ്യവസാ യങ്ങൾ ചെയ്തും ജീവിതം തള്ളിനീക്കി, എന്നിട്ടും വിധി എന്നെ പിൻതുടർന്നു വേട്യാടി ഞാൻ ഒരു രോഗിയായി ഹൃദയസംബന്ധമായ അസുഖം. അതോടെ മക്കളുടെ വിദ്യാഭ്യാസവും ബുദ്ധി മുട്ടിലായി. രാമത്തെ മകനെ അനാഥാലയത്തിൽ വിട്ടു. അവർ 8 വർഷം അവനെ വിദ്യാഭ്യാസം ചെയ്യിച്ചു. അതോടൊപ്പം 200 ൽ എനിക്ക് ഒരു ഓപ്പറേഷൻ നടത്തേിവന്നു. പിന്നീട് ജോലിക്ക് പോകുവാൻ പറ്റാത്ത അവസ്ഥയായി വളരെയധികം കടവും വന്നു. വീട് എന്നു പറയാൻ ഒന്നു മില്ലായിരുന്നു.ഇതിനിടയിൽ മൂത്തമകനെ വിവാഹം കഴിപ്പിച്ചു. അതും കൂടിയായപ്പോൾ ജീവിതം മുന്നോട്ടുപോകുവാൻ വലിയ ബുദ്ധിമുട്ടായി. ആരും സഹായിക്കുവാൻ ഇല്ലാത്ത ഒരു അവസ്ഥ.

ഈ സാഹചര്യത്തിൽ ആയിരുന്നു 2005 ൽ പഞ്ചായത്ത് തിരഞ്ഞെടുപ്പ് വരുന്നത് ജനകീയാസൂത്രണ പദ്ധതിയിൽ ഒരു വീടിന് അപേക്ഷ നൽകിയിട്ട് എനിക്കു കിട്ടിയില്ല. മറ്റ് ആനുകൂല്യങ്ങൾ ഒന്നുംതന്നെ കിട്ടിയിരുന്നുമില്ല. ഇതിനാൽ എല്ലാവരെയും വന്നുവോട്ടിനുവേി. സത്യത്തിൽ ഞാൻ അവരെ അധിക്ഷേപിച്ചുവിട്ടു. ഒരു സ്ഥാനാർത്ഥി അഞ്ചാമത് തവണ വീട്ടിൽ വന്നപ്പോൾ ഞാൻ അദ്ദേഹത്തിനോട് എന്റെ സാഹചര്യം കാട്ടിക്കൊടുത്തു. സഹായിക്കാം എന്ന് വാക്ക് തന്നു. എന്തായാലും ഇലക്ഷൻ കഴിഞ്ഞ് ആ സ്ഥാനാർത്ഥി തന്നെ ജയിക്കുകയും മെമ്പറായതിനുശേഷം എന്നെ വന്ന് കാണുകയും വളരെ സഹതാപപൂർവ്വം സംസാരിക്കുകയും സഹായിക്കാം എന്നു വാക്കുതരികയും ചെയ്തു.

അങ്ങനെ ഇരിക്കുന്ന സാഹചര്യത്തിലാണ് ഞങ്ങൾ ഒരു കുടുംബശ്രീ യൂണിറ്റ് രൂപീകരിക്കുകയും ഞങ്ങളുടെ മെമ്പർ അടക്കമുള്ള ആളുകൾ രൂപീകരണവേളയിൽ എത്തുകയും എന്നെ ആ യൂണിറ്റിന്റെ പ്രസിഡന്റ് ആക്കുവാൻ ശ്രമിച്ചു. അപ്പോൾ ഞാൻ പറഞ്ഞു ഞാൻ ഒരു രോഗിയാണ് ഏറെ നാൾ എനിക്കു ജീവിതമില്ല ഡോക്ടർ പോലും ഏറിയാൽ 6 മാസം എന്നാണ് പറഞ്ഞത്. എന്നാൽ എന്നെ നിർബന്ധപൂർവ്വം ആസ്ഥാനം ഏല്പിക്കുകയും അമ്മാമ്മയ്ക്ക് ഒരു പതിനഞ്ച് വർഷം ഒരു കുഴപ്പവും ഉാകില്ല എന്ന് മെമ്പർ തമാശയായി പറയുകയും ചെയ്തു. മരുന്നുകളുടെ പുറത്തായാലും 7 വർഷങ്ങൾ പിന്നിട്ടു ജീവിതം നീക്കി. കുടുംബശ്രീയുടെ പ്രവർത്തനത്തിൽ ഞാൻ കൂടുതൽ ശ്രദ്ധിച്ചു. ആദ്യനാളുകളിൽ ത്രിപ്റ്റ് അടക്കാൻ സാധിക്കാതെ ബുദ്ധിമുട്ടിയിട്ടു്. എങ്ങനെയാണ് യൂണിറ്റിന്റെ പ്രവർത്തനം കൊുപോകേത് എന്നറിയില്ല. നാട്ടുകാരിൽ നിന്നും പല കുത്തുവാക്കുകൾ കേൾക്കേതായി വന്നിട്ടു്. ഒരു ഓഫീസിൽ ചെന്നാൽ എന്താണ് പറയേത് കാര്യങ്ങൾ എങ്ങനെയാണ് എന്നൊന്നും അറിവില്ലായിരുന്നു. കുടുംബശ്രീയുടെ പ്രവർത്തനംമൂലം ട്രെയിനിംഗുകൾ ലഭിച്ചു പ്രവർത്തനങ്ങളെക്കുറിച്ച് പഠിച്ചു വരുമാനമാർഗ്ഗം വർദ്ധിപ്പിക്കുവാൻ ശ്രമിച്ചു. മറ്റുള്ളവർക്കും കാര്യങ്ങൾ പറഞ്ഞുകൊടുത്തു. ഒരു വേദിയിൽ ചെന്നാൽ നാലു വാക്ക് സംസാരിക്കുവാൻ പഠിച്ചു. വീട്ടിൽ രോഗിയായി ഇരുന്ന എനിക്ക് ഒരു പുതിയ ഉണർവ്വ് ലഭിച്ചതുപോലെയായി ഒരു പക്ഷേ എന്റെ രോഗം എന്നെ വിട്ടുപോയതുപോലെ ഒരു തോന്നൽ എനിക്ക് അനുഭവപ്പെട്ടു. ക്രമേണ കുടുംബശ്രീയിൽ നിന്നും എ.ഡി.എസ്. പ്രസിഡന്റ് സ്ഥാനത്തേക്കു വന്നു അതുമൂലം ഒരു വാർഡ് മുഴുവനും പ്രവർത്തിക്കുവാൻ അവസരംകിട്ടി കുടുംബശ്രീയുമായി ആദ്യം പ്രവർത്തിച്ചപ്പോൾ പരിഹസിച്ചവർ വലിയ താതാപര്യത്തോടെ സംസാരിക്കുകയും സഹകരിക്കുകയും ചെയ്തു. ഒരു നല്ല പേരും ഒരു സ്ഥാനവുംലഭിക്കുകയുായി. അതിൽ സ്വയം അഭിമാനിച്ച നിമിഷങ്ങൾ ഉായിട്ടു്.

ഇപ്പോൾ ഒരു കുടുംബശ്രീ യൂണിറ്റിന്റെ സെക്രട്ടറി എ.ഡി.എസ്. പ്രസിഡന്റ് സി.ഡി.എസ്. മെമ്പർ തൊഴിലുറപ്പിന്റെ മേറ്റായും പ്രവർത്തിക്കുന്നു. കുടുംബശ്രീയിൽ ചേർന്നതിനുശേഷം ഓരോ വ്യക്തികളുടേയും വിഷമങ്ങൾ അന്യോന്യം ചർച്ച ചെയ്യുവാനും പരിഹാരം കാണുവാനും നല്ല വാക്കുകൾ പറയുവാനും ഉള്ള ഒരു കൂട്ടായ്മ സ്നേഹവും സഹകരണവും പരസ്പരമുള്ള വിശ്വാസവും ഇവയെല്ലാം അനുഭവിക്കുമ്പോഴുള്ള സന്തോഷം പറഞ്ഞിരിക്കുവാൻ പറ്റാത്തതാണ്. ഇതിനുള്ള അർഹത എനിക്ക് എന്താണ് എന്നുപോലും ചിന്തിച്ചുപോയിട്ടു്. ഒരു പക്ഷേ ഇതായിരിക്കും എന്റെ പ്രാണവായുവിനെ നിലനിർത്തുന്നത് എന്ന് ഞാൻ മനസ്സിലാക്കുന്നു. അല്ലെങ്കിൽ മരണം എന്നേ എന്നെ കൊുപോയേനെ എന്ന് ഞാൻ വിശ്വസിക്കുന്നു.

തൊഴിലുറപ്പു പദ്ധതിയിൽ നിന്നും കിട്ടുന്ന വേതനം എന്റെ കുടുംബത്തിന്റെ ദാരിദ്ര്യം തുടച്ചുനീക്കി. മകന് ലോൺ എടുത്ത് ഒരു ജീവിതമാർഗ്ഗം തുടങ്ങി. പടിപടിയായി എന്റെ കുടുംബത്തിന്റെ കടങ്ങൾ തീർത്തു ആദ്യനാളുകളിൽ.

ത്രിഫ്റ്റ് അടക്കുവാൻ ബുദ്ധിമുട്ടിയ ഞാൻ ഈ ഇനത്തിൽ 8000 ത്തിൽപരം രൂപയു്. തന്നെയുമല്ല ബാങ്കിൽ 10000 രൂപ നിക്ഷേപം ു്. ഇതിനെല്ലാം കാരണം കുടുംബശ്രീയുടെ പ്രവർത്തനം മൂലമാണ്. അതിൽ വളരെയധികം സന്തോഷവും അഭിമാനമു്.

തൊഴിലുറപ്പ് പ്രവർത്തിസ്ഥലത്ത് കൂടുന്ന പ്രവർത്തകർ നൽകുന്ന അനുഭവങ്ങൾ പറയാതിരിക്കുവാൻ കഴിയില്ല.പലതരത്തിലും സ്വഭാവത്തിലുള്ള ആൾക്കാരണല്ലോ? ഇവരെ കുട്ടിയോജിപ്പിച്ചുകൊുപോകുക ഒരു പാടുതന്നെയായിരുന്നു. ആദ്യനാളുകളിൽ എന്നാൽ ഞാൻ വഴക്കു പറഞ്ഞും, നല്ലവാക്കുകൾ കൊും അവരെ ഒന്നിപ്പിച്ചു. അവർ എനിക്കുകൂടിയുള്ള ആഹാരംവരെകൊുവന്നുതരും. പലപ്പോഴും ഞാൻ കൊുവന്നിട്ടുള്ള ആഹാരം തിരിച്ചുകൊുപോകേ സാഹചര്യമായിരുന്നു. അവർ എനിക്ക് ഒരു അമ്മയുടെയും ചേച്ചിയുടെയും സ്ഥാനം തന്നു എന്നേക്കാൾ പ്രായമുള്ള വ്യക്തികളിൽ നിന്നുപോലും, അത് അനുഭവിക്കുമ്പോൾ മനസ്സിനുാകുന്ന സുഖം ഒന്നു വേറെതന്നെയാണ്. അങ്ങനെ ഇരിക്കുമ്പോൾ കുറെക്കാലം മുമ്പ് ഈ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുരുന്നെങ്കിൽ എന്തു സന്തോഷം ആയിരുന്നു എന്ന് മനസ്സ് ആഗ്രഹിച്ചിട്ടു്.

പൊതുജനങ്ങളുടെ ഇടയിൽ നിന്നും അംഗീകാരവും സ്നേഹവും ലഭിക്കുന്ന അവസരത്തിലും ചിലരുടെ ഇടപെടലും മനസ്സിനെ വല്ലാതെ വേദനിപ്പിച്ചിട്ടു്. അവർക്ക് കുടുംബവും സമൂഹവും രക്ഷപെടുന്നതിലുള്ള അസൂയ എന്നേ ഞാൻ അതിനെ കാണുന്നുള്ളൂ. ഇത് കുറച്ചു കീടി ഉയർച്ചയിൽ എത്തിച്ചേരും എന്ന് അറിവുള്ളവരാണ് അതിനുപിന്നിൽ. പ്രതികരിക്കേിടത്ത് പ്രതികരിക്കുവാനും അംഗീകരിക്കേത് അംഗീകരിക്കുവാനും ഉള്ള ശക്തി സ്ത്രീശാക്തീകരണത്തിൽ നിന്നും ലഭിച്ചിട്ടു്.

അടുക്കളയിൽ ഇരുന്നവർ അരങ്ങത്തേക്ക് ഇറങ്ങി അവരുടെ കഴിവും ശക്തിയും തെളിയിച്ചു. കുടുംബത്തിൽ സമാധാനവും സന്തോഷവും എത്തി എന്നെപ്പോലെ ആയിരക്കണക്കിന് അളുകൾക്ക് കുടുംബശ്രീയുടെ പ്രവർത്തനം ജീവിതം നിലനിർത്താൻ കഴിഞ്ഞിട്ടു്. അതിനാൽ ഒരു കാലത്തും കുടുംബശ്രീയുടെ പ്രവർത്തനം തളരാതെ മുന്നോട്ടേക്ക് മാത്രം പോകട്ടെ എന്ന് സർവ്വേശ്വരനായ ദൈവത്തോട് പ്രാർത്ഥിക്കുന്നു. എന്നെ മരണത്തിൽ നിന്ന് ജീവിതത്തിലേക്ക് കൈപിടിച്ച് ഉയർത്തിയ കുടുംബശ്രീപ്രസ്ഥാനത്തിന് വളർച്ചക്കായി എ്ററെ ചെറിയ ഈ അനുഭവക്കുറിപ്പ് സമർപ്പിക്കുന്നു.

എന്ന്

അമ്മിണി ഏബ്രഹാം

## 3. എന്നെ ഞാൻ ആക്കിയ ശ്രീ

ഞാൻ സിന്ധുലാൽ, എന്റെ കുടുംബശ്രീ തുടങ്ങിയത് 2000 ത്തിലാണ് അന്നുമുതൽ ഞാൻ എന്റെ യൂണിറ്റിന്റെ സെക്രട്ടറിയായിരുന്നു. എന്റെ ഗ്രൂപ്പിൽ ഞങ്ങൾ എല്ലാവരും വളരെ സ്നേഹത്തോടായിരുന്നു കഴിഞ്ഞിരുന്നത്. കുടുംബശ്രീ രൂപീകരിച്ച് 6 മാസം കഴിഞ്ഞപ്പോൾ എന്റെ സംഘത്തിനെ ഗ്രേഡു ചെയ്തു. ആദ്യത്തെ ലിങ്കേജ്ലോൺ എടുത്ത് ഞങ്ങൾ നെൽകൃഷി ചെയ്തു. അതുവരെയും കത്തിന്റെ വരമ്പിൽപോലും ചെല്ലാത്ത ഞാൻ കൃഷിചെയ്യുന്നതിന് മുന്നിട്ടിറങ്ങി. ഭാഗ്യം എന്നല്ലാതെ എന്തുപറയാൻ അന്ന് കുറ്റൂർ ഗ്രാമപഞ്ചായത്തിൽ ഏറ്റവും നല്ല കൃഷി ഞങ്ങളുടേതായിരുന്നു. ഞങ്ങള ളുടെ ഫോട്ടോ പത്രത്തിൽ വന്നു. ഇത് എന്റെ കുടുംബശ്രീജീവിതത്തിലെ മറക്കാൻ പറ്റാത്ത അനുഭവമായിരുന്നു. പിന്നീട് ചിങ്ങം ഒന്നിന് കർഷകരെ ആദരിക്കുന്ന ചടങ്ങിൽവെച്ച് എം.എൽ.എ.എന്നെ പൊന്നാട അണിയിച്ചു. പിന്നീട് ഞാൻ എ.ഡി.എസ്. ന്റെ പ്രസിഡന്റായി. ഇങ്ങനെ എ.ഡി.എസ്.എ. പ്രവർത്തിച്ച് വരവെ ആശ്രയഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന വിവരം ചെയർപേഴ്സൺ അറിയിച്ചതനുസരിച്ച് ഏറ്റവും അർഹതപ്പെട്ട ആളുകളെതന്നെ അതിൽ ഉൾപ്പെടുത്താൻ സാധിച്ചു. ഇക്കാലമത്രയും കുടുംബശ്രീയിൽ ഞാൻ പ്രവർത്തിക്കുന്നതിൽ എന്റെ ഭർത്താവ് എനിക്ക് അനുകൂലമായിരുന്നു. അങ്ങനെ ഞാൻ പിന്നീട് സി.ഡി.എസ്. ചെയർപെഴ്സണായി മൽസരിക്കുകയും ഐക്യകണ്ഠേന തെരഞ്ഞെടുക്കുകയും ചെയ്തു. അതോടുകൂടി എനിക്ക് ഏത് സ്റ്റേജിലും രുവാക്കുപറയുവാൻ കൂടുതൽ ഉത്തേജനം ലഭിക്കുകയും ചെയ്തു. ഒരുപാടു സ്ത്രീകളെ കുടുംബശ്രീയിലേക്ക് കൊുവരാനും സാധിച്ചു. സ്ത്രീകളായ ഞങ്ങൾ 3 വർഷമായി അടുപ്പിച്ച് ഓണച്ചന്ത, ക്രിസ്തുമസ് ചന്ത എന്നിവ നടത്തി അതിൽ നിന്നും വരുമാനം കത്തെുവാൻ സാധിച്ചു. അതുപോലെതന്നെ എന്റെ വാർഡിൽ ആശ്രയകുടുംബത്തിൽപെട്ട ഒരു മാനസികരോഗിയായ അമ്മിണി എന്ന വ്യക്തിക്ക് റേഷൻകാർഡില്ലാത്തതിനാൽ അരിയും എല്ലാമാസവും കൊടുക്കുന്ന പോഷകാഹാരകിറ്റും ഞാൻ നേരിട്ട് കൊുകൊടുക്കുന്നു. എല്ലാമാസവും എന്നെ പ്രതീക്ഷിച്ച് ആ വ്യക്തി ഇരിക്കും. ഈ സാധനം അവിടെ എത്തിച്ച് കഴിയുമ്പോൾ എന്തോ ഒരു സംതൃപ്തി എനിക്ക് അനുഭവപ്പെടുന്നു. ഇത് എന്റെ ജീവിതത്തിലെ മറക്കാൻപറ്റാത്ത അനുഭവങ്ങളാണ്. അങ്ങനെ 3 വർഷം കടന്നുപോയി. രാമത്തെ തവണയും എന്റെ വാർഡിലെ നല്ലവരായ എന്റെ കുടുംബശ്രീ പ്രവർത്തകർ എന്നെ സി.ഡി.എസ്. ആയി തിരഞ്ഞെടുക്കുകയും, പിന്നെയും ചെയർപെഴ്സണാകുകയും ചെയ്തു. രാംതവണ ചെയർപേഴ്സണായപ്പോൾ എന്റെ കുടുബശ്രീ പ്രവർത്തകർ എല്ലാ വാർഡിലും എന്നെ അനുമോദിക്കുന്ന ചടങ്ങ് നടത്തി. വെറുതെ ഒരു വാക്കിലല്ല അനുമോദിച്ചത്. നോട്ടുമാലകളും, സാരികൾ, ചുരിദാറുകൾ, പൊന്നാട, ബൊക്കകൾ, മാലകൾ ഇതെല്ലാം എന്റെ പ്രവർത്തകരുടെ സന്തോഷംകൊ് എനിക്ക് ഉപഹാരമായിത്തന്നു. ഇതെല്ലാം എന്റെ കുടുംബശ്രീയിലെ മറക്കാൻ പറ്റാത്ത അനുഭവമാണ്. എന്റെ എല്ലാ ആവശ്യങ്ങൾക്കും ഞാൻ കുടുംബശ്രീയിൽ നിന്നാണ് രൂപാ പലിശക്ക് എടുക്കുന്നത്. ഇപ്പോൾ രലക്ഷം രാപൂ എന്റെ കുടുംബശ്രീയ്ക്ക് ലഭ്യമാക്കുവാൻ എനിക്ക് സാധിച്ചു. അതുപയോഗിച്ച് ഞങ്ങൾ ബിസിനസ്സ് നടത്തുന്നു. ഇത്രയും നാളും ഭർത്താവിന്റെ പോക്കറ്റിൽ നിന്നും പൈസ എടുത്തുകൊിരുന്ന ഞങ്ങൾക്ക് സ്വന്തമായിട്ട് രൂപാ കൈകാര്യം ചെയ്യാനുള്ള ഭാഗ്യം ഒത്തത് കുടുംബശ്രീകൊു മാത്രമാണ്. ഒരു പാടു കുടുംബശ്രീ ഗ്രൂപ്പുകൾക്ക് ആടുവളർത്തലി

ലൂടെ വരുമാനം കത്തെുവാൻ സാധഇച്ചു. ഞങ്ങൾക്ക് സ്വന്തമായിട്ട് ബാങ്ക് അക്കൗ ഉായതു പോലും കുടുംബശ്രീ ഒന്നുകൊുമാത്രമാണ്. ഞാൻ ഈ രംഗത്ത് വന്നതുകൊ് ഒരുപാട് നല്ല ആളുകളുമായി അടുത്തിടപഴകാൻ സാധിച്ചു. തൊഴിലിടങ്ങളിൽ സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ, ആരോഗ്യപരമായ പ്രശ്നങ്ങൾ ഇവ ചർച്ച ചെയ്യുന്ന സ്ത്രീയും തൊഴിലും, സ്ത്രീയും ആരോഗ്യവും മുതലായ പ്രസിദ്ധീകരണങ്ങൾ കാണുവാനും അവ പഠിക്കുവാനും പറ്റിയത് കുടുംബശ്രീയിൽ അംഗമായതുകൊുമാത്രമാണ്. സ്ത്രീകളുടെ ഉന്നമനത്തിനുവേി പ്രവർത്തിക്കുന്ന കുടുംബശ്രീപോലെ ശക്തമായ ഒരു സംഘടന വേറേ ഇല്ല. അതിനാൽ നമ്മുടെ കുടുംബശ്രീ പ്രസ്ഥആനം കൂടുതൽ പ്രവർത്തനങ്ങുമായി മുൻപോട്ട് പോകുവാനും, ഈ പ്രസ്ഥാനത്തിലേക്ക് ഒരുപാടു സ്ത്രീകളെക്കൂടി ചേർക്കുവാനും, മറ്റുള്ളവർക്ക് പ്രയോജനം ഉാകത്തക്കരീതിയിൽ നമ്മുടെ പ്രവർത്തനങ്ങൾ ശക്തമാക്കുവാൻ ഈശ്വരൻ അനുഗ്രഹിക്കട്ടെ എന്ന് എന്ന് ആശംസിച്ചുകൊ് നിർത്തുന്നു.

സിന്ധുലാൽ

സി.ഡി.എസ്. ചെയർപേഴ്സൺ

കുറ്റൂർ ഗ്രാമപഞ്ചായത്ത്

## 4. കുടുംബശ്രീ എന്റെ ഉറ്റമിത്രം

എന്റെ പേര് അമ്പിളി.ഡി. നായർ പത്തനംതിട്ട നഗരസഭ 20–ാം വാർഡിലെ ദിവ്യ കുടുബശ്രീ അയൽകൂട്ടാംഗവും, ദിവ്യ ബാഗ് യൂണിറ്റിലെ ഒരു അംഗവും കൂടിയാണ്.

ഞാൻ അയൽകൂട്ടാംഗമായിട്ട് ഒരു വർഷം മാത്രമേ ആയിട്ടുള്ളു. ഈ ഒരു വർഷത്തിനിടയിൽ എന്റെയും, എന്റെ ഒപ്പമുള്ള 12 പേരുടേയും ജീവിതത്തിന്റെ ഗതി മാറ്റിമറിക്കുന്നതിനും, വളർച്ചയുടെ പടവുകൾ താുന്നതിനും കുടുംബശ്രീ നിമിത്തമായതും ഞാൻ എന്റെ അനുഭവത്തിൽ കുറിക്കുന്നു.

അല്പസ്വല്പം സാമൂഹിക പ്രവർത്തനവുമായി കഴിഞ്ഞു കൂടിയിരുന്ന ഒരു വീട്ടമ്മയായിരുന്നു ഞാൻ. നാലഞ്ചു വർഷങ്ങൾക്കു മുമ്പ് ജനമിത്രയുടെ ആഭിമുഖ്യത്തിൽ സ്റ്റെഡ് പ്രോജക്ട് നടപ്പിലാക്കുന്ന ബാഗ് നിർമ്മാണത്തിന്റെ പരിശീലനത്തിൽ ഞാൻ പങ്കെടുക്കുകയും, ആ പരിശീലന പരിപാടിയിൽ നിന്നും എനിക്കു തോന്നി എന്റെ ചുറ്റുവട്ടത്തുള്ള നാലഞ്ച് സ്ത്രീകളെ ഉൾപ്പെടുത്തി അവർക്ക് ബാഗ് ഉാക്കുന്നവിധം പഠിപ്പിച്ച് ചെറിയ തോതിൽ ഒരു സംരംഭം തുടങ്ങാമെന്ന്.

അങ്ങനെ എന്റെ നേതൃത്വത്തിൽ കുമ്പഴയിൽ ഒരു റൂം വാടകയ്ക്കെടുത്ത് തുണി സഞ്ചികൾ നിർമ്മിച്ച് തുടങ്ങി. ആരംഭഘട്ടത്തിൽ ഞങ്ങളെ സഹായിക്കുവാൻ ആരും ഉായിരുന്നില്ല. കടകൾതോറും ഓർഡറുകൾക്കുവേി കയറി ഇറങ്ങി. ഞാനുൾപ്പെടെയുള്ള 10 സ്ത്രീകൾക്ക് മാസം 500 രൂപ വീതംപോലും വരുമാനം കിട്ടാത്ത അവസ്ഥ. അങ്ങനെയിരുന്ന

പ്പോഴാണ് ഞാൻ അറിഞ്ഞത് കുടുംബശ്രീ അയൽക്കൂട്ടത്തിൽ അംഗമായിക്കൊ് സ്വയം തൊഴിലിന് അപേക്ഷിച്ചാൽ കുറച്ചൊക്കെ എന്റെ സംരംഭം മുൻപോട്ട് കൊുപോകാമെന്ന്.

ഞാൻ എന്റെ യൂണിറ്റിലുള്ള അംഗങ്ങളെയും, എന്റെ വീടിനു സമീപമുള്ള ചില സ്ത്രീകളേയും ഉൾപ്പെടുത്തിക്കൊ് ഒരു അയൽക്കൂട്ടം രൂപീകരിക്കുന്ന കാര്യം ആലോചിക്കുകയും, ഞങ്ങളുടെ താൽപര്യം സി.ഡി.എസിൽ അറിയിക്കുകയും, ആയതിന്റെ ഭാഗമായി ഞങ്ങൾക്ക് കഴിഞ്ഞ വർഷം ദിവ്യ കുടുംബശ്രീ എന്ന പേരിൽ അയൽക്കൂട്ടം രൂപീകരിച്ച് തരുകയും ചെയ്തു. ആ വർഷം തന്നെ ഞാൻ ഉൾപ്പെടെ അഞ്ചുപേർ ഏഛഠ, ഋഉജ, ടസശഹഹ തുടങ്ങിയ സ്വയം തൊഴിലിനുള്ള പരിശീലനത്തിൽ പങ്കെടുക്കുകയും 5 ലക്ഷം രൂപ കാനറാ ബാങ്കിൽ നിന്നും ലോൺ ഇനത്തിൽ ലഭിക്കുകയും ചെയ്തു. 1,75,000/- രൂപ സബ്സിഡി ഇനത്തിൽ സി.ഡി.എസിൽ നിന്നും ഞങ്ങളുടെ ദിവ്യ യൂണിറ്റിന് ലഭിക്കുകയും ചെയ്തു.

കുടുംബശ്രീ സംരംഭമായി ദിവ്യ ബാഗ് യൂണിറ്റ് മാറിയതിനുശേഷം ഞങ്ങളുടെ വളർച്ച അതിവേഗത്തിലായിരുന്നു. കുടുംബശ്രീ മുഖാന്തിരം ഞങ്ങൾക്ക് ഓർഡറുകൾ ലഭിച്ച് തുടങ്ങി. പത്തനംതിട്ടയിലെ എല്ലാ ജൂവലറികളിലും എറണാകുളം ജയലക്ഷ്മി സിൽക്കിന്റെ എല്ലാ ശാഖകളിലേക്കും ആവശ്യമായ ബാഗുകൾ നിർമ്മിച്ചു നൽകി. പതുക്കെ പതുക്കെ ഞങ്ങളുടെ സ്ഥാപനം പ്രശസ്തിയിലേക്ക് കുതിക്കാനും തുടങ്ങി മാസം 500/- രൂപ വരുമാനം എടുക്കുവാൻ കഴിയാതിരുന്ന ഞങ്ങളുടെ ജീവിത നിലവാരത്തിൽ മാറ്റം വന്നു തുടങ്ങി. ഇന്ന് ഞങ്ങൾക്ക് ചെയ്തു തീർക്കുവാൻ കഴിയാത്ത തരത്തിലുള്ള ഓർഡറുകൾ ആണ് ലഭിച്ചുകൊിരിക്കുന്നത്.

വേൾഡ് മലയാളി അസോസിയേഷന്റെ ആവശ്യപ്രകാരം, ജർമ്മനി, ജപ്പാൻ, സിംഗപ്പൂർ എന്നീ വിദേശരാജ്യങ്ങളിലേക്കു പോലും ഞങ്ങളുടെ ബാഗുകൾ കയറ്റുമതി ചെയ്യപ്പെടുന്നു.എത്ര ഓർഡറുകൾ ലഭിച്ചാലും കൃത്യസമയത്തു തന്നെ ഞങ്ങൾ ബാഗുകൾ നിർമ്മിച്ചു നൽകുന്നു. യൂണിറ്റ് അംഗങ്ങൾ ഓരോ ദിവസവും ഓരോ തരത്തിലുള്ള യൂണിഫോമിലാണ് ജോലി ചെയ്യുന്നത്. ഉച്ചഭക്ഷണത്തിനുശേഷം അരമണിക്കൂർ നേരം യൂണിറ്റ് അംഗങ്ങൾ ഒത്തുകൂടി പ്രവർത്തന വിഷയങ്ങൾ ചർച്ച ചെയ്യുന്നു. വൈകുന്നേരം യോഗ, സത്സംഗ് തുടങ്ങിയ ആരോഗ്യ പ്രവർത്തനങ്ങളും നടത്തുന്നു.

ഇന്ന് ഞങ്ങളുടെ യൂണിറ്റ് അംഗങ്ങൾ കുടുംബശ്രീ, ജനശ്രീ, ടആഠ, കഛആ, ടഠഋഉ ജനമിത്ര രാമകൃഷ്ണമിഷൻ തുടങ്ങിയ സ്ഥാപനങ്ങൾക്കൊക്കെയും ബാഗ് നിർമ്മാണത്തിനാവശ്യമായ പരിശീലനം നൽകിവരുന്നു.കൂടാതെ ഞങ്ങളുടെ ലാഭ വിഹിതത്തിൽ നിന്നും എല്ലാവർഷവും, പാവം പിടിച്ച കുട്ടികൾക്കും അട്ടപ്പാടി പോലെയുള്ള ആദിവാസി കോളനികളിലും സൗജന്യ ബാഗ് വിതരണം നടത്തി വരുന്നു.

ഇപ്പോൾ ഞങ്ങൾ ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ ആവശ്യപ്രകാരം പതിനായിരം ബാഗ് നിർമ്മിച്ച് നൽകുന്ന പണിപ്പുരയിലാണ്.ഇന്ന് ഞാൻ പുറകോട്ട് തിരിഞ്ഞു നോക്കുമ്പോൾ എന്റെയും, എന്റെ ഒപ്പമുള്ളവരുടേയും ജീവിതത്തിൽ സന്തോഷത്തിന്റെ ഒരു പൂക്കാലം വിരിയിച്ചത് കുടുംബശ്രീ എന്ന പ്രസ്ഥാനം ഒന്നു മാത്രമാണ്. ഞങ്ങൾ ഈ പ്രസ്ഥാനത്തോട്, ഇതിന്റെ പ്രവർത്തകരോട് എന്നും കടപ്പെട്ടിരിക്കുന്നു.

# 5. കുടുംബശ്രീ എന്നെ എന്താക്കി?

നല്ലൊരു കുടുംബിനി ആകാൻ കഴിഞ്ഞതാണ് കുടുംബശ്രീയിൽ വന്നതിനുശേഷം എനിക്കുായ മാറ്റം. കാരണം കുറഞ്ഞ വരുമാനത്തിലും ഒരു കുടുംബം എങ്ങനെ മുന്നോട്ടു കൊുപോകാമെന്നുള്ള പാഠം കുടുംബശ്രീയിൽ നിന്നാണ് ഉൾക്കൊള്ളുവാൻ കഴിഞ്ഞത്. സാധാരണക്കാരായ എന്നെപ്പോലുള്ള ആളുകൾക്ക് ആത്മവിശ്വാസവും പ്രതീക്ഷയും വർദ്ധിപ്പിക്കുവാൻ കുടുംബശ്രീ മുഖേന കഴിഞ്ഞു.

ഒന്നാമത്തെ നേട്ടം സമ്പാദ്യശീലം വളർത്തുവാൻ കഴിഞ്ഞു എന്നുള്ളതാണ്. സ്ത്രീശാക്തീകരണത്തിന്റെ അന്ത:സത്ത ഏറ്റെടുത്ത് എത്രത്തോളം ഒരു സ്ത്രീക്ക് പ്രവർത്തിക്കുവാൻ കഴിയുമെന്ന് പഠിപ്പിച്ചത് കുടുംബശ്രീയാണ്. അടുക്കളയിൽ ഒതുങ്ങിക്കൂടിയിരുന്ന, ഇത് മറ്റുള്ളവരെ അഭിമുഖീകരിക്കുവാൻ മടിച്ചിരുന്ന,ഒന്നിനും ഒരു ആത്മവിശ്വാസം തോന്നാതിരുന്ന കാലയളവിൽ കുടുബശ്രീ കൂട്ടായ്മയിലൂടെ അതൊക്കെ നേടിയെടുക്കുവാൻ സാധിച്ചു. വർദ്ധിച്ച പങ്കാളിത്ത മനോഭാവം ലഭിക്കുവാൻ കഴിഞ്ഞു. മറ്റുള്ളവരുടെ ദു:ഖത്തിൽ പങ്കുചേരുവാനും സഹായിക്കാനുമുള്ള മനസ്സ് നേടാൻ കഴിഞ്ഞു. സമൂഹത്തിലെ ദുഷിച്ച പ്രവർത്തനങ്ങൾക്കെതിരെ ശബ്ദമുയർത്തുവാൻ വേ കരുത്ത് പകർന്നത് കുടുംബശ്രീയാണ്. സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളിൽ പേടികൂടാതെ കയറിച്ചെല്ലുവാൽ പ്രാപ്തരാക്കിയത് കുടുംബശ്രീയാണ്. ഒരു കാലത്ത് പേടിസ്വപ്നമായിരുന്ന ബാങ്ക്, പഞ്ചായത്ത് ആഫീസുകൾ, വില്ലേജാഫീസുകൾ, താലൂക്കാഫീസുകൾ, പോലീസ് സ്റ്റേഷൻ ഇവിടെയൊക്കെ പേടികൂടാതെ കയറിച്ചെന്ന് കാര്യങ്ങൾ സാധിച്ചെടുക്കുവാൻ കുടുംബശ്രീ നൽകിയ നേട്ടം എടുത്തുപറയാത വയ്യ. എ.റ്റി.എം. കാർഡ് സാധാരണ ജനങ്ങൾക്ക് അവകാശമായി കിട്ടിയത് കുടുംബശ്രീ മുഖേനയല്ലേ? കൂട്ടായ്മബന്ധം ഊട്ടിയുറപ്പിക്കുവാൻ പഠിപ്പിച്ചത് കുടുംബശ്രീയാണ്. അടുത്തടുത്ത ഭവനങ്ങളിൽ താമസിച്ചിരുന്ന പരസ്പരബന്ധമില്ലാതിരുന്ന കുടുംബങ്ങൾ ഇന്ന് ഓരോ ഭവനത്തിലെയും അവസ്ഥകൾ സ്വയം മനസ്സിലാക്കി തക്കസമയത്ത് വേ സഹായങ്ങൾ നൽകുവാൻ സാധിക്കുന്നത് കുടുംബശ്രീ മുഖേനയാണ്. ആയിരമോ രായിരമോ വേണമെങ്കിൽ അടുത്ത വീട്ടിലെ പിന്നാമ്പുറത്ത് പോയി കാത്തുനിൽക്കേ ഗതികേട് ഇന്നില്ല. കോടികൾ വായ്പ കൊടുക്കുവാനും വാങ്ങുവാനും പ്രാപ്തരാക്കിയ നേട്ടം അപാരമല്ലേ?

ഉദ്യോഗസ്ഥ മേധാവിത്വം തട്ടിത്തെറിപ്പിക്കുവാൻ ഈ പ്രവർത്തനങ്ങൾ കൊ് സാധിച്ചു. കുടുംബശ്രീയുടെ ആദ്യത്തെ മീറ്റിംഗ് കൂടുവാൻ പഞ്ചായത്തിലെത്തിയ അനുഭവം ഞനൊരിക്കലും മറക്കില്ല. സി.ഡി.എസ്. ചെയർപേഴ്സണായി സ്ഥാനമേറ്റ് ഞാനും സി.ഡി.എസ്.കാരും കൂടി ആദ്യം മീറ്റിംഗ് കൂടുവാൻ എത്തിയ പഞ്ചായത്തിൽ ഞങ്ങൾക്ക് ഒരു ഇരിപ്പിടവും കിട്ടിയില്ല. കുറേനേരത്തെ കാത്തിരിപ്പിനുശേഷം ലഭിച്ച സ്ഥലത്തിൽ ഇരുന്ന് അസഹനീയമായ ചൂട് നിമിത്തം പഞ്ചായത്തിലെ ഫാൻ ഇട്ടപ്പോൾ ഉായ തിക്താനുഭവം ഒരിക്കവും മറക്കാൻ പറ്റില്ല. എന്നാൽ ഇന്നത്തെ അവസ്ഥയോ? പലപ്പോഴും പഞ്ചായത്താഫീസിന്റെ പുറത്തെ സ്റ്റെപ്പിൽ ഇരുന്ന് മീറ്റിംഗ് കൂടി പിരിഞ്ഞുപോയിട്ടു്. പക്ഷേ അവിടെയൊന്നും തളരുവാൻ ഇടവരുത്താതെ പുതിയൊരു ദിശാബോധത്തോടെ ഈ കൂട്ടായ്മ കൊു നടക്കുവാൻ സാധിച്ചു. ഓരോ സ്ഥലത്തുംപോയി ഒരുപാട് അനുഭവങ്ങൾ കേൾക്കുവാൻ സാധിച്ചു. ആത്മഹത്യയി

ലേക്ക് കാലൂന്നിയിരുന്ന കടംവീട്ടുവാൻ വഴിയില്ലാത്തവർക്ക് മാർഗ്ഗം കാണിച്ചുകൊടുത്ത് ആത്മ വിശ്വാസത്തിലേക്ക് വളർത്തിയെടുക്കുവാൻ സാധിച്ചു. കൂട്ടായ പ്രവർത്തനങ്ങൾക്കുവേി സബ്സിഡി ആനുകൂല്യങ്ങൾ നേടിയെടുക്കുവാൻ സാധിച്ചു. ബോധവത്ക്കരണ ക്ളാസ്സുകൾ നടത്തി....

സൂസൻ മാത്യൂ,
ധന്യാ കുടുംബശ്രീ, സൈലന്റ് വാലി,

## 6. കൈത്താങ്ങായ് എന്നും

അനുപമ കുടുംബശ്രീ, വാർഡ് 17

എന്റെ പേര് ഓമന സന്തോഷ്, കുടുംബിനി, മൂന്നു മക്കൾ, രാണും ഒരു പെണ്ണും. കീഴ് വായ്പൂർ സ്ഥലവാസി, ഭർത്താവും അടുത്തുള്ള ആൾതന്നെ, മിശ്രവിവിതർ. മിശ്രവിവാഹിതരെ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ എല്ലാം തന്നെ എനിക്കുമുായിരുന്നു. പണത്തിന് ബുദ്ധിമുട്ട്, മറ്റു പ്രശ്നങ്ങൾ എല്ലാം തന്നെ ഞാൻ അനുഭവിച്ചു.

2002 സെപ്റ്റംബർ മാസമാണ് ഞാൻ കുടുംബശ്രീയിൽ അംഗമാകുന്നത്. ആദ്യമൊക്കെ ഭർത്താവിന് വീടിനോട് ഉത്തരവാദിത്വമുായിരുന്നു. മക്കൾ മൂന്നുപേർ ആയപ്പോഴേക്കും മദ്യ പാനം കലശലായി. കുടുംബശ്രീയിൽ ചേർന്നതിന് ശേഷം ഞങ്ങൾ ചെറിയ തോതിൽ കച്ചവടം തുടങ്ങി. ഏതെങ്കിലും ഒരു അംഗത്തിന്റെ ഭവനത്തിൽവെച്ച് പലഹാരങ്ങൾ, അച്ചാർ, അരിപ്പൊടി, പുട്ടുപൊടി, ഇഡ്ഡലിപ്പൊടി എന്നിവ നിർമ്മിച്ച് മൂന്നുപേർ കൂടി വിതരണം നടത്തി. വലിയ ലാഭം ഒന്നും ഉായിരുന്നില്ല എങ്കിലും കുറച്ചുനാൾ ബിസിനസ്സ് നടത്തി. പിന്നീട് ഞാൻ ലേബർ ഇൻഡ്യയുടെ ഡെവലപ്മെന്റ് ഓഫീസറായി രുവർഷത്തോളം പ്രവർത്തിച്ചു. കുട്ടികൾ വളർന്നു വരുന്തോറും ചെലവും വർദ്ധിച്ചു. കുട്ടികൾക്ക് മിക്കവാറും അസുഖമായി ആശുപത്രിയിൽ അഡ്മിറ്റായിരിക്കും . ആരോടെങ്കിലും നൂറ് രൂപ കടം വാങ്ങിയാൽ തിരികെ കൊടുക്കാൻ കഴി യാത്ത അവസ്ഥ. കടം തരാൻ സമൂഹം മടിച്ചു. ആദ്യത്തെ കുട്ടി പെണ്ണായതിനാൽ ഏതൊരമ്മ യേയുംപോലെ എന്റെ മനസ്സും പിടിച്ചുകൊിരുന്നു. എല്ലാം ഞാൻ ഈശ്രനിൽ അർപ്പിച്ചു. ഈശ്വരൻ പണമായി നമുക്ക് തരില്ലല്ലോ. നമ്മൾ പ്രവർത്തിച്ചാലല്ലേ പണം ലഭിക്കൂ.

അങ്ങനെയിരിക്കെ ഒരു സുപ്രഭാതത്തിൽ അന്നത്തെ മല്ലപ്പള്ളി കുടുംബശ്രീ ചെയർപേ ഴ്സൺ ശ്രീമതി. അമ്മുകു ട്ടി സോമൻ എന്നെ ഫോണിൽ (വീട്ടിൽ ഫോണില്ല, അടുത്തുള്ള വീട്ടിലെ ഫോണിൽ) വിളിച്ചു. ഓമന രാവിലെ കുടുംബശ്രീ ഓഫീസിൽവരണം എന്നു പറഞ്ഞു കുട്ടികൾക്ക് പോഷകാഹാരം ഉാക്കുന്നതിന്റെ ട്രെയിനിംഗ് കൊല്ലത്ത് പോകണം നിങ്ങളുടെ അയൽക്കൂട്ടത്തിൽ താല്പര്യമുള്ളവരോടും പറയണം എന്നു പറഞ്ഞു. ഞാൻ കുടുംബശ്രീ യുടെ സെക്രട്ടറി എന്ന നിലയിൽ അയൽക്കൂട്ടത്തിൽ പറഞ്ഞു. കൂടെ എന്റെ ഭർത്താവിനോടും

പറഞ്ഞു. ഞാൻ പൊയ്ക്കോട്ടേ എന്നു ചോദിച്ചു. അന്ന് എന്റെ ഇളയമകന് നാലു വയസ്സ് ആയിട്ടില്ല. എന്റെ വീട്ടിൽ മക്കളായി ഞാൻ മാത്രമേയുള്ളൂ. സഹോദരങ്ങളില്ല എന്റെ അച്ഛൻ മരിച്ചിട്ട് അന്ന് രുവർഷം ആകുന്നതേയുള്ളൂ. കുഞ്ഞുങ്ങളെ ഏല്പിച്ചിട്ട് പോകാൻ ആരുമില്ല. ഭർത്താവ് പറഞ്ഞു ഒരാഴ്ച താമസിച്ചുള്ള ട്രെയിനിംഗിനൊന്നും പോക എന്ന്. അതുകൊ് ആദ്യത്തെ ബാച്ച് മല്ലപ്പള്ളിയിൽ നിന്നും പോയപ്പോൾ ഞആൻ പോയില്ല.

മല്ലപ്പള്ളി ചെയർപേഴ്സൺ ശ്രീമതി. അമ്മുക്കുട്ടി സോമനുമായി കുടുംബശ്രീ വഴിയുള്ള ബന്ധമല്ല എനിക്കുായിരുന്നത്. ചേച്ചിയുടെ ചേട്ടന്റെ മകൾ സ്കൂൾ, കോളേജ് തലത്തിൽ ഏറ്റവും അടുത്ത കൂട്ടുകാരി ആയിരുന്നു. ഈ ട്രെയിനിംഗ് പോയാൽ ഭാവിയിൽ പ്രയോജനം ഉാകുമെന്ന് ചേച്ചി മുൻകൂട്ടി ക് അമ്മുകുട്ടി ചേച്ചിയും അന്നത്തെ ഞങ്ങളുടെ വാർഡ് എ.ഡി.എ സ്. മെമ്പർ ശ്രീമതി. ലീലാമ്മ രാജനും കൂടി എന്റെ ഭവനത്തിൽ വന്ന് ഭർത്താവിനോട് നിർബ ന്ധിച്ച് പറഞ്ഞു. എന്തു കഷ്ടം സഹിച്ചാണെങ്കിലും സന്തോഷ് ഓമനയെ ട്രെയിനിംഗിന് വിടണം എന്നു പറഞ്ഞു.

അങ്ങനെ 2006–ൽ ഒരു സുപ്രഭാതം പൊട്ടിവിരിയാൻ തുടങ്ങിയപ്പോൾ തന്നെ ഞങ്ങൾ നാലുപേർ, ഞാൻ, സിന്ധു മോനിച്ചൻ, ശ്യാമള ശശിധരൻ, സുദർശൻ എന്നിവർ മല്ലപ്പള്ളിയിൽ എത്തുകയും അമ്മുക്കുട്ടി ചേച്ചിയും ഒത്ത് കൊല്ലം കരുനാഗപ്പളഅളിയിൽ തഴവ എന്ന സ്ഥലത്ത് പതിനൊന്നരയോടെ ട്രെയിനിംഗ് സെന്ററിൽ എത്തുകയും ചെയ്തു. ആ നിമിഷം ഓർക്കുമ്പോൾ എന്നും ഞാൻ ദൈവത്തോട് നന്ദി പറയും. കൂടെ എന്നെ അതിനു പ്രേരിപ്പിച്ച അമ്മുക്കുട്ടി ചേച്ചിക്കും ലീലാമ്മ രാജനും.

ട്രെയിനിംഗ് കഴിഞ്ഞ് വന്നതിനുശേഷം ഞാൻ കേൾക്കാത്ത അപവാദങ്ങളില്ല. എല്ലാം നല്ലതിന് എന്ന് ഞാൻ വിശ്വസിച്ചു. 2006 ൽ തന്നെ ഞങ്ങൾ ലോണിനായും യൂണിറ്റ് തുടങ്ങുന്ന തിന് സ്ഥലത്തിനായും കുടുംബശ്രീ ഓഫീസും പഞ്ചായത്തും ബാങ്കുകളും കയറിയിറങ്ങി. എന്തിനും കൂടെ അന്നത്തെ പത്തനംതിട്ട കുടുംബശ്രീ ഡി.എം.സി. പത്മകുമാർ സാറും അമ്മു ക്കുട്ടി ചേച്ചിയും ഉായിരുന്നു. പത്മകുമാർ സാറഇന്റെ ഇടപെടൽ മൂലം മല്ലപ്പള്ളി യൂണിയൻ ബാങ്കിൽ നിന്നും നാലു ലക്ഷത്തി നാൽപതിനായിരം രൂപം ഒരു ലക്ഷം രൂപ സബ്സിഡിയോടു കൂടി അനുവദിച്ചു.

അവിടെയും പ്രശ്നം തീരുന്നില്ല. ഞങ്ങൾക്ക് പ്രൊഡക്ഷൻ യൂണിറ്റ് തുടങ്ങാൻ അനു യോജ്യമായ സ്ഥലം ലഭിച്ചില്ല. പഞ്ചായത്തിലെ പ്രസിഡന്റ് ശ്രീ.കുരുവിള ജോർജ്ജ്, വാർഡ് മെമ്പർമാർ, ചെയർപേഴ്സൺ, ചാർജ്ജ് ഓഫൂസർ എന്നിവർ കൂടി കൊല്ലത്ത് കൊയിലോൺ കമ്പനിയിൽ നിന്നും പ്രൊഡക്ഷൻ മെഷനറികളും ഓർഡർ ചെയ്തു.

ഒടുവിൽ മല്ലപ്പള്ളി പഞ്ചായത്ത് പ്രസിഡന്റ് കുരുവിള ജോർജ്ജിന്റെ (ബേബിക്കു ട്ടിച്ചായൻ) ഭഗീരഥ പ്രയത്നം മൂലം കീഴ് വായ്പൂരുള്ള കല്ലുറുമ്പിൽ തമ്പിച്ചായന്റെ കെട്ടിടം ഞങ്ങൾക്ക് പ്രവർത്തിക്കുവാൻ ലഭിച്ചു. അന്നത്തെ പഞ്ചായത്ത് ഭരണ സമിതിയിലുള്ള സാറാമ്മ മാത്യു. റെജി സാമുവേൽ, കെ.ജി. സാബു, എലിസബേത്ത് എന്നിവർ ഞങ്ങൾക്ക് പൂർണ്ണ പിൻതുണയേകിയവരാണ്.

2007 ഫെബ്രുവരി 8–ാം തീയതി ഞങ്ങൾ 10 പേർ ചേർന്ന് ഒരു ന്യൂട്രിമിക്സ് യൂണിറ്റ് അനുഗ്രഹ & തേജസ്സ് ന്യൂട്രിമിക്സ് യൂണിറ്റ്–ഡി.എം.സി. പത്മകുമാർ സാർ അനുഗ്രഹിച്ച് ആശീർവദിച്ച് നൽകിയ പേര് അനുഗ്രഹ, തേജസ് ഒന്നായി ചേർന്ന് അനുഗ്രഹ & തേജസ് ന്യൂട്രിമിക്സ് യൂണിറ്റിന്റെ ഔദ്യോഗിക ഉത്ഘാടനം നടക്കുകയാണ് അന്ന്. അംഗങ്ങൾ എല്ലാം യൂണിഫോമിൽ സാരിയും കോട്ടും തൊപ്പിയും ധരിച്ച് ആഹ്ലാദഭരിതരായി രാവിലെ തന്നെ എത്തിച്ചേർന്നു. ജോസഫ് എം. പുതുശ്ശേരി എം.എൽ.എ.. അഡ്വ.ജയവർമ്മ, പഞ്ചായത്ത് പ്രസിഡന്റ് കുരുവിള ജോർജ്ജ്, ഡി.എം.സി.പത്മകുമാർ, കുടുംബശ്രീ ചെയർപേഴ്സൺ അമ്മുക്കുട്ടി സോമൻ, ചാർജ്ജ് ഓഫീസർ രാജീവ്, മെമ്പർമാരായ സജി തേവരോട്ട്, കെ.ജി. സാബു, എന്നിവരെല്ലാം സന്നിഹിതരായിരുന്നു ആ ദിവ്യ മുഹൂർത്തത്തിന്.

അതിനുശേഷം മൂന്നുവർഷത്തോളം മല്ലപ്പള്ളിയിൽ കുടുംബശ്രീ പ്രവർത്തനം കാര്യക്ഷമമല്ലായിരുന്നു. പിന്നീടുവന്ന ഡി.എം.സി. ശ്രീ രാമചന്ദ്രൻ സാർ, ഡി.എം.സി.ജി. മുരുകൻ സാർ എന്നിവരുടെ ശ്രമഫലമായി കുടുംബശ്രീ വീും സജീവമായി പ്രവർത്തിക്കുന്നു. ഇപ്പോഴത്തെ ചെയർപേഴ്സൺ കൃഷ്ണമ്മ ചേച്ചി എല്ലാ കാര്യത്തിനും ഞങ്ങളോടൊപ്പമു്.

കുടുംബശ്രീയിൽ നിന്നും ഭവനശ്രീവഴി നാൽപ്പതിനായിരം രൂപ എനിക്ക് ലഭിച്ചു. അതിൽ പതിനായിരം രൂപ തിരികെ അടച്ചു. ആ സമയം ഇടതുപക്ഷ മന്ത്രസഭ ഭവനശ്രീ ലോൺ എഴുതിത്തള്ളി, അത് എനിക്ക് ഉപകാരമായി.

ഇന്ന് ഞങ്ങൾ നല്ല രീതിയിൽ മല്ലപ്പള്ളി പഞ്ചായത്തിൽ, മല്ലപ്പള്ളി ബ്ലോക്കിൽ തന്നെ ഏറ്റവും നന്നായി പ്രവർത്തിക്കുന്ന ഒരു കുടുംബശ്രീ പ്രസ്ഥാനമാണ്. പത്തനംതിട്ട ജില്ലയിൽ 9 ന്യൂട്രിമിക്സ് യൂണിറ്റുകൾ ു്. അഭിമാനിക്കത്തക്കവരുമാനവും ഞങ്ങൾക്ക് ലഭിക്കുന്നു. ഇന്ന് എനിക്ക് വേവലാതിയില്ല. എന്റെ മൂത്തമകൻ ഇപ്പോൾ ബി.കോം രാം വർഷം പഠിക്കുന്നു. ഒരു മകൻ ആറാം ക്ലാസ്സിലും പഠിക്കുന്നു. ഭർത്താവിന്റെ ഉത്തരവാദിത്വമില്ലായ്മയിൽ ആത്മഹത്യക്കുവരെ ശ്രമിച്ചവളാണ് ഞാൻ. ആ എന്നെ ഇത്രയുമാക്കിയ കുടുംബശ്രീ പ്രസ്ഥാനം എന്നെ സംബന്ധിച്ചിടത്തോളം ഈശ്വര തുല്യമാണ്. ഈശ്വരൻ എനിക്ക് കാണിച്ചുതന്ന ഈ മാർഗ്ഗം എത്രം വർണ്ണിച്ചാലും മതിവരില്ല. എനിക്കു മാത്രമല്ല എന്റെ കൂടെ ട്രെയിനിംഗ് വന്ന സിന്ധു മോനിച്ചൻ, ശ്യാമള ശശിധരൻ എന്നിവരും ഞങ്ങളുടെ യൂണിറ്റിൽ ു്. പ്രവർത്തന സമയത്ത് പത്തുപേർ ഉായിരുന്ന യൂണിറ്റിൽ നിന്നും ഒരാൾ ഗൾഫിൽ പോയതിനാൽ ഒൻപതുപേരെ ഇപ്പോൾ ഉള്ളൂ.

ഈ വർഷം കുടുംബശ്രീ മുഖേന പഞ്ചായത്തിൽ നിന്നും രുലക്ഷം രൂപയുടെ മെഷനറികൾ ഞങ്ങളുടെ യൂണിറ്റിന് ലഭിച്ചു. ഇപ്പോഴത്തെ പഞ്ചായത്ത് പ്രസിഡന്റ് എലിസബേത്ത് ജേക്കബ് ഞങ്ങളുടെ സുജ അമ്മാമ്മ എന്തു കാര്യത്തിനും ഞങ്ങളുടെ ഒപ്പമു്. ആ സ്നേഹം, ശാസനം ഞങ്ങൾ അനുഭവിച്ച് അറിയുന്നു.

ഇന്നു ഞാൻ അഭിമാനിക്കുന്നു. കുടുംബശ്രീയിൽ അംഗമായതിന്, നന്ദിയു്. കുടുംബശ്രീയില് അംഗമാകാൻ പ്രേരിപ്പിച്ചവരോട്, സഹോദരിമാരേ, നമ്മുടെ കഴിവുകളെ പ്രകടിപ്പിക്കുവാൻ നമ്മുടെ സഹകരണത്തെ സമൂഹത്തിന് മനസ്സിലാക്കി കൊടുക്കുവാൻ കുടുംബശ്രീയിൽ

പ്രവർത്തിക്കൂ. നാം സ്ത്രീകൾ ഒറ്റയല്ല, അബലയല്ല, അടുക്കള ചുമരുകൾക്കുള്ളിൽ മാത്രം തളച്ചിടാനുള്ളതല്ല സ്ത്രീ ജന്മ. പ്രവർത്തിക്കൂ... കുടുംബശ്രീയിലൂടെ തൊഴിലുകൾ ചെയ്യൂ.... നാം ഉയരും, വാനോളം....നാം നേടും, ചിന്തിക്കുന്നതെന്തും, കുടുംബശ്രീ വളരട്ടെ...അത് മരമായി, വൻവൃക്ഷമായി, പൂവിടട്ടെ..... മധുരമുള്ള ഫലങ്ങൾ ഉാവട്ടെ...ആശംസകൾ.

ഓമന സന്തോഷ്

## 7. എന്റെ കുടുംബശ്രീ അനുഭവങ്ങൾ

ജോമോൾ,
പരപ്പനാൽ,
പുതുക്കട.

ചിറ്റാർ പഞ്ചായത്തിലെ വയ്യാറ്റുപുഴ എന്ന കുടിയേറ്റ ഗ്രാമത്തിൽ ജനിച്ചു വളർന്ന ഞാൻ വയ്യാറ്റുപുഴയിലും പത്തനംതിട്ട ജില്ലയിലുമായി വിദ്യാഭ്യാസം പൂർത്തീകരിച്ചു. പൊതുവിൽ ജനവാസം കുറഞ്ഞ വനമേഖലയായിരുന്നതിനാൽ സാമൂഹികമായ പുരോഗതി അവിടെയില്ലായിരുന്നു. അതുകൊ് തന്നെ സാമൂഹിക ഇടപെടലുകൾക്കോ സന്നദ്ധപ്രവർത്തനമേഖലകളിലോ ഉൾപ്പെടുവാൻ അവസരം ലഭിച്ചില്ല. എന്നാൽ റാന്നി പെരുനാട് ഗ്രാമ പഞ്ചായത്തിലേക്ക് വിവാഹിതയായി വന്നപ്പോൾ തന്നെ കുടുംബശ്രീ യൂണിറ്റിൽ അംഗമാകാൻ അവസരം ലഭിച്ചു. ജീവിത്തിന്റെ വിവിധ മണ്ഡലങ്ങളിലേക്കുള്ള വാതായനം തുറക്കപ്പെടുകയായിരുന്നു അവിടെ. അച്ഛന്റേയും അമ്മയുടേയും പരിചരണത്തിൽ വളർന്ന് സ്വാശ്രയ കാഴ്ചപ്പാടുകൾ ഇല്ലാതെ അവരുടെ ചെല്ലക്കുട്ടിയായി വളർന്ന എനിക്ക് പൊടുന്നനെ കുടുംബിനിയായപ്പോൾ ഉായ പരിഭ്രമം സ്വാഭാവികമായി ഉാകാവുന്നതാണ്. എന്നാൽ ഗൃഹപ്രവേശം നടത്തിയതു തന്നെ കുടുംബശ്രീയിലേക്കായതിനാൽ എനിക്ക് തെല്ലും പരിഭ്രമം ഇല്ലായിരുന്നു. സാധാരണക്കാരായ തൊഴിലാഴി വർഗ്ഗത്തിന്റെ സ്നേഹ പിരലാളനങ്ങളിൽ എന്റെ ആത്മ വിശ്വാസം ദിനം പ്രതി വർദ്ധിച്ചു വന്നു. കുടുംബശ്രീയുമായി ബന്ധപ്പെട്ട ക്ളാസ്സുകളിലും പ്രാദേശികമായി നടക്കുന്ന ക്ളാസ്സുകളിലും നിരന്തരം പങ്കെടുക്കുവാൻഅവസരം ലഭിച്ചതുകൊ് കൂടുതൽ പഠിക്കുവാനും അറിയുവാനും സാധിച്ചു. ഇതു വളരെ പെട്ടന്നുതന്നെ ഈ പ്രസ്ഥാനത്തിന്റെ നേതൃനിരയിൽ എത്തുന്നതിന് ഹേതുവായി.

ശുചിത്വ പരിപാലനം തീരെ ഇല്ലാതിരുന്ന എസ്റ്റേറ്റ് ക്വാർട്ടേഴ്സിലായിരുന്നു താമസം. തൊഴിൽ മേഖലയിൽപണിയെടുക്കുന്ന വീട്ടമ്മമാരായിരുന്നു അധികവും എന്നതിനാൽ അവർക്കുതന്നെ ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിഞ്ഞിരുന്നില്ല.എന്നാൽ ചുറ്റുപാടുമുള്ള മൂന്നു കുടുംബശ്രീയിലേയും അംഗങ്ങളുടെ സംയുക്ത യോഗം വിളിച്ചു ചേർത്ത് പരിസര ശുചിത്വത്തെക്കുറിച്ച് ചർച്ച ചെയ്യുകയും തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് ഒരു മാർഗ്ഗരേഖ തയ്യാറാക്കുകയും ചെയ്തു. ഇക്കാര്യങ്ങൾ എസ്റ്റേറ്റു മാനേജ്മെന്റുമായി സംസാരിച്ചപ്പോൾ അടിയന്തിരമായി അവർ അഴുക്കുചാലുകളുടെ പുനരുദ്ധാരണം നടത്തി തന്നു. ഇത്

വൃത്തിയുള്ള പരിസരം എന്ന ആശയത്തിന് കൂടുതൽ സഹായകമായി. ഞാൻ എത്തിച്ചേർന്ന കുടുംബം പുരോഗമന ആശയക്കാരായിരുന്നതിനാൽ കുടുംബശ്രീ പ്രവർത്തനത്തിനുവേി എത്ര സമയം ചെലവഴിച്ചാലും യാതൊരു എതിർപ്പും ഇല്ലാതെ പരിപൂർണ്ണ പിന്തുണ നൽകി വരുന്നു. ഇത് ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളിൽ ആത്മാർത്ഥതയോടെ ഇടപെടുന്നതിനും പൂർത്തീകരിക്കുന്നതിനും സഹായകമാകുന്നു. കുടുംബശ്രീ പ്രവർത്തനത്തിലൂടെ കേവലം സാമ്പത്തിക ക്രയവിക്രയം മാത്രമല്ല അറിവിന്റെ സമ്പാദനവും വിതരണവും നടക്കേതുന്നെ പ്രവർത്തനാനുഭവത്തിലൂടെ എനിക്ക് ബോദ്ധ്യപ്പെട്ടു. അതുകൊ് തന്നെ തൊട്ടടുത്തുള്ള പെരുമൺ ലൈബ്രററിയിൽ നിന്നും പുസ്തകങ്ങൾ തെരഞ്ഞെടുത്ത് പഠിക്കുന്നതോടൊപ്പം സഹ കുടുംബശ്രീ അംഗങ്ങളേയും വായനയിലൂടെഅറിവിന്റെ ലോകത്തേക്ക് കൈപിടിച്ചുയർത്താൻ കഴിയുന്നു എന്നത് അനുഭവമായി ഞാൻ കരുതുന്നു. ഏഴു വർഷം മുമ്പ് ഞാൻ പെരുനാടിന്റെ മരുമകളായി എത്തിയപ്പോഴുള്ള അവസ്ഥയല്ല ഇന്ന് ഞങ്ങളുടെ പ്രദേശത്ത് ഉള്ളത്. സാമൂഹികവും സാമ്പത്തികവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ വൻമുന്നേറ്റമാണ് അവിടെ ഉായിട്ടുള്ളത്. കുറഞ്ഞ കാലത്തെ പ്രവർത്തനംകൊ് കുടുംബശ്രീ സെക്രട്ടറി, മെമ്പർ എന്നീ നിലകളിലൊക്കെ എന്നെ എത്തിച്ചത് കുടുംബശ്രീ പ്രവർത്തനമാണെന്നകാര്യത്തിൽ രു പക്ഷമില്ല.

എന്നെ ഞാനാക്കിയ എന്റെ സഹപ്രവർത്തകരെ എന്നോടൊപ്പം മുന്നേറാൻ സഹായിച്ച ഈ കുടുംബശ്രീ എന്ന മഹാ പ്രസ്ഥാനത്തോടുള്ള അകൈതവമായ നന്ദി അർപ്പിച്ചുകൊള്ളുന്നു. എന്റെ കുടുംബശ്രീ അനുഭവങ്ങൾ സമർപ്പിക്കുന്നു.

## 8. എന്നെന്നും ഓർമ്മിക്കാൻ

എന്റെ അനുഭവം സ്കൂൾ പഠനം കഴിഞ്ഞ് നിന്ന സമയത്ത് തയ്യൽ യൂണിറ്റിന്റെ ഒരു നീതി ഗാർഡൻസിൽ ജോലി കിട്ടി. 2 വർഷക്കാലം ജോലിക്ക് പോയി. ജോലി വേ എന്ന് വച്ച് നില്ക്കുമ്പോൾ എന്റെ വിവാഹം കഴിഞ്ഞു. വീട്ടുകാരുടെ എതിർപ്പ് ഉായിരുന്നിട്ടും ഞങ്ങൾ ഒരുമിച്ച് ജീവിക്കാൻ തീരുമാനിച്ച് വിവാഹിതരായി. അതിനുശേഷം വീട്ടമ്മയായി ഒതുങ്ങി വീട്ടിനുള്ളിൽ കഴിയുമ്പോഴാണ് കുടുംബശ്രീയെപ്പറ്റി അറിഞ്ഞത്. പിന്നെ അതിൽ ഒരംഗം ആയി പ്രവർത്തിച്ച് ഇപ്പോൾ എ.ഡി.എസ്. ആയി പ്രവർത്തിക്കുന്നു. കുടുംബശ്രീയിൽ വന്നതിനുശേഷം ചെറു സമ്പാദ്യങ്ങളും നല്ല ആൾക്കാരുമായി ഇടപെടാനും പൊതുവേദിയിൽ നിന്ന് സംസാരിക്കാനും സമൂഹത്തിൽ ഇറങ്ങി പ്രവർത്തിക്കുവാനും എല്ലാം കഴിഞ്ഞിട്ടു്.

പിന്നെ കുടുംബശ്രീയുടെ ഒരു യോഗത്തിൽ പങ്കെടുത്ത് തിരിച്ചുവരുമ്പോൾ എനിക്ക് വളരെ വിഷമം തരുന്ന ഒരനുഭവം ഉായി. പത്തനംതിട്ട പെട്രോൾ പമ്പിനു സമീപം ബസ് കാത്തു നിൽക്കുമ്പോൾ 18 വയസ്സുള്ള ഒരു പെൺകുട്ടിയെ ഒരാൾ കയറിപിടിക്കുകയും, ആ ആളിനെ അര കിലോമീറ്റർ ഓടിച്ചിട്ട് പിടിച്ച് പോലീസിന് കൈമാറുകയും ചെയ്ത സംഭവം അത് എന്റെ ജീവിതത്തിൽ മറക്കാൻ പറ്റാത്ത ഒരു സംഭവമാ ണ്. ഇതിനൊക്കെ എനിക്ക് ധൈര്യം പകർന്ന് കിട്ടിയത് കുടുംബശ്രീ വഴിയാണെന്ന് നന്ദിപൂർവ്വം ഞാൻ ഓർക്കുന്നു.

കുടുംബശ്രീ ഇല്ലായിരുന്നങ്കിൽ ഇതിനൊന്നും എനിക്ക് കഴിയുമായിരുന്നില്ല എന്ന് എനിക്ക് അറിയാം. ഇനിയും കുടുംബശ്രീയിൽ പ്രവർത്തിച്ച് നല്ല നല്ല പ്രവർത്തനവുമായി മുന്നോട്ട് പോകുവാൻ സാധിക്കാൻ കഴിയണമേ എന്ന പ്രാർത്ഥനയോടെ നിർത്തുന്നു.

വിനയപൂർവ്വം,

അജിത.

സി.ഡി.എസ്. മെമ്പർ, 9–ാം വാർഡ്.

## 9. മിനർവ്വ സ്പെഷ്യൽ കുടുംബശ്രീ.

കുളനട സി.ഡി.എസ്–ൽ സർക്കാരിന്റെ അംഗീകാരത്തിനു വിധേയമായി ശാരീരിക–മാനസിക വെല്ലുവിളികൾ അനുഭവിക്കുന്നവരുടെ രക്ഷിതാക്കളുടെ അയൽക്കൂട്ടമായ മിനർവ്വ കുടുംബശ്രീയിലെ ഒരംഗമായ ശാന്തമ്മ ടീച്ചറിന്റെ അനുഭവങ്ങൾ.

ഞാൻ കുളനട പഞ്ചായത്തിലെ 16–ാം വാർഡായ ഞെട്ടൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന മിനർവ്വ സ്പെഷ്യൽ കുടുംബശ്രീയുടെ ശ്രേയസ്സിനുവേി മറ്റു കുടുംബശ്രീ അംഗങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനാൽ എനിക്ക് മാനസികമായി വളരെയധികം സന്തോഷം ു്. ഞങ്ങളുടെ കുടുംബശ്രീയിലെ ഓരോ അംഗത്തിനും കാർഷികരംഗത്തും സാംസ്കാരിക രംഗത്തും വളരെയധികം ഉയർച്ചയുായി.

പുതിയ പുതിയ സർക്കാർ ഉത്തരവുകളും അതിൽ അനുശാസിക്കുന്ന നിയമങ്ങളും മനസ്സിലാക്കി അവകാശങ്ങൾ നേടിയെടുക്കുന്നതിന്കുടുംബശ്രീയുടെ കൂട്ടായ്മ എല്ലാ അംഗങ്ങൾക്കും ഉപകരിച്ചു. കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, തൊഴിലവസരങ്ങൾ എന്നീ കാര്യങ്ങളിൽ ഒരു ശരിയായ ഉത്തരം നൽകുവാൻ ഞങ്ങളുടെ കൂട്ടായ്മകൊ് കുടുംബശ്രീയിലെ ഓരോ അംഗത്തിനും കഴിവുായി. എല്ലാ അംഗങ്ങളിലും ദേശീയസമ്പാദ്യശീലം വളർന്നു. ഓരോ അംഗത്തിന്റെയും ആവശ്യങ്ങൾ സമൂഹത്തിന്റെ ആവശ്യമായി ക് പ്രവർത്തിക്കുവാൻ കഴിഞ്ഞു. പിൻതുണയും പ്രോത്സാഹനവുമുങ്കെിൽ ഏതവശതകൾ അനുഭവിക്കുന്നവരും ഉണർന്നു പ്രവർത്തിക്കുമെന്ന് കുടുംബശ്രീ പ്രവർത്തനംകൊ് മനസ്സിലായി. ഇന്ന് മിനർവ്വ കുടുംബശ്രീയിലെ അംഗങ്ങൾ സോപ്പ്, നിർമ്മാണം, തയ്യൽ, കോഴി വളർത്തൽ, മത്സ്യകൃഷി, പച്ചക്കറിത്തോട്ടം തുടങ്ങിയവയിലെല്ലാം വൈദഗ്ദ്ധ്യം നേടി സ്വയം തൊഴിൽ ചെയ്തു ദാരിദ്ര്യനിർമ്മാർജ്ജനം ചെയ്യാൻ ശ്രമിക്കുന്നു.

കുളനട പഞ്ചായത്തംഗങ്ങളും മറ്റു കുടുംബശ്രീ അംഗങ്ങളും മിനർവ്വ സ്പെഷ്യൽ കുടുംബശ്രീയുമായി വളരെയധികം സഹകരിച്ച് പ്രവർത്തിക്കുന്നു.

ശാന്തമ്മ,

മിനർവ്വ സ്പെഷ്യൽ കുടുംബശ്രീ.

# 10. ശ്രീലക്ഷ്മി കുടുംബശ്രീ, കോയിപ്രം

പത്തനംതിട്ട ജില്ലയിൽ തിരുവല്ലാ താലൂക്കിൽ കോയിപ്രം ഗ്രാമപഞ്ചായത്തിൽ 12–ാം വാർഡിൽ 2001–ാമ് ജൂൺമാസം 27–ാം തീയതി ഞങ്ങളുടെ അയൽക്കൂട്ടം 'ശ്രീലക്ഷ്മി വനിത സ്വയം സഹായ സംഘം' എന്ന പേരിൽ രൂപവത്ക്കരിച്ചു.

കോയിപ്രം 12–ാം വാർഡ്, കോയിപ്രം മുറിയിൽപെട്ട അയൽക്കാരും സമാനചിന്താഗതിക്കാരുമായ വനിതകൾക്കു മാത്രമുള്ളതാണ് ഈ സംഘടന.

സ്ത്രീകളുടെ സമഗ്രമായ വികസനം, സാമൂഹികമായ അവബോധം സൃഷ്ടിച്ച് പൊതുകാര്യങ്ങളിൽ ഇടപെടാൻ സ്ത്രീകളെ പ്രാപ്തരാക്കുക, നിക്ഷേപ പദ്ധതികളിൽനിന്നും ലഭിക്കുന്ന തുകയും മറ്റിനങ്ങളിൽ നിന്നു ലഭിക്കുന്ന സമ്പാദ്യങ്ങളും അംഗങ്ങൾക്ക് സഹായകമാകുന്ന രീതിയിൽ വായ്പകൾ അനുവദിക്കുക, സത്യസന്ധവും പരസ്പര വിശ്വാസത്തിലധിഷ്ഠിതവുമായ സമൂഹത്തെ കെട്ടിപ്പടുക്കുക, സംഘങ്ങൾക്കിടയിലെ പ്രശ്നങ്ങൾ ചർച്ചചെയ്യുകയും പരിഹാരങ്ങൾ കാണുകയും ചെയ്യുക, സംഘത്തിന്റെ ചുമതലയിലും അല്ലാതെയും ഉല്പാദനക്ഷമമായ പദ്ധതികൾ ഏറ്റെടുക്കുകയും സ്വയംതൊഴിൽ പദ്ധതികൾക്കും മറ്റും വായ്പകൾ ലഭ്യമാക്കുകയും ചെയ്യുക, വായ്പകളിൽ നിന്നും ലഭിക്കുന്ന പലിശയും ഇതരമേഖലകളിൽ നിന്നും ലഭിക്കുന്ന സാമ്പത്തിക നേട്ടങ്ങളും, സബ്സിഡി, ഗ്രാന്റ് തുടങ്ങിയ ഇനങ്ങളിൽ നിന്നും ലഭിക്കുന്ന തുകകൾ കൊ് സംഘം നടത്തുന്ന കുടിൽ വ്യവസായം, തയ്യൽ, പുൽകൃഷി, പശുവളർത്തൽ തുടങ്ങിയ മേഖലകളിൽ നിന്നും ലഭിക്കുന്ന ആദായവും അംഗങ്ങൾക്ക് വീതിച്ചു നൽകുക എന്നിവയാണ് സംഘത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ.

കോയിപ്രം ഗ്രാമപഞ്ചായത്ത് കുടുംബശ്രീ കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റിയിൽ 2003–ൽ ഞങ്ങളുടെ അയൽക്കൂട്ടം രജിസ്റ്റർ ചെയ്യുകയും ഗജങ/ഇട/27/03 എന്ന രജിസ്റ്റർ നമ്പരിൽ ഞങ്ങളുടെ അയൽക്കൂട്ടം പ്രവർത്തനം ആരംഭിക്കുകയും പുല്ലാട് പഞ്ചാബ് നാഷണൽ ബാങ്കിൽ അക്കൗ ആരംഭിക്കുകയും ചെയ്തു. ഇവിടെ നിന്നും 1,60,000/– രൂപ വായ്പയായി ലഭിക്കുകയും ചെയ്തു. കുടുംബശ്രീയിൽ അംഗമാകുന്നതുവരെ ഞങ്ങൾക്ക് യാതൊരുവിധമായ പ്രവർത്തനങ്ങളും ഉായിരുന്നില്ല. അംഗമായതോടുകൂടി ചെറിയതോതിലുള്ള വരുമാനം പശുവളർത്തൽ, പുൽകൃഷി തുടങ്ങിയവയിൽ നിന്നും കിട്ടുകയുായി. കിട്ടിയ തുക പലിശ സഹിതം ബാങ്കിൽ തിരിച്ചടയ്ക്കുകയും ചെയ്തു. തുടർന്ന് ഞങ്ങളുടെ ഏറ്റവും അടുത്ത പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിന്റെ ബ്രാഞ്ചായ കരീലമുക്ക് ബാങ്കിൽ അക്കൗ തുടങ്ങുകയും 3,00,000യ– രൂപ ബാങ്കിൽ നിന്നും ലഭിക്കുകയും ചെയ്തു. ഇതിന്റെ ഗ്രാന്റായി കുടുംബശ്രീയിൽ നിന്നും 5,000/– രൂപ ലഭിച്ചു.

26 അംഗങ്ങളുള്ള ഞങ്ങളുടെ അയൽക്കൂട്ടം വളരെ നല്ല രീതിയിൽതന്നെയാണ് മുന്നോട്ടു പോകുന്നത്. കഴിഞ്ഞ 10 വർഷക്കാലംകൊ് ഒരുപാട് മാറ്റങ്ങൾ ഞങ്ങളുടെ കുടുംബങ്ങളിൽ ഉാക്കുവാൻ കഴിഞ്ഞു.

ഞങ്ങളുടെ സംഘത്തിലെ അംഗമായ രേഖ പ്രസന്നൻ ഇന്ന് വാർഡ് മെമ്പറായി പ്രവർത്തിക്കുന്നു. ഇതൊരു അഭിമാനമായി ഞങ്ങൾ കാണുന്നു. അതുപോലെ രാധാമണി

എന്ന അംഗം 2010–11–ലെ ഏറ്റവും നല്ല കർഷകർക്കുള്ള 'കർഷകശ്രീ' അവാർഡിന് അർഹത നേടി. മറ്റൊരംഗമായ ശ്യാമള മോഹനൻ ഒരു മിനി ഡയറി ഫാം നടത്തി കുടുംബത്തിന്റെ വരുമാനം കുടുംബാംഗങ്ങളെക്കൂടി ഉൾപ്പെടുത്തി വരുമാനമുാക്കുന്നു. ഇതുകൂടാതെ മൂന്നര ഏക്കറോളം വരുന്ന പാട്ട ഭൂമി ഏറ്റെടുത്ത് പുൽകൃഷി നടത്തിവരുന്നു. ഇതിന് നബാഡിന്റെ സഹായവും കിട്ടി. ഇന്നും നല്ല രീതിയിൽ ഇത് മുന്നോട്ടു പോകുന്നു. ഏകദേശം 12 അംഗങ്ങൾ പശുവളർത്തൽ തുടർന്നു കൊു പോകുന്നു. 10 അംഗങ്ങൾ പുൽകൃഷി, പച്ചക്കറി കൃഷി എന്നിവ നടത്തുന്നു. ബാക്കിയുള്ളവർ തയ്യൽ, സോപ്പു നിർമ്മാണം, തുടങ്ങിയവ ചെയ്യുന്നു. ഇപ്പോൾ എല്ലാവർക്കും സ്ഥിരമായ വരുമാനം നേടികൊടുക്കുന്നതിന് കുടുംബശ്രീ സഹായിച്ചു. ഇത് ഞങ്ങളുടെ വിജയമായി ഞങ്ങൾ കാണുന്നു. അതുപോലെ ഈ വർഷം നല്ല രീതിയിൽ സംഘത്തിന്റെ മേൽനോട്ടത്തിൽ ഓണാഘോഷ പരിപാടി നടത്തുവാൻ ഞങ്ങൾക്കു കഴിഞ്ഞു. പങ്കെടുത്ത എല്ലാവർക്കും കാണികൾക്കും പായസ വിതരണം നടത്തി വമ്പിച്ച വിജയമാക്കി മാറ്റുവാൻ കഴിഞ്ഞു. ഇതൊരഭിമാനമായി ഞങ്ങൾ കാണുന്നു. ഇതിന്റെ ചെലവുകൾ സംഘത്തിന്റെ ലാഭത്തിൽ നിന്നും മുടക്കുവാനും കഴിഞ്ഞു. ഇപ്പോൾ സംഘത്തിന് 2,10,000/– രൂപ നിക്ഷേപമു്. 2,17,000/– രൂപ വായ്പയായി അംഗങ്ങൾക്കു നൽകി. വായ്പ എടുത്ത അംഗങ്ങൾ കൃത്യമായി മുതലും പലിശയും തിരിച്ചടയ്ക്കുന്നതുകൊ് ബാങ്കിൽ നിന്നും വായ്പ അനുവദിച്ചു കിട്ടുന്നതിന് ഒരു ബുദ്ധിമുട്ടും ഇല്ല. വായ്പ ഏറ്റവും വേഗത്തിൽ കിട്ടുന്നതിനും ഞങ്ങൾക്ക് സാധിക്കുന്നു്. നല്ല രീതിയിൽ പ്രവർത്തിക്കുന്നതിനാൽ 'മഹിളാ മിത്ര' എന്ന പേരിൽ 15 അംഗങ്ങൾക്ക് 25,000/– രൂപ വീതം വായ്പ അനുവദിച്ചു കിട്ടി. കാർഡ് കൃഷി വിജ്ഞാനകേന്ദ്രത്തിൽ നിന്നും കൂൺ കൃഷി, വാഴകൃഷി എന്നവയ്ക്കുള്ള പരിശീലനം ഞങ്ങളുടെ അയൽക്കൂട്ടത്തിന് കിട്ടി. പഞ്ചായത്തിൽ നിന്നും കോഴി, ആട്, പശു എന്നിവയും ഞങ്ങളുടെ അംഗങ്ങൾക്ക് കിട്ടി. കൂടാതെ കുടുംബശ്രീയിൽ നിന്നും തേനീച്ച വളർത്തലിന് പരിശീലനം കിട്ടി. ഇവയെല്ലാം നല്ലരീതിയിൽ പരിപാലിച്ചു കൊുപോകുന്നതിനും അംഗങ്ങൾക്ക് വരുമാനമുാക്കുന്നതിനും സംഘത്തിനു കഴിഞ്ഞു. തുടർന്നും നല്ല രീതിയിൽ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും കൂട്ടായ പ്രവർത്തനത്തിനും ഞങ്ങൾ തീരുമാനം എടുത്തിട്ടു്. ഇതിനായി കുടുംബശ്രീ ജില്ലാ മിഷന്റെ സഹായം ഞങ്ങൾക്ക് കിട്ടുമെന്ന ഉറച്ചവിശ്വാസം ഞങ്ങൾക്കു്. നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഞങ്ങളുടെ അയൽക്കൂട്ടം വരും തലമുറയ്ക്കും ഉതകുന്ന തരത്തിൽ അതിന്റെ പ്രവർത്തനം കൊുപോകുന്നതിനായി ഞങ്ങൾ ഓരോരുത്തരും പ്രയത്നിക്കും. ശോഭനമായ ഒരു ഭാവിയ്ക്കായി ഞങ്ങൾ കാത്തിരിക്കുന്നു.

എന്ന്

ശ്രീലക്ഷ്മി കുടുംബശ്രീ അയൽക്കൂട്ടത്തിനുവേി,

ഉഷാ രാജേന്ദ്രൻ, പ്രസിഡന്റ്. രേഖ പ്രസന്നൻ, സെക്രട്ടറി.

# 11. പൊട്ടിച്ചെറിഞ്ഞ ചങ്ങല

എന്റെ പേര് സുധാ രഘു. ഞാൻ കുറ്റൂർ ഗ്രാമപഞ്ചായത്ത് ഏഴാം വാർഡിൽ മുള്ളിപ്പാറ മലവീട്ടിൽ താമസിക്കുന്നു. ഞാൻ ഈ ദേശത്തു വന്നിട്ട് 23 വർഷമാകുന്നു. ഞാൻ 12 വർഷമായി കുടുംബശ്രീയിൽ അംഗമായിട്ട്. എന്റെ ആദ്യ നാളുകൾ പറഞ്ഞാൽ മദ്യപാനിയായ ഭർത്താവിൽ നിന്നും മാനസികമായും ശാരീരികമായും കൊടിയ പീഡനങ്ങൾ അനുഭവിച്ച വർഷങ്ങളായിരുന്നു.

അങ്ങനെയിരിക്കെ. 1999 ൽ പത്തനംതിട്ട ജില്ലയിൽ ആദ്യമായി കുടുംബശ്രീ രൂപീകരിച്ചപ്പോൾ ഞങ്ങളുടെ ഈ പ്രദേശത്ത് ഒരംഗമാകാൻ അന്നെനിക്കും ഒരവസരം കിട്ടി. നിരന്തരമായ പീഡനത്തിനിടയിൽ 12 ആഴ്ചയിൽ ഒരിക്കൽ മാത്രമേ എനിക്ക് അയൽക്കൂട്ടത്തിൽ പങ്കെടുക്കുവാൻ സാധിച്ചിരുന്നുള്ളു. എനിക്ക് വീട്ടിൽ നിന്നും പുറത്തിറങ്ങുന്ന സമയം വളരെ കുറവ്. എപ്പോഴും ഭർത്താവിന്റെ മദ്യപാന കാലൊച്ച കേട്ടുള്ള ഭയത്തോടെയുള്ള ഇരിപ്പ്. ആ ഒരവസ്ഥയിൽ എനിക്ക് എന്നോടു തന്നെ വെറുപ്പായി. ഞാൻ മാനസീകമായി തകർന്നു. ജീവിതത്തിൽ നിരാശയല്ലാതെ മറ്റൊന്നും  ദൈവം തരുന്നില്ലല്ലോ. ഞാൻ ഈശ്വരനില്ലായെന്നു മറക്കാൻ ശ്രമിച്ചു തുടങ്ങി. അപ്പോഴും പീഡനം കൂടുമ്പോൾ ഈശ്വരനെ വിളിക്കും. കാരണം എനിക്ക് വിവാഹ ജീവിതത്തിൽ ദൈവം ദാനം തന്ന രു മക്കൾ. ഒരാണും ഒരു പെണ്ണും. ജീവിക്കുന്നെങ്കിൽ അവരോടൊപ്പം. അല്ലെങ്കിൽ അവരൊന്നിച്ച് മരണം. അങ്ങനെയിരിക്കെ 2000–ാം മാിൽ ഭർത്താവിൽ നിന്നും ഭർത്തൃവീട്ടുകാരിൽ നിന്നുമുള്ള പീഡനം കൂടി. ഇത്രയുമായിട്ടും ഇവൾ പോകുന്നില്ലല്ലോ എന്ന ചോദ്യം. എനിക്കറിയാം. ഞാൻ കുഞ്ഞുങ്ങളെ ഇട്ടിട്ടുപോയാൽ എനിക്ക് നല്ലൊരു ഭർത്താവിനെ കിട്ടും. പക്ഷേ എന്റെ മക്കൾക്ക് ജന്മം നൽകിയ അച്ഛനെ കിട്ടത്തില്ല. അങ്ങനെ പീഡനം കൂടി വന്നപ്പോൾ 5 ലിറ്റർ മണ്ണെണ്ണ എന്റെ തല വഴി ഒഴിച്ചു. ജീവിതം അവസാനിപ്പിക്കുവാൻ അപ്പോൾ നല്ലവരായ എന്റെ അയൽക്കാർ നാട്ടുകാർ എല്ലാവരും എന്നെ രക്ഷിച്ചു. വീും ഒരു പുനർജന്മം. അതിൽ ഞാൻ എന്റെ ദൈവത്തോടു പറഞ്ഞു. ദൈവമേ, എനിക്ക് ഇനിയും ഒരു ജീവിതമുങ്കിൽ എന്റെ ഭർത്താവും മക്കളുമൊന്നിച്ച് സന്തോഷകരമായ ജീവിതം. ഞാൻ എന്റെ ചങ്ങലകെട്ടുകൾ ഓരോന്നായി പൊട്ടിക്കുവാൻ തുടങ്ങി. സ്വയം ഒരാത്മധൈര്യം എനിക്കെവിടുന്നോ കൈവരിക്കുവാൻ തുടങ്ങി. ഞാൻ പതിയെ എന്റെ അയൽക്കൂട്ടപോക്കിന്റെ എണ്ണം കൂട്ടുവാൻ തുടങ്ങി. പ്രശ്നങ്ങൾ കൂടുവാനും തുടങ്ങി. ഞാൻ പതറാതെ പിടിച്ചു നിൽക്കുവാൻ തുടങ്ങി. മാനസിക പിൻതുണ എന്നെ മനസിലാക്കുവാൻ എല്ലാം എനിക്ക് വേുവോളം നൽകുന്നുായിരുന്നു. അയൽക്കൂട്ടത്തിൽ വന്ന് എനിക്ക് ഭീഷണി ഉപദ്രവം എല്ലാം സഹിച്ചു. ഒടുവിൽ ഞാൻ പറഞ്ഞു. പോകാതെ വീട്ടിൽ ഇരുന്നാലും സമാധാനമില്ല. പോയാലുമില്ല. എങ്കിൽ ഇനിയും പോയിട്ടു തന്നെബാക്കി കാര്യം. അങ്ങനെയിരിക്കെ 2002 മുതൽ എല്ലാ ആഴ്ചയും കുടുംബശ്രീയ്ക്കു പോയി തുടങ്ങി. 2003 ൽ സെക്രട്ടറി സ്ഥാനത്തേയ്ക്ക് പേരു നിർദ്ദേശിച്ചു. അപ്പോൾ പോക്കുവരവിന്റെ ബുദ്ധിമുട്ടുകൾ മറ്റുള്ളവരെ അഭിമൂഖീകരിക്കുവാനാള്ള മടി. ഞാൻ വോയെന്നു പറഞ്ഞു. അങ്ങനെയിരിക്കെ 2004 ൽ സെക്രട്ടറി

സ്ഥാനത്ത് ആളില്ല. നിർബന്ധം കൂടി. ഭയത്തോടെ ഞാൻ സമ്മതിച്ചു. പതിയെ പൊതു സമൂഹ ത്തിൽ ഇറങ്ങാനും എല്ലാവരേയും പരിചയപ്പെടാനും തുടങ്ങി. അന്ന് പഞ്ചായത്തിൽ പോക്കിന് എനിക്ക് വീട്ടിൽ നിന്നും  അനുവദിച്ച സമയം 1 മണിക്കൂർ. എന്റെ പ്രിയ സഹോദരങ്ങളെ അന്നെന്റെ പുതിയ ജീവിതത്തിന്റെ തുടക്കമാണെന്ന് ഞാൻ അറിഞ്ഞിരുന്നില്ല. വലിയ ഒരു മാറ്റ ത്തിന്റെ തുടക്കം. 7 വർഷം അയൽക്കൂട്ട സെക്രട്ടറി. 3 വർഷം എ.ഡി.എസ്. സെക്രട്ടറി. 3 വർഷം തൊഴിലുറപ്പുമേറ്റ്. 4 വർഷമായി ആശാ വർക്കർ. അന്നെനിക്ക് 1 മണിക്കൂർ അനുവദിച്ച എന്റെ വളരെ മോശമായിരുന്ന ഭർത്താവ് ഇന്നെനിക്കും മക്കൾക്കും വളരെ നല്ലവനായി ദൈവം ഞങ്ങൾക്കു തിരിച്ചുതന്നു. ഇന്നെന്റെ ഭർത്താവിന്റെയും മക്കളുടെയും അരികിൽ നിന്ന് അതിരാ വിലെ വീടുവിട്ടിറങ്ങുന്ന എനിക്ക് സന്ധ്യാവിളക്കു കത്തിക്കുന്ന സമയത്തിന് അഞ്ചു മിനിറ്റു മുൻപുമാത്രമാണ് മിക്ക ദിവസവും വീട്ടിൽ വരുവാൻ പറ്റുന്നത്. ഇന്നെന്റെ സമയത്തിന് അതിർ വരമ്പുകളില്ല. അതിങ്ങനെ അനന്തവും വിശാലവുമായി കടൽപോലെ ഒഴുകുന്നു. ആദ്യ യാത്ര യിൽ ദേശത്തു പലരും ചോദിക്കുമായിരുന്നു. എന്നും എവിടെയാ ഒരുങ്ങി പോകുന്നത്. ഓട്ടോ യിൽ എവിടെപ്പോയിട്ടാ വരുന്നത്. അപ്പോൾ ഞാൻ പറയുന്ന മറുപടി. ഭർത്താവും മക്കളും അറിഞ്ഞാണു പോകുന്നത്. സാരിയുടുത്തുള്ള സഞ്ചാരം വർദ്ധിച്ചപ്പോൾ സംശയക്കണ്ണുമായി ചോദിച്ചവരോട് ഒറ്റവാക്കിൽ എന്റെ മറുപടി. എന്റെ കഴുത്തിൽ താലികെട്ടിയ ഭർത്താവിന്റെ യും, മക്കളുടെയും സമ്മതത്തോടെ നാട്ടിലുള്ള ഭർത്താക്കന്മാരെ സന്ദർശിക്കുവാൻ പോകുന്നു. സുഹൃത്തുക്കൾ,സമൂഹം ഇന്നാർക്കും ഞാൻ സഞ്ചരിക്കുന്നത് എവിയെന്ന് അറിയ. എല്ലാ വർക്കും അറിയാം എന്റെ യാത്ര. ഞാൻ എന്റെ എട്ടു വർഷത്തെ ദൈർഘ്യമേറിയ യാത്രയിൽ അനേക ജില്ലകളിൽ വളരെ വ്യത്യസ്തങ്ങളായ മീറ്റിംഗുകൾ, ട്രെയിനിംഗുകൾ, പൊതുപരിപാടി കൾ ഇവയിലൊക്കെയും പങ്കെടുക്കുവാൻ ദൈവം എനിക്കവസരം തന്നു. ഇതെല്ലാം എനിക്ക് തന്നത് കുടുംബശ്രീയാണ്. അതോടൊപ്പം കഷ്ടതയിലും പ്രയാസത്തിലും മദ്യപാനം, രോഗിക ളായി നിരാലംബരായി കിടക്കയിൽ കിടക്കുന്നവർ അതുപോലെ അനേകർ അവരെ സന്ദർശി ക്കുവാൻ ദൈവം എനിക്കു തന്നെ ഈ അവസരം ഞാൻ കഴിയുന്നത്ര എന്നാലാവും വിധം പര മാവധി പ്രയോജനപ്പെടുത്തി നല്ലൊരു ഭാര്യയായി. എന്റെ മക്കളുടെ നല്ല അമ്മയായി, ഞാൻ എന്റെ ദേശത്ത് കുടുംബശ്രീ പ്രവർത്തകയായി, ആശാ പ്രവർത്തകയായി പ്രവർത്തിക്കുന്നു. ഇന്നെന്നെ ഈ ഞാനാക്കി തീർത്തത് എന്റെ കുടുംബശ്രീയാണ്. ഞാൻ വൈകിവരുമ്പോൾ എന്റെ ഭർത്താവ് എന്നെ കളിയാക്കി. എന്റെ മക്കളോടു പറയും ഒരാഴ്ചത്തെ ചെലവിനുള്ളത് കൊവരുന്നു്. വാ പിള്ളാരെ കനംകൂടി തലയ്ക്കു ഭാരമാ. നമുക്കു തലയിൽ നിന്നും പിടിച്ചു പിടിച്ചു താത്തു വെയ്ക്കാം. ഞാൻ അപ്പോൾ ചിരിച്ചുംകൊ് പ്രതികരണത്തിനു നിൽക്കാതെ പതിയെ നടന്നു നീങ്ങും. ഇക്കഴിഞ്ഞ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ഞാൻ ബി.ജെ.പി.യുടെ സ്ഥാനാർത്ഥിയായി മത്സരിച്ചു.

വെറും നാലു മൺചുവരുകൾക്കുള്ളിൽ നിന്നും ഇന്നെന്നെ ഞാനാക്കി എനിക്ക് ഈ മാറ്റം ഉാക്കി. എനിക്ക് ജീവിതം അനുഭവത്തിൽ കൂടി പഠിപ്പിച്ചുതന്ന എന്റെ കുടുംബശ്രീയോ ടുള്ള നന്ദിയും കടപ്പാടും എത്രപറഞ്ഞാലും എനിക്ക് മാതിയാവില്ല. അതുപോലെതന്നെ എനിക്ക് എപ്പോഴും എല്ലാ പിൻതുണയും നൽകുന്ന സി.ഡി.എസ്. ചെയർപേഴ്സൺ, പി.എച്ച്. ഡി. മെഡിക്കൽ ഓഫീസർ ഉൾപ്പെടുന്ന സ്റ്റാഫ്. എന്റെ കുടുംബശ്രീ പ്രവർത്തകർ. സഹപ്ര

വർത്തകരായ ആശാവർക്കർമാർ ആരോഗ്യമേഖലയിൽ പല ജില്ലകളിലായി പ്രവർത്തിക്കുന്ന എന്നെ അറിയുന്ന എല്ലാവർക്കും വേി കുടുംബശ്രീയുടെ നാമത്തിൽ ഞാൻ നിങ്ങൾക്കു മുൻപിൽ സമർപ്പിക്കുന്നു.

എന്ന് സ്നേഹത്തോടെ

സുധാ രഘു

മുള്ളിപ്പറമലയിൽ , വെസ്റ്റ് ഓതറ.

## 12. നേട്ടങ്ങൾ പൂർണ്ണിമയിലൂടെ

ഒരു സ്കൂൾ അദ്ധ്യാപികയായിരുന്ന ഞാൻ 2001 മെയ് മാസത്തിൽ സർവ്വീസിൽ നിന്നും പിരിഞ്ഞു. ജോലിയിരുന്ന കാലയളവിൽ വളരെ സംതൃപ്തിയോടെ ദിനങ്ങൾ തള്ളിനീക്കിയിരുന്നു.

ഒരദ്ധ്യാപികയായ എനിക്ക് സാമൂഹ്യപ്രവർത്തനത്തിൽ വളരെ താത്പര്യമായിരുന്നു. ഭാഗ്യമെന്നു പറയട്ടെ കുടുംബശ്രീ എന്നൊരു പ്രസ്ഥാനം ഉടലെടുക്കുകയും അതിലൂടെ എന്റെ ആഗ്രഹപൂർത്തിവരുത്തുവാൻ കഴിയുമെന്നും ഞാൻ വിശ്വസിച്ചു. 2003 ൽ അങ്ങാടി പഞ്ചായത്തുതലത്തിൽ ഒരു കുടുംബശ്രീ രൂപംകൊള്ളുകയും അതിന്റെ വ്യാപ്തി വാർഡ് തലത്തിൽ എത്തുകയും ചെയ്തു. അങ്ങനെ പരിസരത്തുള്ള ഏതാനും സ്ത്രീകളുടെ താല്പര്യപ്രകാരം ഞങ്ങൾ ഒരു കുടുംബശ്രീ രൂപീകരിച്ചു. പൂർണ്ണിമ എന്ന പേരും നൽകി.

ഇക്കാലമത്രയും ഈ കുടുംബശ്രീയിൽ പ്രവർത്തിക്കുന്നു. ആഴ്ചയിൽ ഒരിക്കൽ ഒരു വീട്ടിൽ ഒത്തുചേരുകയും അറിവുള്ള കാര്യങ്ങൾ സംസാരിക്കുകയും പതിവാക്കി.

അങ്ങനെ ഇന്ന് സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുവാൻ കഴിഞ്ഞു. സ്ത്രീശക്തികൊ് ഒരുപാട് നല്ല കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ഉദാഹരണമായി ഞങ്ങളുടെ പ്രദേശത്ത് ആരംഭിക്കാൻ തയ്യാറായി എത്തിയ ഒരു മദ്യഷാപ്പ് ഒരു ദിവസംകൊ് സ്ത്രീകൾ മാത്രം കൂട്ടായ പരിശ്രമംകൊ് മാത്രം അവിടെനിന്നും കെട്ടുകെട്ടിച്ചു. വൻ പോലീസ് സന്നാഹത്തിനുപോലും അവിടെ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. അതാണ് സ്ത്രീശക്തി. അടുക്കളിയിൽ മാത്രം ഒതുങ്ങിക്കഴിഞ്ഞിരുന്ന എന്റെ സഹോദരിമാർക്ക് ഒരു കൂട്ടായ്മകൊ് വളരെ ശക്തിയാർജ്ജിക്കാൻ കഴിഞ്ഞു. എനിക്ക് അതിലേറെ സന്തോഷമാണ്. കുടുംബാംഗങ്ങളുടെ വീടുകളിൽ നടക്കുന്ന ഏതുകാര്യങ്ങളിലും വലിപ്പച്ചെറുപ്പമില്ലാതെ പങ്കുകൊള്ളാൻ എന്റെ സഹോദരിമാർക്ക് കഴിയുന്നു.

ഞങ്ങൾ കുടുംബശ്രീയുടെ കീഴിൽ കച്ചവടം നടത്തിയിരുന്നു. നല്ല രീതിയിൽ കൂൺകൃഷി നടത്തിയിരുന്നു. ഇതെല്ലാം കുടുംബശ്രീകൊള്ള ഒരു നേട്ടമായി കണക്കാക്കുന്നു.

ഇപ്പോൾ ഈ കൂട്ടായ്മ ഞങ്ങളുടെ ഒരു ജീവവായു ആയിക്കാണുന്നു. ധാരാളം കുടുംബ ങ്ങൾക്ക് ആശ്വാസമായി കാണുന്ന ഈ പ്രസ്ഥാനം നാൾക്കുനാൾ ഉയർച്ചയിൽ എത്തട്ടെ.

ഞാൻ അങ്ങാടി ഗ്രാമപഞ്ചായത്ത് 11-ാം വാർഡിലെ സി.ഡി.എസ്. മെമ്പറും പൂർണ്ണിമ കുടുംബശ്രീ യൂണിറ്റ് സെക്രട്ടറിയുമാണ്.

ശാന്തമ്മ കെ.കെ.

## 13. ഗ്രാമശ്രീ ന്യൂട്രിമിക്സ്

### യൂണിറ്റിന്റെ ഉത്ഭവം

ഇരവിപേരൂർ ഗ്രാമ പഞ്ചായത്ത് 4 ലക്ഷം രൂപയും സൗത്ത് മലബാർ ഗ്രാമീണ ബാങ്കിന്റെ 3.5 ലക്ഷം രൂപ വായ്പയും ഗുണഭോക്ത്യാ വിഹിതം 50,000/- രൂപയും ചേർത്ത് ആകെ 8 ലക്ഷം രൂപാ മുതൽമുടക്കിയാണ് ഈ ചെറുകിട വ്യവസായ സംരംഭം ആരംഭിച്ചിട്ടുള്ള ത്. ഏതാ് നാൽപതോളം കുടുംബശ്രീ പ്രവർത്തകരായ അപേക്ഷകരിൽ നിന്നും എസ്.എസ്. എൽ.സി പാസ്സായവരും, 35 വയസ്സിന് താഴെ ഉള്ളവരുമായവരെ നാല് ഗ്രൂപ്പുകളാക്കി 20 അംഗ ങ്ങളെ തിരഞ്ഞെടുത്തു. ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ശ്രീ.രാമചന്ദ്രന്റെ നിർദ്ദേശപ്രകാരം പന്തളം കുരമ്പാലയിൽ പ്രവർത്തിക്കുന്ന ന്യൂട്രിമിക്സ് യൂണിറ്റിൽ പരിശീലനം ലഭിച്ചു. കോയിപ്രം ഇഉജഛ ശ്രീമതി. മായാലക്ഷ്മി, കോയിപ്രം ബ്ലോക്കിന്റെ ആറു പഞ്ചായത്തുകളിലെ അംഗൻനാടികളിൽ പോഷകാഹാരം വിതരണം ചെയ്യുവാനുള്ള അവകാശം തരുകയും ചെയ്തു. അതിൻപ്രകാരം ഗ്രാമശ്രീ ന്യൂട്രിമിക്സ് എന്ന് പേര് നൽകി. ഗ്രാമപഞ്ചായത്ത് ഭരണ സമിതിയും യൂണിറ്റ് അംഗങ്ങളും കൂടി നന്നൂർ വനിതാ മോഡൽ മഹിളാ സമാജം കെട്ടിടം വാടകയ്ക്കെടുത്ത് പ്രവർത്തനം ആരംഭിയ്ക്കുവാൻ തീരുമാനിച്ചു.

### ഉത്ഘാടനം

2008 ഓക്ടോബർ 19-ാം തീയതി നടന്ന വർണ്ണ ശബളമായ ചടങ്ങളിൽ ശ്രീ. മാത്യു ടി. തോമസ് എം.എൽ.എ. ഉത്ഘാടന കർമ്മം നിർവഹിച്ചു. സ്വീച്ച് ഓൺ കർഘം ശ്രീമതി. സി.എ സ്. സുജാത എം.പി. നിർവ്വഹിച്ചു. ജോസഫ് എം.പുതുശ്ശേരി എം.എൽ.എ., ഇരവിപേരൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ജീനാ തോമസ്, സിപി.എം. ജില്ലാ സെക്രട്ടറി ശ്രീ. അഡ്വ.കെ. അനന്തഗോപൻ, വാർഡ് മെമ്പർ ശഅരീ. അഡ്വ. രാജീവ് എൻ മറ്റു പഞ്ചായത്ത് മെമ്പർമാർ വി.ഇ.ഒ. ശ്രീ. ബാബു, സി.ഡി.എസ്. ചെയർപേഴ്സൺ ശ്രീമതി. സരോജിനി രാജൻ എന്നിവർ ആശംകൾ അറിയിച്ചു. എല്ലാ പഞ്ചായത്തിലെയും കെ.ഡി.എസ്. സൂപ്പർ വൈസർമാർ, അംഗൻവാടി പ്രവർത്തകർ കുടുംബശ്രീ പ്രവർത്തകർ എന്നിവർ പങ്കെടുത്തു.

### പ്രവർത്തനം

നിർദ്ദേശാനുസരണം ഉള്ള നിലവാരം നിലനിർത്തി ഉല്പാദിപ്പിക്കുന്ന പോഷകാഹാരം കോയിപ്രം ബ്ലോക്കിന് കീഴിലുള്ള ആറു പഞ്ചായത്തുകളിലെ 135 അംഗൻവാടികളിൽ വിത

രണം ചെയ്യുന്നു. രാവിലെ 9.30 മുതൽ വൈകുന്നേരം 5.30 വരെ ജോലി ചെയ്യുന്നു. ആദ്യകാലങ്ങളിൽ 100 രൂപ വേതന അടിസ്ഥാനത്തിൽ എല്ലാ മാസവും ശമ്പളം എടുക്കുന്നു. 2011 മുതൽ കൗമാരപ്രായക്കാർ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് നൽകുന്ന പോഷകാഹാരം വിതരണം ചെയ്തുവരുന്നു. സി.ഡി.പി.ഒ., സൂപ്രവൈസർ എന്നിവരുടെ ഇടപെടലുകളിൽവെച്ച് ബില്ലുകൾ അതാതുമാസം കൃത്യമായി മാറികിട്ടുന്നതിന് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

2010 ൽ ജില്ലാ മിഷന്റെ ശുപാർശ പ്രകാരം എഫ്.സി.ഐ. യുടെ ഗോതമ്പ് ലഭിക്കുന്നു്. നല്ല രീതിയിൽ ഈ യൂണിറ്റ് പ്രവർത്തിച്ചുവരുന്നതിന്റെ പ്രധാന ഘടകം യൂണിറ്റ് അംഗങ്ങളുടെ കൂട്ടായ്മയാണ്. 2012 മെയ് മാസം മുതൽ അമൃതത്തിന്റെ വില 40/ ൽ നിന്ന് 50/ രൂപ ആക്കി.

**സഹായധനം**

സ്ഥാപനത്തിന് ലഭിക്കുന്ന വരുമാനത്തിൽ നിന്ന് ഗവൺമെന്റ് സ്കൂളിൽ ഉച്ചഭക്ഷണത്തിനും രോഗികൾക്ക് ചികിത്സയുമായി ധനസഹായം ചെയ്യാറു്.

**കുടുംബശ്രീ പശ്ചാത്തലം**

2008 ൽ ആരംഭിച്ച യൂണിറ്റിന്റെ പ്രവർത്തന വിജയം അംഗങ്ങളുടെ ആത്മാർത്ഥവും ഐക്യത്തോടെയുമുള്ള കഠിന പ്രയത്നമാണെന്ന് പറയുമ്പോഴും, കു◌ുടംബശ്രീ തലത്തിൽ പ്രവർത്തിച്ച് വന്നതിൽവെച്ച് ആത്മ വിശ്വാസമാണ് പ്രധാനമെന്ന് ഞങ്ങൾ സ്മരിക്കുന്നു. യൂണിറ്റിനുായിരുന്ന വായ്പ തീർക്കുന്നതിനും പുതിയ ഉത്പന്നങ്ങളിലേക്ക് പ്രവർത്തനവും വിപണനവും വ്യാപിപ്പിക്കുന്നതിനും സാധിച്ചത് അച്ചടക്കത്തോടുകൂടിയ സാമ്പത്തിക ക്രമീകരണമാണ്. അതിനുള്ള അറിവും പരിചയവും ലഭിച്ചത് കുടുംബശ്രീ പ്രവർത്തനങ്ങളിലൂടെയാണ്.ഇപ്പോൾ മെച്ചമായവരുമാനത്തിലേക്ക് എത്തുവാനും അതിലൂടെ കുടുംബ ബഡ്ജറ്റിന്റെ ഭാഗമാകുവാനും ഞങ്ങൾക്ക് സാധിക്കുന്നു.

സാമ്പത്തിക ശാക്തികരണത്തിലൂടെ പദവിയും ആത്മവിശ്വാസവും കൈവരിയ്ക്കുവാനുള്ള ശ്രമം ഓരോ കുടുംബശ്രീ പ്രവർത്തകർക്കും ഉാകണമെന്നാണ് ഞങ്ങൾക്ക് അഭ്യർത്ഥിയ്ക്കുവാനുള്ളത്.

**വരുംകാല ലക്ഷ്യങ്ങൾ**

ആരംഭം മുതൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ഞങ്ങളുടെ യൂണിറ്റിന് സ്വന്തമായൊരു കെട്ടിടം എന്ന ആഗ്രഹം സഫലമാക്കുകയാണ്. കുടുംബശ്രീ പ്രവർത്തനങ്ങളിൽ ഇടപെടുകയും സ്ത്രീകളെ സംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകിയും രാജ്യ സഭാ അംഗംവരെയായ ശ്രീമതി. ടി.എൻ. സീമ അനുവദിച്ചു തന്ന ഏഴ് ലക്ഷം രൂപയോടൊപ്പം വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഫും ചേർത്ത് ഈ സാമ്പത്തിക വർഷം തന്നെ ഞങ്ങളുടെ കെട്ടിടം പണി പൂർത്തിയാക്കാമെന്നു കരുതുന്നു. ഉത്പ്പന്നത്തിന്റെ വിതരണത്തിന് ഒരു വാഹനം ആവശ്യമായി വരുന്നു. അതിന്റെ ഡ്രൈവിംഗ് പഠിക്കുന്നതിന് ഞങ്ങൾ ശ്രമിച്ചരുന്നു. ഉല്പന്ന

ങ്ങളിൽ വൈവിധ്യം ഉാക്കി പൊതുവിപണിയിലും കച്ചവട സാദ്ധ്യത കത്തെുക എന്നതും വരും കാല ലക്ഷ്യമാണ്.

യൂണിറ്റിന്റെ ആരംഭം മുതൽ നാളിതുവരെയുള്ള പ്രവർത്തനങ്ങളിൽ തങ്ങൾക്ക് ആവശ്യമായ പിന്തുണയും, ഇപ്പോൾ കെട്ടിട നിർമ്മാണത്തിനുള്ള ഫ് ലഭ്യമാക്കുന്നതുവരെ സഹായവും നൽകിയ അന്നത്തെ ഗ്രാമപഞ്ചായത്ത് അംഗവും ഇപ്പോൾ ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായ അഡ്വ. രാജീവിന്റെ ഇടപെടലും സഹായവും സി.ഡി.പി. മായാലക്ഷ്മി, ഗ്രാമപഞ്ചായത്ത് മുൻ ഭരണസമിതി, സാമൂഹ്യക്ഷേമവകുപ്പിലെ ഉദ്യോഗസ്ഥർ കാലാകാലങ്ങളിലെ കുടുംബശ്രീ ഡി.എം.സി. മാർ, സി.ഡി.എസ്. മുൻചെയർപേഴ്സൺ ആയിരുന്ന ശ്രീമതി സരോജിനി രാജനിൽ നിന്നും ലഭിച്ച സഹായവും ഈ അവസരത്തിൽ പ്രത്യേകം സ്മരിക്കുന്നു.

കുടുംബശ്രീ പ്രവർത്തനങ്ങളിൽവെച്ച് ഞങ്ങൾക്കുായ മെച്ചപ്പെട്ട ജീവിതസാഹചര്യം മറ്റുള്ള കുടുംബശ്രീ അംഗങ്ങൾക്കും മാതൃകയും പ്രചോദനവും ആകുമെന്ന് പ്രതീക്ഷിച്ചുകൊ്.

| | |
|---|---|
| ജയശ്രീ | മിനി അനിൽകുമാർ |
| യൂണിറ്റു പ്രസിഡന്റ് | സെക്രട്ടറി |

## 14. ജീവിക്കാനുള്ള പ്രേരണാ ശക്തിയാണ് കുടുംബശ്രീ

കുടുംബശ്രീയിൽ വന്നതിനുശേഷം എനിക്ക് എന്റെ ജീവിത്തതിൽ ഉായ മാറ്റം ആണ് എഴുതുന്നത്. ആദ്യം ചെറിയ ഒരു അയൽക്കൂട്ടത്തിൽ നിന്നും ആണ് തുടക്കം. കുടുംബശ്രീയിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞപ്പോൾ ചെറിയ ക്ലാസ്സുകൾ ചെയ്യാൻ സാധിച്ചു. ൦ന്നാൽ കാര്യമായ ഒരു വിവരവും അതിൽ നിന്നും കിട്ടിയില്ല. എന്നാൽ സ്ത്രീ പദവി സ്വയം പഠനം എന്ന ഒരു ചെറിയ കൈപ്പുസ്തകത്തിന്റെ അറിവ് വളരെയേറെ എനിക്ക് ഉപകാരപ്രദമായി. അതാണ് എന്റെ ജീവിതത്തിലും കൂടുതൽ കരുത്തേകാൻ നിയോഗമായത്. പിൽക്കാലത്ത് "സ്ത്രീയും തൊഴിലും, സ്ത്രീയും ആരോഗ്യവും" ൦ന്ന പുസ്തകത്തിന്റെ തയ്യാറാക്കലിൽ എനിക്ക് ഭാഗമാകാൻ കഴിഞ്ഞതിലും ഞാൻ കുടുംബശ്രീയോടാണ് കടപ്പെട്ടിരിക്കുന്നത്. സ്കൂൾ തലം കഴിഞ്ഞാൽ കുടുംബശ്രീയിൽ വന്നതിനു ശേഷമാണ് ആദ്യമായി മൈക്ക് കയ്യിൽ പിടിച്ച് സംസാരിക്കാൻ കഴിയുകഎന്നത് വലിയ ഒരു നേട്ടം തന്നെയാണ്, ഒരു പ്രോഗ്രാമിൽ മുൻ നിരയിൽ ഇരിക്കാൻ ഭയമായിരുന്നു. പക്ഷെ 2,3 ക്ലാസ്സുകൾ കഴിഞ്ഞപ്പോൾ അത് മാറി. ഒരു ഓഫീസിൽ കയറി പോകാൻ പേടിയായിരുന്നു. ഓഫീസിൽ ഉദ്യോഗസ്ഥനോട് എങ്ങനെ ചോദിക്കണം എന്നും അവർ നമ്മൾ എന്തെങ്കിലും ചോദിച്ചാൽ എന്താണ് പ്രതികരണം ഇതൊക്കെ ആദ്യകാലങ്ങളിൽ പേടി ആയിരുന്നു. ഇപ്പോൾ അതെല്ലാം മാറി. കാര്യങ്ങൾ ചോദിക്കുന്നതിനും നമ്മുടെ അവകാശമാണ് ആവശ്യങ്ങൾ നേടുക എന്നും ബോദ്ധ്യമായി.

ഞാൻ ഇപ്പോൾ ജില്ലാമിഷന്റെ ഒരു റിസോഴ്സ് പേഴ്സൺഡ ആണ്. അതിന് നന്ദി പറയേത് എന്റെ പഞ്ചായത്തിലെ ഇൻചാർജ് ആഫീസറും പിന്നീട് ജില്ലാ റിസോഴ്സ് പേഴ്സണുമായ മഹേഷ് സാറിനോടാണ്. സാർ ആണ് എന്നെ ഇതിലേക്ക് കൊു വന്നത്. ഒരു റിസോഴ്സ് പേഴ്സൺ എന്ന നിലയിൽ ഒത്തിരി കാര്യങ്ങൾ പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും കഴിഞ്ഞിട്ടു്.

അതു പോലെ നമ്മുടെ ജില്ലയിലെ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവ അറിയാൻ കഴിയുക, അവിടെ ജില്ലാമിഷന്റെ ചിലവിൽ പോകാനും അവരുമായി ഒരു വേദി പങ്കിടാനും കഴിഞ്ഞു. മുമ്പ് 2 പേരോട് സംസാരിക്കാൻ മടിയായിരുന്നു. ഇപ്പോൾ ഒരു സദസ്സിനെ ഫെയിസ് ചെയ്യാനും മടിയില്ല. ഒരു പുരുഷന്റെ കണ്ണിൽ നോക്കി സംസാരിക്കാൻ ഭയം ആയിരുന്നു. ഇപ്പോൾ ഒരു കൂട്ടം പുരുഷന്റെ കണ്ണിൽ നോക്കി സംസാരിക്കാൻ ഭയമില്ല. കാശ് കയ്യിൽ ഉങ്കെിൽ ഒറ്റയ്ക്ക് എവിടെ വേണമെങ്കിലും യാത്ര ചെയ്യാം. കാരണം സ്ത്രീകൾക്ക് സംരക്ഷണം തരുന്ന നിയമങ്ങ്ഹൾ ഫോൺ നമ്പരുകൾ എല്ലാം എന്റെ കൈവശം ു്. അത് എവിടെയാണ് പ്രയോജനപ്പെടുത്താൻ കഴിയുക എന്ന് ഞാൻ പഠിച്ചു. 13 വർഷക്കാലമായി ഭർത്താവില്ലാതെ ജീവിക്കുന്ന ഒരു സ്ത്രീയാണ് ഞാൻ. എനിക്ക് ര് ആൺ കുട്ടികൾ ു്. ഒരു മകന് ഒന്നര വയസ്സും ഒരു മകന് 10 മാസവും പ്രായമുള്ളപ്പോൾ ഭർത്താവ് കോഴിക്കോട്ട് ഒരു വാടക വീട്ടിൽ ഇട്ടിട്ട് പോയതാണ്. അപ്പോൾ ജീവിതത്തിൽ ഉ ാകുന്നപ്രശ്നങ്ങൾ വളരെ കൂടുതലാണ്. സമൂഹത്തിന്റെ ചൂഷണങ്ങൾ ഏതൊക്കെ വഴിക്ക് നമ്മൾക്ക് ഉാകാം. ഇതിനെ എങ്ങനെ നേരിടാൻ കഴിയും. സാമ്പത്തിക കാര്യങ്ങൾ എങ്ങനെയാണ് കൈകാര്യം ചെയ്യുന്നത്. ഇതൊക്കെ കുടുംബശ്രീയിൽ ആർ പിയായി പ്രവർത്തിക്കുന്നതിൽ നിന്നും കിട്ടുന്ന അറിവുകൾ ആണ്. കുടുംബശ്രീ ഒറ്റക്ക് ജീവിക്കുന്ന സ്ത്രീകൾക്ക് താങ്ങും തണലുമാമ്. ജീവിക്കാനുള്ള പ്രേരണാ ശക്തിയാണ് കുടുംബശ്രീ. ഇപ്പോൾ എനിക്ക് ഒരു മിനിട്ട് വെറുടെ നഷ്ടപ്പെടുത്താൻ സാധിക്കില്ല. എന്റെ തലച്ചോറ് തുരുമ്പ് എടുക്കാതെ എപ്പോഴും പ്രവർത്തിക്കുന്നത് കുടുംബശ്രീയിലെ പല ക്ലാസ്സുകൾ ആണ്. അതിനോടൊപ്പം എന്റെ ഒരു വരുമാന മാർഗ്ഗം റിസോഴ്സ് പേഴ്സൺ എന്ന നിലയിൽ പ്രവർത്തിക്കുമ്പോൾ ഉാകുന്ന വരുമാനം ആമ്. എന്റെ ഒരു മകൻ സി.ബി.എസി.ഇ-9 ലും, ഒരാൾ 8-ലും പഠിക്കുന്നു. ഇപ്പോൾ ഞാൻ വാടക വീട്ടിലാണ് താമസം. സ്വന്തമായി 2 സെന്റ് വസ്തുവിനുള്ള പ്രയത്നത്തിലുമാമ്.

ബഹുമാനിക്കേവരെ ബഹുമാനിച്ചും അർഹതപ്പെടുന്ന അവകാശങ്ങൾ നോടിയെടുക്കുന്നതിനും എനിക്ക് കിട്ടിയ ഈ അറിവ് എല്ലാവർക്കും പ്രയോജനപ്പെടുത്തിയും ഞാൻ എന്റെ യാത്ര തുടരുകയാണ്. എല്ലാവർക്കും എല്ലാ വിധമായ നന്മകളും നേരുന്നു. നിർത്തുന്നു.

നിങ്ങളുടെ സ്വന്തം,

ഷീജാബീഗം
കാരുണ്യ കുടുംബശ്രീ,
കണമുക്ക്.

## 15. നാടിന്റെ സ്പന്ദനം അിറഞ്ഞ കുടുംബശ്രീ.

തോട്ടപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്തിലെ 6–ാം വാർഡിൽ പ്രവര്ത്തിക്കുന്ന വനിതാരത്നം അയൽക്കൂട്ടത്തിലെ ഒരംഗമാണ് ഞാൻ. തോട്ടപ്പുഴശ്ശേരിയിലെ പ്രമാടത്തു മലയിൽ സാമ്പത്തികമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന കർഷകതൊഴിലാളികളുടെ കുടുംബങ്ങളാമധികവും. ഇങ്ങനെയുള്ള ിരുപത് കുടുംബങ്ങളിലെ സ്ത്രീകൾകൂടുന്ന കൂട്ടായ്മയാണ് വനിതാരത്നം. ഈ അയൽക്കൂട്ടത്തിന്റെ സെക്രട്ടറിയായും പ്രസിഡന്റായും ഒക്കെ എനിക്ക് പ്രവർത്തിക്കാൻ കഴിഞ്ഞിട്ടു്. പകലന്തിയോളം പണിയെടുത്ത് വൈകുന്നേരങ്ങളിൽ അല്പം മദ്യസേവയും കഴിഞ്ഞ് എത്തുന്ന പുരുഷൻമാരുടെ സമാഗമം രാത്രികാലങ്ങളിൽ പാറപ്പുറത്ത് വട്ടം കൂടിയിരുന്നുള്ള ചീട്ടുകളിസ്ഥലമാണ്.ഇത് ദിവസവും ഉള്ള കാര്യമായിരുന്നു.പണം വച്ചുള്ള ചീട്ടുകളിൽ പണം നഷ്ടപ്പെടുന്നവർ ബഹളം വയ്ക്കും . അവിടുന്ന് വീട്ടിൽ ചെന്നാൽ ‘ാര്യമാരുടെ ബഹളം അടിയും അലമുറയും അയൽ വാസികൾക്കു പോലും ഉറങ്ങാൻ കഴിയുകയില്ല കുട്ടികൾക്ക് പഠിക്കാൻ പോലും കഴിയുകയില്ല.തൊഴിൽ ചെയ്ത് തളർന്നുറങ്ങുന്നവർ ഞെട്ടിയുണരുന്നത് നിത്യസം‘വമാണ്. പട്ടിണിയും പരിവട്ടവും പല കുടുംബശ്രീ സഹോദരിമാരും അയൽക്കൂട്ടത്തിൽ ത്രിഫ്റ്റ് വയ്ക്കാൻ കഴിയാത്തതിനാൽ വിഷമം പറഞ്ഞു.

പതിവുപോലെയുള്ള ആഴ്ചയോടെ യോഗം അന്നും നടന്നു. ഒരു അംഗം(പേരു പറയാൻ കഴിയില്ല)എഴുന്നേറ്റു നിന്ന് പറഞ്ഞു. ഇന്ന് ഈ അയൽക്കൂട്ടത്തിൽ ഒരു തീരുമാനം എടുക്കണം. ഇവിടുത്തെ ചീട്ടു കളി നിർത്താൻ എന്തെങ്കിലും ചെയ്തില്ലെങ്കിൽ പല കുടുംബത്തിലും ആത്മഹത്യ നടക്കും. പ്രസ്ഡന്റായിരുന്ന ഞാൻ എന്താണ് ചെയ്യേ്ത് എന്ന് കുറച്ച് സമയം ആലോചിച്ചു. കാരണം അവരോട് ചോദിക്കാൻ ചെന്നാൽ ചീത്തവിളികേൾക്കാം. അതറിഞ്ഞാൽ വീട്ടിലുള്ളവർ വഴക്കു പറയും. പെട്ടെന്ന് എല്ലാ അംഗങ്ങളും ഒന്നിച്ച് പ്രസിഡന്റും സെക്രട്ടറിയും മുൻകൈയ്യെടുത്തേ പറ്റൂ ഞങ്ങളും വരാം എന്ന് പറഞ്ഞ് എന്തും വരട്ടെ എന്ന് കരുതി ഞങ്ങൾ അന്ന് വൈകുന്നേരം ചീട്ടുകളി സ്ഥലത്തെത്തി. ചീട്ടുകളിക്കാർ ഞങ്ങളെ സംശയത്തോടെ നോക്കി ഞാനൊന്ന് ചിരിച്ചുകൊ് പറഞ്ഞു. “ ഇന്ന് ഞങ്ങളും ചീട്ടുകളിക്കാൻ വന്നതാണ് “. “അതിനെന്താ വന്നോളൂ”ചീട്ടുകുത്തുന്ന ആൽ പറഞ്ഞു. ചിലരെങ്കിലും ദേഷ്യത്തോടെ നോക്കി, കൂട്ടത്തിൽ ഭാര്യമാരെ കുകൊാകാം കുറെക്കൂടി ഗൗരവത്തിലായി ചിലർ, ഞാൻ തുടക്കമിട്ടു. “നിങ്ങൾ കഷ്ടപ്പെട്ട് ജോലി കഴിഞ്ഞു വന്നവരല്ലേ ? വീട്ടിൽ കുഞ്ഞുങ്ങൾ പഠിക്കേ ? ഈ ബഹളം മറ്റുള്ളവർക്ക് ദോഷം ചെയ്യുന്നതല്ലേ. നിങ്ങലുടെ കുഞ്ഞുങ്ങൾ നിങ്ങളെക്കല്ലേ പഠിക്കേത് ? കഷ്ടപ്പെട്ടുായ പണം നഷ്ടപ്പെടുത്തുന്നതെന്തിനാണ്. ഇത് ഒരു സാമൂഹ്യ തിന്മയാണ്. ഇത് ഞങ്ങൾ ഇവിടെ അനുവദിക്കുകയില്ല. പോലീസിൽ പരയോി വരും തുടങ്ങി കുറെ കാര്യങ്ങൾ പറഞ്ഞു. തൊട്ടടുത്ത പ്രദേശത്ത് മെച്ചപ്പെട്ട ജീവിതം നയിക്കുന്നവരെ ചൂിക്കാണിച്ചു. നമ്മുടെ സാമ്പത്തികമില്ലായ്മ നമുക്ക് കിട്ടുന്ന കാശ് വേ വിധം പ്രയോജനപ്പെടുത്തുന്നതിനാലാണ്. ഞങ്ങൾ സമാധാനത്തോടെ മാറിമാറി ഉപദേശ രൂപത്തിൽ പറഞ്ഞു കോിരുന്നു.

ഓരോരുത്തരായി എഴുന്നേറ്റു പോയി. ഇതുമൂലം കലഹം ഉായ കുടുംബങ്ങളിൽ ഞങ്ങൾ കൂട്ടമായി സന്ദർശിച്ചു. സ്നേഹത്തോടെയുള്ള ശാസനകൾ അവർ മനസ്സിലാക്കി. കഷ്ടപ്പെട്ടു ാക്കിയ പണം വീടുകളിലെത്തി. സമാധാനമായി അയൽക്കൂട്ടത്തിൽ ത്രിഫ്റ്റ് ഉായി ലോണുകൾ ലഭിച്ചു. വാർഷികവും മറ്റും നടത്തുമ്പോൾ ഈ പുരുഷൻമാർക്ക് ഞങ്ങൾ സഹായവും പിന്തുണയും നൽകാൻ തുടങ്ങി. പല വീടുകളിലും അയൽക്കൂട്ട വായ്പ ഉപയോഗിച്ച് വീട്ടുപകരണങ്ങൾ വാങ്ങാനും കുട്ടികലെ പഠിപ്പിക്കാനും കഴിഞ്ഞു.

4 കുടുംബങ്ങൾ ഓട്ടോ റിക്ഷകൾ വാങ്ങി. ഗ്രാമ പഞ്ചായത്തിന്റെ സഹായത്തിൽ വഴികൾ നന്നാക്കുന്നതിനും വീടുകൾ പണിയുന്നതിനുമുള്ള ഒരു വലിയ സഹകരണ കൂട്ടായ്മ തന്നെ ഉായി.

ഈ പ്രദേശത്തിന്റെ വളർച്ചക്ക് കുടുംബശ്രീയിലൂടെ ല'ിച്ച അറിവും സഹായവും എത്രത്തോളം പ്രയോജനപ്പെട്ടു എന്നു പറയാൻ ഇനിയും ഉദാഹരണങ്ങൾ ു്. ഒരു കുടുംബശ്രീ അംഗമായതിൽ ഞാൻ അ'ിമാനിക്കുന്നു.

## 16. അശരണർക്ക് ആലംബമായ്

തോട്ടപ്പുവശ്ശേരിയിലെ 1-ാം വാർഡിലെ ഝാൻസി റാണി കുടുംബശ്രീയിലെ അംഗമാണ് ഞാൻ. ഇന്നു ഞാൻ ഫെഡറൽ ബാങ്കിലെ അറ്റന്ററാണ്. 2009 ലാണ് എനിക്ക് ജോലിയായത് അതിന് മുൻപ് വാർഡ് സമിതി അംഗവും സി.ഡി.എസ് അംഗവുമൊക്കെയായി കുടുംബശ്രീയിൽ പ്രവർത്തിക്കാൻ ഭാഗ്യം കിട്ടിയിട്ടു്. ഞാനൊരു കുടുംബശ്രീ ഭാരവാഹിയായിരുന്നപ്പോൾ എനിക്കുായ അനുഭവമാണ് ഞാൻ എഴുതുന്നത്. രാം പ്രാവശ്യം സി.ഡി.എസ്സ് അംഗമായി ഞാൻ തിരഞ്ഞെടുത്ത സമയത്ത് 9-സി.ഡി.എസ്സ് അംഗങ്ങളും ആശ്രയാ ഗുണ'ോക്താക്കളെ കുപിടിക്കുന്നതിനുള്ള ൌുസർവ്വേക്കിറങ്ങി. അതുവരെ വാന്നിരുന്നദ്ാലും ഈ സർവ്വേയിലൂടെ ഒരുപാട് അശരണരെ കത്തൊൻോ കഴിഞ്ഞു.

ഞങ്ങളുടെ വാർഡ് ഉയർന്ന പ്രദേശമാണ്. ടാറിംഗ് ഒന്നും നടക്കാത്ത ഉരുളൻ കല്ലുകൾ നിറഞ്ഞ വഴിതായിയാണ് നെടിയത്ത് ചെല്ലമ്മഎന്ന 62 കാരിയുടെ വീട്ടിൽ ചെന്നത് . ഇവർ വിധവയാണ്. പ്രമേഹം പിടിച്ച് വ്രണങ്ങൾ നിറഞ്ഞ കാലുകൾ ഉള്ള സഹോദരിയുടെ മുറിവ് മരുന്നു പുരട്ടി കെട്ടിക്കൊിരിക്കുമ്പോഴാണ് ഞങ്ങൾ ചെന്നത് . ഈർക്കിലുകൾ വലപോലെ കാണാവുന്ന മേൽക്കൂരയുള്ള ഓലക്കുടിലിലാണ് ഇവർതാമസിക്കുന്നത്. പരിസരപ്രദേശങ്ങൾ കാടു നിറഞ്ഞ് നിന്നു. കക്കൂസോ കുടിവെള്ളമോ ഒന്നും ഇല്ലാത്ത വീട്. മിക്ക ദിവസങ്ങളിലും സരസമ്മ ആശുപത്രയിലാണ്. ഇവരെ ആശ്രയാ പ്രൊജക്ടിൽ പെടുത്താൻ ഞങ്ങൾ തീരുമാനിച്ചു ഉൾപ്പെടുത്തി. ഞങ്ങളുടെ വാർഡിൽ ഒരു വനിത മെമ്പറുമാണുള്ളത്. ചെല്ലമ്മക്ക് ആശ്രയാ ഗുണഭോക്താക്കൾക്കനുവദിച്ച വീടുന്നെറിഞ്ഞപ്പോൾ പ്രത്യേ എ.ഡി.എസ്സ് യോഗം മെമ്പർ ഉൾപ്പെടെ കൂടി, പഞ്ചായത്തിൽ നിന്നും വെറും 35,000 കിട്ടുമായിരുന്നുള്ളു ഈ തുക ഈ മലയിൽ ചുമട്ടുകൂലിക്കേയുല്ളൂ എന്ന് ഞങ്ങൾ ആലോചിച്ചു. എല്ലാത്തിനും ജോളിരാജൻ മെംമ്പർ മുൻഢ പന്തിയിൽ നിന്നു. വാർഡിലെ പൊതുജനങ്ങളെ കാണാനും സഹായം

ചോദിക്കാനും തീരുമാനിച്ചു തറ പണിയുന്നതിനുള്ള ആദ്യ ചെലവുകൾ മെമ്പർ കൈയ്യിൽ നിന്നും എടുത്തു. ഞങ്ങൾ ചെന്ന് കവരിൽ കുറെപ്പേർ ചെല്ലമ്മക്ക് സൗജന്യമായി ജോലി ചെയ്ത് കൊടുക്കാമെന്ന് ഏറ്റു. ഞങ്ങൾ എ.ഡി.എസ്സ് പ്രവർത്തകരും അയൽക്കൂട്ട അംഗങ്ങളും മേക്കാട് പണി ചെയ്യാനും കല്ലും,മണ്ണും മരവും, ചുമന്നു കൊടുക്കാനും തുടങ്ങി. എല്ലാവരുടേയും മനസ്സിൽ ഒരു വീടുതീർക്കണമെന്നുള്ള വാശിയായിരുന്നു. അപ്പോഴാണ് വാർഡിൽ തന്നെയുള്ള മാന്യ വ്യക്തി പഴയ വീട്പൊളിച്ച് ജനലുകളും കതകുകളും രൊക്കം തരാമെന്ന് പറഞ്ഞത്. സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ ഓരോരുത്തരും ഈ വീടുപണി കാണാൻ വരുകയും തങ്ങളാൽ കഴിയുന്ന സഹായം ചെയ്തു കൊടുക്കുകയും ചെയ്തു. പഞ്ചായത്തിൽ നിന്നും പണം കിട്ടുന്നത് കാത്തിരിക്കാതെ അപ്പപ്പോൾ ഈ സഹായ കമ്മറ്റി പണം കത്തെി പണികൾ നടത്തി. അങ്ങനെ രു മുറിയും, തിണ്ണയും അടുക്കളയും വാർക്കുകയും സിറ്റൗട്ടുമുല്ള മനോഹരമായ വീട്, കക്കൂസ്, പൈപ്പ് കണക്ഷൻ എല്ലാമെല്ലാം ചെല്ലമ്മക്കായി തീർന്നു. ഇതിനെല്ലാം വാർഡ് മെമ്പർ ഇടപെട്ടു നടത്തി. സ്വന്തമായി ഒരാവശ്യത്തിനും ഒരു ഓഫീസ്സ്ല് പോലും പോകാൻ കഴിയാതിരുന്ന ഈ സഹോദരിമാർക്ക് ഒരു നാടിന്റെയും കുടുംബശ്രീയുടേയും ജന പ്രതിനിധികളുടേയും അക്ഷീണ പരിശ്രമം കൊ് വെറും ഒരുമാസത്തിനുള്ളിൽ സമാധാനത്തോടെ ഉറങ്ങാൻ ഒരു വീട് . അത്യാവശ്യങ്ങൽക്കായി പെൻഷൻ എല്ലാം നേടിക്കൊടുക്കൻ കഴിഞ്ഞതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. പഞ്ചായത്തിൽ ആദ്യമായി ആശ്രയാ കുടുംബത്തിന് വേി തീർത്ത വീടിന്റെ താക്കോൽ ദാനം നടത്തുന്നതിന് ഒരു നല്ല ഫംഗ്ഷൻ വയ്ക്കാൻ ഞങ്ങൾ തീരുമാനിച്ചു. ഏതു നല്ല കാര്യത്തിനും കുറെ വിമർശകരുാകുമല്ലോ ? അതുായി. ആത്മാർത്ഥതയോടെ പ്രവർത്തിച്ചവർക്കെതിരെ കുറ്റം പറച്ചിൽ വന്നു. എന്നിരുന്നലും അത് നടന്നു. അന്നത്തെ ബഹുമാനപ്പെട്ട എം.പി.ശ്രീമതി. സുജാത (മാവേലിക്കര മണ്ഡലം ) താക്കോൽദാനം നടത്തി. ഒരു നാടുമുഴുവൻ ഇതിന് സാക്ഷിയായി ഇതിനൊക്കെ നേതൃത്വം നൽകാൻ ഞാനും ഉായല്ലോ. എന്നോർക്കുമ്പോൾ മനസ്സ് കുളിരണിയുകയാണ്. നല്ല പ്രവൃത്തനങ്ങൾക്ക് ദൈവം പ്രതിഫലം തരുമെന്ന് ഞാൻ വിശ്യസിക്കുന്നു. 2008 ൽ ചെയർപേഴ്സൺ എന്നെ വിളിച്ചു പറഞ്ഞു. തോന്നിപ്പുഴ ഫെഡറൽ ബാങ്കിൽ ബിൽ കളക്ട് ചെയ്യുന്നതിന് ഒരാളെ ഞങ്ങളുടെ വാർഡിൽ നിന്നും വേണം. ഫെഡറൽ ബാങ്ക് വാർഡിലാണ്. ആ വാർഡിൽ നിന്നാണ് ആള് വേത്. വിലാസിനിക്ക് പറ്റുമോ. മാനേജരെ പോയി കാണണം എന്ന് പറഞ്ഞു. അന്ന് ആടുവളർത്തൽ യൂണിറ്റുകൾക്ക് ലോൺ നൽകുന്നതുമായി ബന്ധപ്പെട്ട് ചെയർപേഴ്സൺ ബാങ്കിൽ ചെന്നപ്പോൾ മാനേജർ ആവശ്യപ്പെട്ടതായിരുന്നു. ഉടനെ ഞാൻ മാനേജറെ കു. എന്നെ നിയമിച്ചു. ഇന്ന് ഞാൻ സ്ഥിരമായി ഒരു വരുമാനമുള്ളയാളായി മാറി. കുടുംബശ്രീയേയും അതിന്റെ നന്മയേയും എനിക്ക് ഒരിക്കലും മറക്കാൻ പറ്റില്ല.  ഈ പ്രസ്ഥാനം എന്നും നിലനിൽക്കട്ടെ.

വിലാസിനി ശിവൻകുട്ടി
കൊടിയിട്ട കാലായിൽ
വാർഡ് 1

## 17. വിഷമഘട്ടങ്ങൾ തരണം ചെയ്തു.

തോട്ടപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്തിൽ 8–ാം വാർഡിൽ പ്രവർത്തിക്കുന്ന ഐശ്വര്യ കുടുംബശ്രീയിലെ അംഗമാണ് ഞാൻ. അയൽക്കൂട്ടം ഒരു അക്ഷയഖനിയായിട്ടാണ് എനിക്കനു'വപ്പെടുന്നത്. പാവപ്പെട്ട ഇരുപതുകുടുംബങ്ങൾ ഉള്ള കുടുംബശ്രീയിൽ എല്ലാ തരത്തിലുമുള്ള പിന്നോക്കാവസ്ഥയു്. അറിവുകൾ പരിശീലനങ്ങളിലൂടെയും, സെമിനാറുകളിലൂടെയും മീറ്റിംഗുകളിലൂടെയും, കിട്ടിയിട്ടു്. നാണംകുണുങ്ങാതെ സംസാരിക്കാനാകുന്നു്. സാമ്പത്തിക നേട്ടം രോഗാവസ്ഥയിലാകുന്ന അംഗങ്ങളേയും കുടുംബങ്ങളേയും സഹായിക്കുകയും സന്ദർശിക്കുകയും ചെയ്യുമ്പോഴുാകുന്ന സംതൃപ്തി പറഞ്ഞറിയിക്കാൻ പറ്റില്ല. എനിക്കു മറക്കാനാവാത്ത ഒരനു'വമാണ് എന്റെ പഠനത്തിന് എന്നെ കൈപിടിച്ചുയർത്തിയ അയൽക്കൂട്ട സഹോദരിമാരെ, എന്റെ മൂത്ത മകൾ നേഴ്സിംഗിന് അഡ്മിഷൻ കിട്ടിയ സമയം. അവളുടെ ഇളയ സഹോദരങ്ങളും പഠിക്കുന്നുമു്. കൂലിപ്പണിക്കാരനായ 'ർത്താവിന്റെ വരുമാനമാണ് ആശ്രയം. ഞാൻ അയൽക്കൂട്ടത്തിലെ സെക്രട്ടറിയാണ്. പല ആവശ്യങ്ങൾക്കും ചെറിയ ചെറിയ തുകകൾ എടിത്തിട്ടു്. എനിക്ക് വലിയ ഒരു തുകയാണ് വേത്. പലരുടെ സഹായത്തിൽ കുറെ പണം സംഘടിപ്പിച്ചു. ബാക്കിക്കായി ഞാൻ അയൽക്കൂട്ടത്തിൽ അപേക്ഷ വച്ചപ്പോൾ നിലവിലൊരു ലോണുള്ളതുകൊങ്ങെനെയാണ്. അതടക്കാതെ എടുക്കുന്നത് നിയമവിരുദ്ധമാണ് എന്നൊക്കെ ചർച്ചയിൽ അ'ിപ്രായം വന്നു. ത്രിഫ്റ്റ് നിക്ഷേപം കൂടാതെ ഓണത്തിനുള്ള അരിച്ചിട്ടിക്ക് അംഗങ്ങൽ ഒരു തുക അടച്ചു വരുന്നുായിരുന്നു. കുറെ സമയം എല്ലാവരും നിശബ്ദരായിരുന്നു. അടുത്ത ദിവസം കുട്ടിയെ ചേർക്കണം. എന്റെ ഹൃദയമിടിപ്പ് കൂടി. കണ്ണുകൾ നിറയുന്ന വിധമായി. അപ്പോൾ പ്രസിഡന്റ് പറഞ്ഞു. അയൽക്കൂട്ടത്തിൽ നിക്ഷേപം കുറവാണ്. എന്നാൽ ഏലിയാമ്മയെ സഹായിച്ചില്ലെങ്കിൽ ഈ അയൽക്കൂട്ടം ഇങ്ങനെയുള്ള കാര്യത്തിനല്ലേ എന്നൊക്കെ പറഞ്ഞു. അംഗങ്ങൽ കുറെ സമയെ മിാതിരുന്നു, പെട്ടന്ന് അരിച്ചിട്ടി തുക സൂക്ഷിക്കുന്ന അംഗം പഞ്ഞു. ഓണത്തിന് തിരിച്ചടയ്ക്കാമെങ്കിൽ ആ പണം കൊടുക്കാമല്ലോ എല്ലാവരും തലയാട്ടി. ഒരു കുഞ്ഞിന്റെ 'ാവിയല്ലേ കൊടുക്ക് രാജമ്മചേച്ചി പറഞ്ഞു. അങ്ങനെ 10,000 രൂപ എനിക്ക് തരാൻ തീരുമാനിച്ചു. ശ്വാസം തിരിച്ചുകിട്ടി. അങ്ങനെ എന്റെ മകൾ ഇന്നൊരു നേഴ്സാണ് എത്ര എത്ര സഹായങ്ങൾ എന്റെ 'ർത്താവിനും അമ്മക്കും അസുഖം വന്നപ്പോൾ ചികിൽസാ സഹായം കിട്ടി. പശു വളർത്തൽ യൂണിറ്റിലൂടെ വാങ്ങിയ പശുക്കൾ ഇന്ന് ഒരു പ്രധാന വരുമാനം നേടിത്തന്നു. ഇളയ മകളെ ബീഫാം പഠിപ്പിക്കുന്നതിനും മൂത്തമകളെ കല്യാണം കഴിപ്പിക്കുന്നതിനുമെല്ലാം എന്റെ അയൽക്കൂട്ടത്തിലെ അംഗങ്ങൾ എപ്പോഴും കൂട്ടായിരുന്നു സഹായിച്ചു. എനിക്ക് ആസം'വങ്ങൾ മറക്കാൻ പറ്റില്ല. ഈ ജനകീയ കൂട്ടായ്മ നിലനിൽക്കുക തന്നെ വേണം.

ഏലിയാമ്മ ജോഷ്വാ, ഐശ്വര്യ കുടുംബശ്രീ, 8–ാം വാർഡ്

## 18. കുടുംബശ്രീ–ബാല്യകാലം – ഒരു സുവർണ്ണകാലം

ഞാൻ 13–ാം വാർഡ് ശ്രേയസ് കുടുംബശ്രീയിലെ അംഗമാണ്. എന്റെ പേര് ഗീതാചന്ദ്രൻ

**ദാരിദ്ര്യം**

ദാരിദ്ര്യം പൂർണ്ണമായി തുടച്ചുനീക്കുക എന്ന ലക്ഷ്യം മുന്നിൽ കുകെ് രായിരാമ് കാലഘട്ട ത്തിൽ തുടക്കം കുറിച്ച വിപ്ലവകരമായ ഒരു പ്രസ്ഥാനമാണ് സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന പ്രസ്ഥാനം അഥവാ കുടുംബശ്രീ എന്ന പേരിൽ അറിയപ്പെടുന്നത്. ഏറത്ത് ഗ്രാമപഞ്ചായത്തിൽ ഈ പ്രസ്ഥാനം ഉടലെടുക്കുമ്പോൾ മുതൽ അതിലെ പ്രധാന പ്രവർത്തകയായി മാറുവാൻ കഴി ഞ്ഞതാണ് പിൽക്കാലത്ത് സാമൂഹ്യ പ്രവർത്തനരംഗത്ത് എനിക്ക് നേടുവാൻ കഴിഞ്ഞ നേട്ട ങ്ങൾ.

ദാരിദ്ര്യ നിർമ്മാർജ്ജനം കേവലം ആനുകൂല്യ വിതരണത്തിലൂടെ അല്ലാതെ തങ്ങളുടെ ആവശ്യങ്ങൾ, അവകാശമാക്കി മാറ്റി അത് നേടിയെടുക്കുവാൻ അതുവഴി സ്വയം പര്യാപ്തത യിൽ എത്താൻ അവരെ കഴിവുള്ളവരാക്കി മാറ്റിയത്. കുടുംബശ്രീയിൽ കൂടിയാണെന്ന് മനസ്സി ലാക്കുവാൻ കഴിയും.

എ.ഡി.എസ്. പ്രസിഡന്റായി പ്രവർത്തനം തുടങ്ങിയ ഞാൻ 2001–2002 കാലഘട്ടത്തിൽ സി.ഡി.എസ്. ചെയർപേഴ്സണായി. എന്റെ സാമൂഹ്യ പ്രവർത്തനത്തിൽ ഏറ്റവും വലിയ വഴി ത്തിരിവായി അത് മാറുകയും ചെയ്തു. നാളഇതുവരെ സ്വന്തം അവകാശങ്ങളെപ്പറ്റിയോ അധി കാരങ്ങളെപ്പറ്റിയോ ബോധമില്ലാതിരുന്ന സ്ത്രീ സമൂഹത്തിന് അത് ബോദ്ധ്യപ്പെടുത്തി കൊടു ക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കാൻ എനിക്ക് സാധിച്ചു.

ഞാൻ സി.ഡി.എസ്. ചെയർപേഴ്സൺ ആയിരുന്ന കാലത്ത് ആകെ 18 കുടുംബശ്രീ യൂണിറ്റുകളും 10,000/– രൂപയുടെ ലഘുസമ്പാദ്യവുമാണ് ഉായിരുന്നത്. പിന്നീടുള്ള രുവർഷ ക്കാലത്തെ അശ്രാന്ത പരിശ്രമത്തിന്റെ ഫലമായി 104 അയൽക്കൂട്ടങ്ങളും രകോൽകോടി രൂപ സമ്പാദ്യവും വായ്പ ഇനത്തിൽ നാലുകോടി രൂപയായും വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. അന്നത്തെ പഞ്ചായത്ത് ഭരണസമിതിയുടെ ആത്മാർത്ഥമായ പിന്തുണയും പഞ്ചായത്തിലെ അയൽക്കൂട്ടങ്ങളിൽ അംഗമായ അയ്യായിരത്തോളം വനിതകളുടെയും സഹകരണത്തിലൂടെയാ ണ്.

സ്ത്രീശാക്തീകരണ മുന്നിൽക് ഗവഃ ആവിഷ്ക്കരിച്ച എല്ലാ പദ്ധതികളിലും ഭാഗഭാഗാ ക്കുവാൻ ഒരു പരിധിവരെ സാധിച്ചു എന്നാണ് വിശ്വാസം. സർക്കാരിൽ നിന്നും കിട്ടുന്ന ആനു കൂല്യങ്ങൾ അതിന് അർഹരായവരുടെ കൈകളിൽത്തന്നെ എത്തിച്ചുകൊടുക്കുവാൻ കഴിഞ്ഞി ട്ടു് എന്ന് അഭിമാനത്തോടെ പറയുവാൻ കഴിയും.

ഏറത്ത് ഗ്രാമപഞ്ചായത്തിൽ സ്വന്തമായി വീടില്ലാത്ത കുടുംബശ്രീയിലെ 120 അംഗ ങ്ങൾക്ക് ഭവനശ്രീ പദ്ധതിപ്രകാരം 55 ലക്ഷം രൂപ ബാങ്ക് വായ്പയെടുത്ത് 35000 രൂപവെച്ച് ഒരാൾക്ക് നൽകി ഭവനനിർമ്മാണ രംഗത്ത് വൻ നേട്ടമുാക്കുവാൻ കഴിഞ്ഞു. ഏറ്റവും കൂടുതൽ

ഭവന വായ്പ കൊടുത്ത പഞ്ചായത്ത്  എന്ന നിലയിൽ കുടുംബശ്രീ മിഷന്റെ അവാർഡ് ഏറ്റു വാങ്ങുവാൻ എനിക്ക സാധിച്ചു. പിന്നീട് അധികാരത്തിൽ വന്ന സർക്കാർ ഈ ഭവനവായ്പ എഴുതി തള്ളിയത് വളരെയേറെ ആശ്വാസം ഇവർക്കേകുകയുായി. ഇതൊക്കെയാണ് എന്റെ അനുഭവങ്ങൾ .

## 19. മദ്യഷാപ്പ് മാറ്റുന്നതിന് കഴിഞ്ഞു

ശ്യാമള സോമൻ നായർ

സി.ഡി.എസ്.

ദാരിദ്ര്യ നിർമ്മാർജ്ജനവും സ്ത്രീ ശാക്തീകരണവും മുൻനിർത്തി നാമമാത്രം വനിതകളെ ചേർത്ത് ഒരു കൂരയ്ക്കു കീഴിൽ തുടങ്ങിയ കുടുംബശ്രീ പ്രസ്ഥാനം ഇന്ന് പടർന്നു പന്തലിച്ച് ഒരു വലിയ തണലായി മാറി. അനേകം നല്ല നല്ല സംരംഭങ്ങൾ കുടുംബത്തിലെ ദാരിദ്ര്യ നിർമ്മാർജ്ജനം. കുടുംബശ്രീയുടെ വനിതകൾ വൻ നേട്ടം കൊയ്തു. സ്ത്രീകൾക്ക് കുടുംബശ്രീയുടെ നല്ല നല്ല അനുഭവകഥകൾ പറയുവാൻ ഉ്. അതിൽ പ്രധാനപ്പെട്ട ഒന്ന് എഴുതുന്നു. എന്റെ വീടിന്റെ ഒരു കിലോമീറ്റർ ദൂരത്തിൽ ഒരു ഷാപ്പു തുടങ്ങി. സ്ത്രീകൾക്ക് വീടുകളിൽ മനഃസമാധാനം ഇല്ലാതെയായി. പെൺകുട്ടികൾക്ക് വഴിനടക്കാൻ പ്രയാസമായി. കുടുംബശ്രീയുടെ എ.ഡി.എസ്. പ്രസിഡന്റായിരുന്നു ഞാൻ. ഞങ്ങൾ ഒരുമിച്ചു ചേർന്ന് മെമ്പറിന്റെ അനുവാദം വാങ്ങി മൂന്നു മണി മുതൽ ആറുവരെ ഷാപ്പിനു മുന്നിൽ സമരം തുടങ്ങി. 100 കുടുംബശ്രീ വനിതകൾ, എ.ഡി.എസ്., സി.ഡി.എസ്. മെമ്പർ, പുരോഹിതർ, നാട്ടുകാർ എല്ലാവരേയും ഞങ്ങൾ അണിനിരത്തി സമരം പുരോഗമിച്ച് പോലീസ് കാവലായി. ബാലസഭ കുട്ടികൾ ഞങ്ങളെ സഹായിച്ചു. പല ക്ലേശങ്ങളും സഹിച്ചു.  അംഗത്തിന്റെ ഭർത്താവ് ഷാപ്പ് വിലക്കു വാങ്ങി. അതിലെ മുഴുവൻ സാധനങ്ങളും ഞങ്ങൾ നശിപ്പിച്ചു. അങ്ങനെ ഷാപ്പ് നിർത്തി. അങ്ങനെ അയിരൂർ പഞ്ചായത്തിലെ മുഴുവൻ ഷാപ്പുകളും നിർത്തി. ഇതിലൂടെ ഞങ്ങൾ സമാധാനം കത്തെി. ഈ അനുഭവം കുടുബശ്രീയിലൂടെ സ്ത്രീശാക്തീകരണം തെളിയിച്ചു. ഇത് മറക്കാനാവാത്ത ഒരു അനുഭവമാണ്.

ശേഭന എന്ന കുടുംബശ്രീ അംഗം കുഞ്ഞുങ്ങളുമായി വാടക വീട്ടിൽ താമസിച്ചിരുന്നു. എഴുതാനും വായിക്കാനും അറിയാത്ത ആളായിരുന്നു ശോഭന. കുടുംബശ്രീ അംഗങ്ങൾ പഞ്ചായത്തിൽ അപേക്ഷ നൽകി അഞ്ച് സെന്റ് സ്ഥലവും വീടും ലഭിച്ചു. സ്ഥലം വാങ്ങാൻ പണം തികയാതെ വന്നപ്പോൾ കുടുംബശ്രീയിൽ നിന്നും 10000 രൂപ ലോൺ നൽകി. ശോഭന ഇന്ന് പഞ്ചായത്തിൽ നിന്നും ലഭിച്ച വീട്ടിൽ താമസിക്കുന്നു കുറച്ച് എഴുതാനും വായിക്കാനും പഠിച്ചു. ഇത് ഒരു നല്ല അനുഭവമാണ്. ബാലസഭ നല്ല രീതയിൽ പ്രവർത്തിക്കുന്നു. കുട്ടികളും അനുഭവങ്ങൾ പങ്കുവെക്കുന്നു. നല്ല നല്ല പ്രവർത്തനത്തിലൂടെ കുടുംബശ്രീ വനിതകൾ ഉയരങ്ങളിൽ എത്തട്ടെ.

## 20. സാമൂഹ്യപ്രതിബന്ധതയുമായി നമ്മുടെ കുടുംബശ്രീ.

എന്റെ പേര് സതിമുരളീധരൻ. ഞാൻ പത്തനംതിട്ട നഗരസഭയിലെ 16–ാം വാർഡിലെ ശ്രീഭദ്ര അയൽക്കൂട്ടതിലെ അംഗമാണ്. ഞാൻ രായിരത്തിലാണ് കുടുംബശ്രീയിൽ അംഗമായി ചേർന്നത്.

അടുക്കളയുടെ നാലു ചുമരുകൾക്കുള്ളിൽ ഒതുങ്ങികഴിഞ്ഞിരുന്ന ഞാനും, എന്റെ സഹ പ്രവർത്തകരും, ഇന്ന് അയൽക്കൂട്ടംവഴി ഞങ്ങളുടെ ആവശ്യങ്ങൾ ഉന്നയിക്കുന്നതിനും, അത് നേടിയെടുക്കുന്നതിനും, കഴിവുള്ളവരായിത്തീർന്നു.

മലയാലപ്പുഴ ദേവീക്ഷേത്രത്തിനു സമീപമുള്ള മൈലാടുംപാറ എന്ന പ്രദേശത്താണ് ഞങ്ങളുടെ അയൽക്കൂട്ടം. ഞങ്ങളുടെ പ്രദേശവാസികൾക്ക് ഹോസ്പിററലിലോ, മറ്റ് അത്യാവ ശ്യകാര്യങ്ങൾ നിർവ്വഹിക്കുന്നതിനോ 6 കിലോമീറ്റർ യാത്ര ചെയ്ത് പത്തനംതിട്ടയിലെത്തണം. അരമണിക്കൂർ ഇടവിട്ട് ഈ ഭാഗത്തേക്ക് ബസ് സർവ്വീസ് ഉങ്കെിലും, മഴയാണെങ്കിലും, വെയി ലാണെങ്കിവും, ബസ് കാത്തുള്ള റോഡരികിലെ നിൽപ്പ് അസഹനീയമായിരുന്നു. ഒരു രോഗി യായ എനിക്കും പലപ്പോഴും ആശുപത്രിയിൽ പോകേ അവസ്ഥയിൽ ഈ ബുദ്ധിമുട്ട് നേരിടേി വന്നിട്ടു്.

ഞാൻ ഈ വിഷയം എന്റെ അയൽക്കൂട്ടത്തിൽ ചർച്ച ചെയ്യുകയും, ബസ് സ്റ്റോപ്പിൽ ഒരു വെയിറ്റിംഗ് ഷെഡ് നിർമ്മിച്ചാൽ ഇതിനൊരു പരിഹാരം കാണാൻ കഴിയും എന്ന് അംഗ ങ്ങൾ അഭിപ്രായപ്പെടുകയും ചെയ്തു. അങ്ങനെ കഴിഞ്ഞ വർഷം ബഹു: കേരളാ മുഖ്യമന്ത്രി യുടെ ജനസമ്പർക്ക പരിപാടിയോടനുബന്ധിച്ച് എന്റെ അയൽക്കൂട്ടാംഗങ്ങൾ എല്ലാം ഒപ്പിട്ട ഒരു നിവേദനം ഞാൻ ബഹു:മുഖ്യമന്ത്രിക്ക് നേരിൽ സമർപ്പിക്കുകയും, അതിന്റെ അടിസ്ഥാന ത്തിൽ ഞങ്ങളുടെ പ്രദേശത്ത് ഒരു വെയിറ്റിംഗ്ഷെഡ് വളരെപെട്ടെന്ന് തന്നെ നിർമ്മിച്ചു നൽകു കയും ചെയ്തു. ഞങ്ങളുടെ നാട്ടിൽ പൗരസമിതികളും, ക്ളബ്ബുകളും ഒക്കെയുായിട്ടും , അവർക്കൊന്നും ചെയ്യാൻ കഴിയാത്ത ഒരു സാമൂഹ്യപ്രവർത്തനമാണ് ഞങ്ങളുടെ കൂട്ടയ്മ യായ അയൽക്കൂട്ടംവഴി ഞങ്ങൾ നേടിയെടുത്തത്. ഇതിൽ ഞാൻ അഭിമാനം കൊള്ളുന്നു. ഇന്ന് ഞങ്ങളുടെ നാട്ടുകാർക്കിടയിൽ വളരെ ആദരവും, അംഗീകാരവും നേടാൻ ഞങ്ങളുടെ ഈ ഒരു പ്രവർത്തികൊു തന്നെ സാധിച്ചു എന്നുള്ളതും വളരെ അഭിമാനാർഹമാണ്.

ഭാവിതലമുറയ്ക്ക് കരുത്തേകി എന്നും കുടുംബശ്രീ ക്തി ജ്വലിക്കട്ടെ എന്നാശംസിക്കു ന്നു.

സതി മുരളീധരൻ,
ശ്രീഭദ്ര അയൽകൂട്ടം, വാർഡ് – 16.

## 21. ചെറിയ സഹായം..... ഒരു ജീവൻ ധന്യമായി

സൂസൻഫിലിപ്പ്

സി.ഡി.എസ് ചെയർപേഴ്സൺ

അയിരൂർ ഗ്രാമപഞ്ചായത്ത്

ഞാൻ കുടുംബശ്രീയിൽ 2004 നവംബർ മാസം മുതൽ ഭാരവാഹിയായി പ്രവർത്തിച്ചുവരുന്ന ഒരംഗമായിരുന്നു. 2006 മുതൽ 3 തവണ സി.ഡി.എസ്. ചെയർപേഴ്സൺ ആയി പ്രവർത്തിക്കുന്നതിനും സാധിച്ചു. എനിക്കുായ ഒരനുഭവം 2010 ജനുവരി 1–ാം തീയതി രാവിലെ 6 മണിക്ക് വാതിലിൽ മുട്ടുന്ന ശബ്ദം കേട്ടാണ് ഉണർന്നത്. കതകുതുറന്നപ്പോൾ 20 വയസ്സ് പ്രായമുള്ള ഒരു പെൺകുട്ടി കരഞ്ഞുകൊ് നിൽക്കുന്നു കാര്യം ചോദിച്ചപ്പോൾ പറഞ്ഞത് എന്നെ രക്ഷിക്കണം എനിക്ക് ഇനിയും അവരുടെ കൂടെ കഴിയാൻ പറ്റില്ല. വീട്ടിൽ കയറ്റി കാര്യങ്ങൾ അന്വേഷിച്ചപ്പോൾ അറിഞ്ഞത് രാജസ്ഥാനിൽ താമസിച്ചിരുന്ന ഒരു കുടുംത്തോടൊപ്പം വീട്ടുജോലിക്ക് വന്നതാണ് ഈ കുട്ടി. കുട്ടിക്ക് അച്ഛനും അമ്മയും ഇല്ല. ഈ വീട്ടുകാർ കുട്ടിയെകൊണ്ട് വീട്ടിലെ ജോലികൾ എല്ലാം ചെയ്യിപ്പിക്കുകയും ആട് പശു എന്നിവയെ നോക്കുന്നതിനും, റബ്ബർ വെട്ട് ഷീറ്റ് അടിപ്പിക്കുന്നതിനും എല്ലാം കഷ്ടപ്പെടുത്തുകയും കൂടാതെ ശരിയായ ഭക്ഷണമോ വസ്ത്രമോ കൊടുക്കാതെ ചീത്തപറയുകയും അടിക്കുകയും ചെയ്യുന്നു. എനിക്ക് ഇനിയും ആ വീട്ടിൽ കഴിയാൻ പറ്റുകയില്ല. തൊഴിലുറപ്പ് പണിക്കാർ എന്നോട് പറഞ്ഞു സൂസൻ ചേച്ചിയുടെ വീട്ടിൽ ചെന്നു പറഞ്ഞാൽ എന്തെങ്കിലും വഴി കാണിച്ചു തരും. ഞാൻ ഇന്നലെ രാത്രിയിൽ ഇറങ്ങി കുറ്റികാട്ടിൽ ഇരിക്കുകയായിരുന്നു. അടുത്തവീടുകളിൽ പോകുന്നതിനോ ഒന്നും സമ്മതിക്കത്തില്ല. അവരാണ് എനിക്ക് ആരും കാണാതെ ആഹാരവും വസ്ത്രവും ഒക്കെ തരുന്നത്. എന്നെ ഇവിടെ നിർത്തിയാൽ മതി ഞാൻ ഒാരു ദോഷവും ചെയ്യില്ല. ര് ദിവസം എന്റെ വീട്ടിൽ കഴിഞ്ഞു അതിന്ശേഷം ഞാൻ വാർഡുമെമ്പറുമായി ഇടപെട്ട് കുട്ടിയെ പോലീസ് സ്റ്റേഷനിൽ കൊുപോകുകയും, ടി കുട്ടി കഴിഞ്ഞ വീട്ടുകാരെ വിളിപ്പിച്ച് സംസാരിച്ചപ്പോൾ ടി കുട്ടി ഒരു കാരണവശാലും അവരുടെ കൂടെ പോകുന്നതിന് തയ്യാറാകുന്നില്ല. അവിടെ എഴുതിവപ്പിച്ചിട്ട് ഞങ്ങൾ ഇവിടെയുള്ള (കർമ്മേൽ അഗതി മന്ദിരം) ബാലികാഭവനിൽ തിരക്കുകയും ടി കുട്ടിയെ അവിടെ കൊാക്കുകയും ചെയ്തു. ടി കുട്ടി ഇപ്പോൾ അവിടെ സുഖമായി കഴിഞ്ഞ് വരുന്നു. അടുത്തയിടെ ഞാൻ ഒരു കല്യാണത്തിന് അവിടെ ചെന്നപ്പോൾ ഓടിവന്ന് എന്നെ കെട്ടിപിടിച്ച് കരഞ്ഞ് പറയുകയാണ് സൂസൻ ചേച്ചി എന്നെ അവിടെ നിന്നും ഇറക്കി വിട്ടിരുന്നെങ്കിൽ ഞാൻ ഇന്ന് ജീവിച്ചിരിക്കുകയില്ലായിരുന്നു. മറ്റുള്ളവുടെ മുമ്പിൽ വച്ച് നമുക്ക് ലഭിച്ച ഈ അനുഭവം ഒരിക്കലും മറക്കാൻ പറ്റാത്തതാണ്.

## 22. എന്റെ കുടുംബശ്രീ

ചന്ദ്രിക അമ്മാൾ

(വൈസ് ചെയർപേഴ്സൺ)

എന്റെ പേര് ചന്ദ്രിക അമ്മാൾ. ഞാൻ ഏഴംകുളം ഗ്രാമപഞ്ചായത്ത് സി.ഡി.എസ്. വൈസ് ചെയർപേഴ്സനാണ്. എന്നാൽ ഈ പദവിയിലെത്തുന്നതിനുമുമ്പുള്ള എന്റെ അനുഭവം ചുരുക്കിപറഞ്ഞുകൊള്ളട്ടെ.

എന്റെ വിവാഹം കഴിഞ്ഞ് മൂത്തമകൾ ജനിച്ചു. അന്ന് ഞങ്ങൾ ഉത്തർപ്രദേശിലായിരുന്നു. രാമത്തെ കുട്ടിയുടെ ജനനത്തിന് നാട്ടിലേക്ക് പോന്നു. എന്റെ ഭർത്താവ് ഞങ്ങളെ നാട്ടിലാക്കിയിട്ട് ഗൾഫിനുപോയി. എന്നാൽ ഞങ്ങളുടെ ഭാഗ്യദോഷമായിരിക്കാം ഞങ്ങൾക്ക് പിറന്ന മകൻ ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടിയായിരുന്നു. അതിനാൽ അവനെ കൂടുതൽ ശ്രദ്ധിക്കേിവന്നു. വീടുവിട്ട് ഒരിടത്തും എനിക്ക് പോകാൻ പറ്റാത്ത അവസ്ഥയായിരുന്നു.

അങ്ങനെയിരിക്കെ അടുത്തുള്ള ഒരു ചേച്ചി വന്നു അയൽക്കൂട്ടം രൂപീകരിക്കുന്നതിനെക്കുറിച്ച് പറഞ്ഞു. അപ്പോൾ ഞാൻ ആ ചേച്ചിയെ കളിയാക്കിവിട്ടു. കുറെ നാളുകൾക്കുശേഷം വീും ആ ചേച്ചി വന്നു എന്നെ നിർബന്ധിച്ചു. അങ്ങനെ ഞാൻ അവരുടെ ഗ്രൂപ്പിൽ ചേർന്നു. ആദ്യത്തെ ഒന്നുരുമാസം കൃത്യമായി എല്ലാവരും വന്നുകൊിരുന്നു. പിന്നെ ആ ചൂടുപോയി. ഞാനും പോകാതെയായി. മാസങ്ങൾ കഴിഞ്ഞു. എന്റെ മകന് 5 വയസ്സായി. ആ ചേച്ചി വീും വന്നു എന്നോട് പറഞ്ഞു. ചന്ദ്രികേ നിന്റെ മകന് ഇന്നത്തെ അവസ്ഥയാണ്. നീ കുടുംബശ്രീയിൽ കൃത്യമായിവന്നാൽ പഞ്ചായത്തിലെ ഏതെങ്കിലും പദ്ധതിയിലൂടെ നിന്റെ മകനെ പഠിപ്പിക്കാനോ, ചികിത്സിപ്പിക്കാനോ ഉള്ള ധനസഹായം ലഭിക്കും. ആ ചേച്ചിയുടെ നിർബന്ധപ്രകാരം ഞാൻ വീും കുടംബശ്രീയിൽ പോകാൻ തുടങ്ങി. അങ്ങനെ രു മൂന്ന് വർഷങ്ങൾ കഴിഞ്ഞു. ചെറിയ രീതിയിൽ അയൽക്കൂട്ട പ്രവർത്തനത്തെക്കുറിച്ച് പഠിച്ചു. അങ്ങനെ തെരഞ്ഞെടുപ്പ് വന്നപ്പോൾ എന്നെ എന്റെ ഗ്രൂപ്പിലെ പ്രസിഡന്റാക്കി. ഒട്ടുംതന്നെ താത്പര്യമില്ലാതെയാണ് ഞാൻ ആസ്ഥാനം ഏറ്റെടുത്തത്. എന്നാൽ എ.ഡി.എസ്. തെരഞ്ഞെടുപ്പ് വന്നപ്പോൾ അവിടെയും എല്ലാവരും നിർബന്ധിച്ച് എ.ഡി.എസ്. പ്രസിഡന്റാക്കി.

അങ്ങനെ പഞ്ചായത്തുതല മീറ്റിംഗുകളിൽ പോകാനും കൂടുതൽ കാര്യങ്ങൾ അറിയാനും തുടങ്ങി. അങ്ങനെയാണ് ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അംഗമായത്. എന്റെ വാർഡിൽ പരമാവധി അംഗങ്ങൾക്ക് തൊഴിൽക്കാർഡ് എടുത്തുകൊടുക്കാൻ സാധിച്ചു. ഞാൻ തൊഴിലുറപ്പിനുപോകുമ്പോൾ എന്റെ മകനേയും ഒപ്പം കൂട്ടുമായിരുന്നു. ഇപ്പോൾ അവന് 19 വയസ്സ്. സംസാരശേഷിയും അദ്ധ്വാനശേഷിയുമില്ലാത്ത എന്റെ മകൻ ചെറിയ ചെറിയ ജോലികൾ ചെയ്യാനും പതുക്കെ പതുക്കെ സംസാരിക്കാനും തുടങ്ങി. അങ്ങനെ അവന് നല്ല മാറ്റം വന്നുതുടങ്ങി. അത് എന്റെ ജീവിതത്തിൽ കുടുംബശ്രീകൊുള്ള ഒന്നാമത്തെ നേട്ടമാണ്.

അതുപോലെ എന്റെ വാർഡിലെ കുറെ വയോധികരായ അമ്മമാരെ തൊഴിലുറപ്പ് പണിയിലിറക്കി. മറ്റുള്ളവർക്കൊപ്പം വേതനം വാങ്ങിയപ്പോൾ സന്തോഷത്തോടെ നീ കാരണമാണ് മോളെ ഞങ്ങൾക്കിതിനിടയായതെന്ന് പറഞ്ഞു. കാരണം  അവരുടെ ആവശ്യത്തിന് മക്കളെ ആശ്രയിക്കുമ്പോൾ വേത്ര ആവശ്യം നടക്കാതെയിരുന്നവരാണിവർ. അങ്ങനെ എന്റെ കുടുംബശ്രീ പ്രവർത്തനംകൊ് എന്റെ വാർഡിലുള്ളവരെ സഹായിക്കാനും അവരുടെ സന്തോഷത്തിൽ പങ്കുകൊള്ളാനും സാധിച്ചു. ഒന്ന് പറഞ്ഞുകൊള്ളട്ടെ. അന്ന് എന്നെ ആ ചേച്ചി നിർബന്ധിച്ച് കുടുംബശ്രീയിൽ ഇറക്കിയതുകൊ് ഇന്ന് ഞാൻ സമൂഹത്തിലും പഞ്ചായത്തിലും അറിയപ്പെടുന്ന ഒരു വ്യക്തിയാകാൻ സാധിച്ചു. അതുകൊ് തുടർന്നുള്ള എന്റെ ജീവിതകാലം കുടുംബശ്രീയെ സ്നേഹിക്കാനും, കുടുംബശ്രീ പ്രവർത്തനവുമായി മുന്നോട്ടു പോകാനും ഞാൻ ആഗ്രഹിക്കുന്നു.

## 23. അനുഭവകഥ

സരോജിനി രാജൻ

മുൻ ചെയർപേഴ്സൺ

ഇരവിപേരൂർ പഞ്ചായത്തിലെ സി.ഡി.എസ്. ചെയർപേഴ്സൺ എന്ന നിലയിൽ ഒരു കുടുംബശ്രീ കുടുംബത്തെ പരിപൂർണ്ണമായി രക്ഷപ്പെടുത്താൻ സാധിച്ചു. പഞ്ചായത്തിലെ 2–ാം വാർഡിൽ പനയൂൽ വീട്ടിൽ പൊന്നമ്മ ഗോപിയും ഭർത്താവും, 2 പ്രായമായ പെൺമക്കളും. കൂലിപ്പണിക്കാരനായ ഗോപി വീട്ടമ്മയായ പൊന്നമ്മ എം.എസ്.സി. കാരിയായ മൂത്തമകൾ, ജനറൽ നേഴ്സാ ആയ ഇളയമകൾ 21, 23, ഉം വയസ്സുള്ള പെൺമക്കൾ. പൊന്നമ്മയുടെ ഭർത്താവ് സ്ഥിരം മദ്യം ഉപയോഗിച്ചിട്ട് അനാവശ്യമായി മക്കളോടും ഭാര്യയോടും സംസാരിക്കുകയും, പ്രവർത്തിക്കുകയുമായിരുന്നു പതിവ്. ദിവസവും അടിയും ചീത്തവിളിയും പാത്രങ്ങൾ തല്ലിപൊട്ടിക്കുകയും ഇറക്കിവിടുകയും പതിവ്. പൊന്നമ്മയെ അടിച്ച് പരിക്ക് ഏല്പിച്ച് തിരുവന്തപുരം ഗവൺമെന്റ് ഹോസ്പിറ്റലിൽ അഡ്മിറ്റ് ആക്കുകയും ചെയ്തിട്ടു്.

ഒരു ദിവസം രാത്രി 11 മണി ആയപ്പോൾ എനിക്ക് ഒരു ഫോൺ കോൾ പൊന്നമ്മയുടെ മൂത്തമകൾ എം.എസ്.സി കാരി ചേച്ചി ഞങ്ങൾ ഇപ്പോൾ അടുത്തപുരയിടത്തിലെ കൊക്കോമരത്തിന്റെ ചുവട്ടിൽ പേടിച്ച് വിറച്ചിരിക്കുകയാണ്. ഭയങ്കര മഴയും ആയിരുന്നു. അച്ഛൻ ഞങ്ങളെ കൊല്ലാൻ കത്തിയുമായി ഓടി നടക്കുന്നു. വീട്ടിലെ സാധനങ്ങൾ എല്ലാം തുണി, സർട്ടിഫിക്കറ്റ് കൈയ്യിൽ കിട്ടിയത് ഒക്കെ, അതുപോലെ ഉള്ളതെല്ലാം വെളിയിൽ എടുത്തിട്ട് തീയിട്ടു. ബാക്കി പത്രം അലമാര, ഇവയൊക്കെ മഴുവച്ച് വെട്ടിപൊട്ടിച്ചുകളഞ്ഞു ഞങ്ങളെ എങ്ങനെ എങ്കിലും രക്ഷിക്കണം. അടുത്ത വീട്ടുകാർ അയാൾ വഴക്കുാക്കും എന്ന് പേടിച്ച് ഇവരെ സഹായിച്ചും ഇല്ല അവർ എന്നെ വീും വീും വിളിച്ചുകൊിരുന്നു.ഞാൻ അന്ന് രാജീവ് സർ, (ഇന്നത്തെ പ്രസിഡന്റ്) നെ വിളിച്ച് പറഞ്ഞപ്പോൾ അദ്ദേഹം പോലീസ് സ്റ്റേഷനിൽ ഫസ്റ്റ് അറിയിച്ചു. ഞാനും വിളിച്ചുപറഞ്ഞു പൊന്നമ്മയുടെ മൂത്തമകളുടെ ഫോൺ നമ്പർ കൊടുത്തു അന്നത്തെ നല്ലവ

രായ പോലീസുകാർ ഒരു ജീപ്പിൽ അവരുടെ അടുത്തു ചെന്ന് രാത്രി 12 മണിക്ക്. അവരെ കപ്പോഴേക്ക് വെട്രിവാളുമായി നിന്ന അപ്പൻ ഓടി മറഞ്ഞു. തീയിടാൻ മണ്ണെണ്ണയും ആയി നിൽക്കുകയായിരുന്നു. പോലീസുകാർ അവിടെ എല്ലാം നോക്കി നടന്നിട്ട് അമ്മയേയും മക്കളേയും അടുത്ത വീട്ടിലാക്കി രാവിലെ വരെ അവർ ഇരിക്കട്ടെ എന്തെങ്കിലും ഉണഅടായാൽ വിളിക്കണം എന്നുപറഞ്ഞ് തിരിച്ചുപോയു. അതിനുശേഷം വീം മദ്യപാനി ആയ അപ്പൻ ചീത്തവിളി വഴക്ക് ഒക്കെ തുടർന്നു. വെളുപ്പിനെ വീം ഇവർ എന്നെ വിളിച്ചു. ഞങ്ങളെ എങ്ങനെ എങ്കിലും ഇവിടെ നിന്നും രക്ഷപ്പെടുത്തി വിടണം. അയൽക്കാരെ ചീത്തവിളിക്കുന്നു എന്നും ഞങ്ങളെ അമ്മ വീടായ റാന്നിയിൽ എത്തിച്ചാൽ മതി ഞങ്ങൾ എങ്ങനെ എങ്കിലും ജീവിച്ചു കൊള്ളാം എന്ന്. ഞാൻ രാവിലെ 8 മണി ആയപ്പോൾ അന്നത്തെ എക്സൈസ് സി.ഐ. ആയ അശോക് കുമാർസാറിനെ വിളിച്ചു പറഞ്ഞു. കാര്യങ്ങൾ അപ്പോൾ സാർ തന്ന വാക്ക് ഞാൻ കൂടി ശ്രമിക്കാം. ആ കുടുംബത്തെ രക്ഷപെടുത്താം എന്ന് ഓഫീസിൽ വരട്ടെ എന്ന് 9.30 ആയപ്പോൾ ജീപ്പു നിറച്ച് ഉദ്യോഗസ്ഥരും സാറും കൂടി അവിടെ ചെന്ന അവരെ വിളിച്ചിറക്കി കാര്യങ്ങൾ അന്വേഷിച്ചിട്ട് അവരുടെ വീട്ടുസാധനങ്ങൾ ബാക്കി ഉായിരുന്ന കട്ടിലും സാധനങ്ങൾ എല്ലാം എക്സൈസ് ഉദ്യോഗസ്ഥർ തന്നെറോഡിൽ കുവച്ചിട്ട് ഉദ്യോഗസ്ഥർ തന്നെപോയി ഒരു ടെമ്പോ വിളിച്ചുകൊ് വന്ന് അതി കയറ്റികൊടുത്ത് പൊന്നമ്മയെയും കുടുംബത്തേയും റാന്നിക്ക് പറഞ്ഞുവിട്ടു. ആ സമയം ഒക്കെയും പൊന്നമ്മയുടെ ഭർത്താവ് അവിടെനിന്നും മാറിയിരുന്നു. കുടിക്കാൻ പോയിരുന്നതുകൊ് കാര്യങ്ങൾ ഒന്നു അറിഞ്ഞില്ല

അതിനുശേഷം റാന്നിയിൽ പോയി വാടകവീട് എടുത്ത് അവിടെ താമസം ആയി. പൊന്നമ്മയ്ക്ക് ചെറിയ തയ്യൽ ഒക്കെ അറിയാം. അതുപോലെ എം.എസ.സി. കാരിയായ മൂത്ത മകൾ തുരുത്തിക്കാട് കോളേജിലും റാന്നി സെന്റ് തോമസ് കോളേജിലും ആയി പഠിപ്പിക്കാൻ തുടങ്ങി. ഇളയമകൾ ഗൾഫിൽ നേഴ്സായി ജോലിക്കുപോയി. അങ്ങനെ വളരെ ഉന്നത കുടുംബമായി മാറി. അച്ഛൻ തനിയെ കുടിച്ചും, കഴിച്ചും, ഇരവിപേരൂരിൽ, അമ്മയും മക്കളും റാന്നിയിൽ. മക്കളെയും, ഭാര്യയെയും വളരെ വെറുപ്പാണ് ഇപ്പോഴും ഇപ്പോൾ മൂത്തമകളുടെ കല്യാണം കഴിഞ്ഞു. അവരുതന്നെ സംമ്പാദിച്ച നല്ല തുക ചിലവഴിച്ച് ഗൾഫുകാരനായ കമ്പ്യൂട്ടർ എഞ്ചിനിയർ വിവാഹം കഴിച്ചു. ഇളയമകൾ മൂന്നുപ്രാവശ്യം ഒമാനിൽ നിന്നും വന്നുപോയി. വളരെ സന്തോഷകരമായ കുടുംബം കല്യാണത്തിന് അച്ഛനെ കുട്ടികൾ പോയി ക്ഷണിച്ചിട്ട് കൂടിയില്ല. ഇപ്പോൾ ഒന്നിച്ചു ജീവിക്കാം എന്നു പറഞ്ഞ് അച്ഛൻ അമ്മയേയും മക്കളേയും വിളിക്കുന്നു്.

ആ കുടുംബത്തിന്റെ എന്നോടുള്ള സ്നേഹവും കടപ്പാടും എന്നും എപ്പോഴും ഇപ്പോഴും ഉ്. ഇതുവരെ അവരുടെ അച്ഛന് അറിയില്ല കുടുംബശ്രീയും മറ്റും അവരുടെ പ്രശ്നത്തിൽ ഇടപെട്ടത് എന്റെ കുടുംബശ്രീ ജീവിതത്തിലെ മറക്കാനാവാത്ത അനുഭവമാണ് ഇത്.

# 24. ഉയർത്തെഴുന്നേല്പ്

കൈരളി കുടുംബശ്രീ, വാർഡ് – XIII

1999 ഫെബ്രുവരി 16, ആദ്യമായി ഞങ്ങളുടെ വാർഡിൽ അന്നാണ് കുടുംബശ്രീയുടെ വാർഡ് തെരഞ്ഞെടുപ്പ് നടന്നത്. എ.ഡി.എസ്. പ്രസിഡന്റായി എന്നെ തെരഞ്ഞെടുത്തു. പിന്നീട് സി.ഡി. എസ്സിലേക്ക് അംഗമായി തെരഞ്ഞെടുത്തു. ആഴ്ചകൾക്ക് ശേഷം ഒരു ദിവസം എന്റെ വീടിനു ചുറ്റും പോലീസ്, എന്താണെന്നു തിരക്കിയപ്പോൾ ഞാൻ കുടുംബശ്രീയുടെ ഫ് 25,000 രൂപ 90 പേരുടെ ഒപ്പ് തനിയെ ഇട്ട് തട്ടിയെട്ടുത്തു എന്ന പരാതിയുടെ പേരിലാണ് അവർ എത്തിയത് എന്ന് അറിഞ്ഞു. എന്റെ കുടുംബശ്രീയിലെ അംഗങ്ങൾ എനിക്ക് തുണയായി നിന്നു അവരുടെ സഹകരണങ്ങൾ പിന്നീട് കേസ് എനിക്ക് അനുകൂലമായി വന്നു.

ആ സംഭവത്തിനുശേഷം അടുത്തെങ്ങും ഞാൻ ഒരു പ്രവർത്തനത്തിനും പോകാതെ വീട്ടിൽ ഒതുങ്ങിക്കൂടി. പിന്നീട് 2004 മാർച്ച് 12 രാവിലെ 10.30 ന് അയൽക്കൂട്ടത്തിന്റെ ഒരു മീറ്റിംഗിൽ പങ്കെടുക്കാൻ പോയ സമയം. മീറ്റിംഗ് കഴിയുന്നതിന് മുമ്പേ ഞെട്ടിപ്പിക്കുന്ന ആ വാർത്ത ഞാനറിഞ്ഞു. എന്റെ വീട് ഒരു കൂന ചാരമായിക്കഴിഞ്ഞു എന്ന്. ഉടുതുണി മാത്രം അവശേഷിച്ചു. അതിനേക്കാളുപരി എന്റെ മകന്റെ എസ്.എൽ.സി. പരീക്ഷ തുടങ്ങിയ സമയമായിരുന്നു അത്. ആത്മഹത്യ ചെയ്യുന്നതിനേക്കുറിച്ചാണ് ആദ്യം ചിന്തിച്ചത്. എന്റെ കുടുംബശ്രീ പ്രവർത്തനമാണല്ലോ എല്ലാത്തിനും കാരണം എന്ന ചിന്ത എന്നെ വല്ലാതെ അലട്ടി. എന്നാൽ എന്റെ സഭക്കാർ, അയൽവാസികൾ, കുടുംബശ്രീ അംഗങ്ങൾ എല്ലാവരും എനിക്ക് ധൈര്യം തന്നു. നഷ്ടപ്പെട്ടത് എല്ലാം തിരിച്ചു പിടിക്കണം എന്നെ അപമാനിച്ചവരുടെ മുമ്പിൽ ജീവിക്കണം. സത്യം പുറത്തുകൊുവരണം എന്നൊക്കെയുള്ള വാശി, അത് എന്നെ വീും ജീവിതത്തിലേക്ക് തിരിച്ചു കൊുവന്നു.

ഞങ്ങൾ തന്നെ വാർഡിനുവേി, വാർഡിലെ ജനങ്ങൾക്കുവേി പ്രവർത്തിച്ചു. വീും ഞാൻ എ.ഡി.എസ്സിലും തിരിച്ചു വന്നു. എന്റെ മകൻ എസ്.എൽ.സി. പരീക്ഷ ഫസ്റ്റ് ക്ലാസ്സിൽ പാസ്സായി. അതുതന്നെ നല്ല തുടക്കമായിരുന്നു. പത്രക്കാരും ചാനലുകാരും അവനെത്തേടി വന്നു. ലോകമെമ്പാടും ഞങ്ങളുടെ കുടുംബത്തെക്കുറിച്ച് അറിഞ്ഞു. ആ തിരിച്ചുവരവ് എന്റെ മാത്രമല്ല, എന്റെ ദേശത്തിന്റെയും കൂടിയായിരുന്നു. ഓരോ വർഷവും കുടുംബശ്രീ വാർഷികം ആഘോഷിക്കുവാൻ തുടങ്ങി. ആദ്യമായി ചിക്കൻ ഗുനിയ ബാധിതരായ 250 കുടുംബങ്ങൾക്ക് ഞങ്ങൾ ഭക്ഷണ കിറ്റ് വിതരണം നടത്തി. പിന്നീട് ക്യാൻസർ രോഗിക്ക് ചികിത്സാ സഹായം നൽകി. 50 കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകി. ക്യാമ്പുകൾ സംഘടിപ്പിച്ചു. തൊഴിലുറപ്പു പദ്ധതിയിൽ 150 ഓളം പേരെ ചേർത്തു. ബാലസഭകൾ രൂപീകരിച്ചു. സ്ത്രീകളിൽ സമ്പാദ്യശീലം വളർത്തി. സമൂഹത്തിൽ ഇറങ്ങി പ്രവർത്തിക്കുവാനുള്ള കഴിവ്. സ്ത്രീശാക്തീകരണത്തിലൂടെ കൈവരിച്ച പ്രശ്നങ്ങളെ നേരിടുവാനുള്ള തന്റേടം ആർജ്ജിച്ച 35 പേരെ ആശ്രയ പദ്ധതിയിൽ ചേർത്ത് സഹായങ്ങൾ വാങ്ങികൊടുക്കുവാൻ കഴിഞ്ഞു. ഇന്ന് എ.ഡി.എസ്. പ്രസിഡന്റായും സി.ഡി.എസ്. വൈസ്ചെയർപേഴ്സണായും പ്രവർത്തിക്കുന്നു.

സൂസമ്മ ബേബി.

# 25. ഞാനും എന്റെ ശ്രീയും

നീരറ്റ ചെന്താമരപ്പൊയ്കയിൽ

താമര വള്ളിപോലെ

വേരറ്റ് പോകരുത് നമ്മിലുള്ള സ്നേഹം

എന്ന് കവിപാടിയതുപോലെ, ഞാനും, എന്റെ കുടുംബ ശ്രീയും തമ്മിലുള്ള ദൃഢബന്ധം എന്റെ മരണം വരെയും വേരറ്റ് പോകരുത് എന്ന ആത്മാർത്ഥമായ പ്രാർത്ഥനയോടുകൂടി, എന്റെ കുടുംബശ്രീയിൽ കൂടിയുള്ള നേടങ്ങൾ കുടുംബശ്രീ അംഗങ്ങൾ മുമ്പാകെ സവിനയം സമർപ്പി ക്കുന്നു.

എന്റെ ജീവിതത്തിലെ സുപ്രധാനമായ ദിവസം 2000–ാമാ് ഡിസംബർ മാസം ആകുന്നു. അന്നാണ് ഞാൻ താമസിക്കുന്ന എന്റെ വാർഡിൽ അയൽക്കൂട്ടം ഉദയം കൊള്ളുന്നത്. യാതൊരു തൊഴിലും ചെയ്യാതെ ഭർത്താവിന്റെ വരുമാനം മാത്രം കൊ് കുടുംബം പുലർത്തി പ്പോയിരുന്ന അവസരം. എന്റെ മൂന്നാമത്തെ മകനെ ഞാൻ മൂന്നു മാസം ഗർഭം ധരിച്ചിരുന്ന അവസരത്തിൽ എനിക്ക് ആശുപത്രിയിൽവരെപ്പോകുവാൻ നൂറ് രൂപായുടെ ആവശ്യം ഉായിരു ന്നു. എന്റെ വീടിനടുത്തുള്ള ധനാഢ്യയായ ഒരു സ്ത്രീയോട് ഞാൻ നൂറ് രൂപാ കടം ചോദിച്ചു. എന്റെ കയ്യിൽ കാശൊന്നും ഇല്ല എന്നുള്ള മറുപടിയാണ് എനിക്ക് കിട്ടിയത്. അവരുടെ ആ വാക്കുകൾ, എന്റെ ഹൃദയത്തെ കീറിമുറിച്ചു. പക്ഷെ ആ സ്ത്രീയുടെ മറ്റൊരു വാക്ക് അവരുടെ വായിൽ നിന്നും വീും വന്നു. ഏതായാലും ചുമ്മാതിരിക്കുകയില്ലേ, കുറച്ച് പെണ്ണുങ്ങളേയും കൂട്ടി നിങ്ങളൊരു ചിട്ടി തുടങ്ങി. കാശിന്റെ ബുദ്ധിമുട്ടൊക്കെ മാറും. സത്യത്തിൽ ആ വാക്കു കൾ ധനലക്ഷ്മിയായ സാക്ഷാൽ പരാശക്തി, അവരിൽക്കൂടിപ്രവർത്തിച്ചതാണോ എന്ന് ഞാൻ ഇപ്പോഴും സംശയിക്കുന്നു്.

ആ വാക്കുകൾ വിശ്വാസത്തിലെടുത്തുകൊ്  തന്നെ, ഞങ്ങൾ കുറെ സ്ത്രീകൾ, ജാതി മത വ്യത്യാസമില്ലാതെ തന്നെ കൂട്ടവും, അതോടൊപ്പം ചിട്ടിയും തുടങ്ങി. ബുദ്ധിപരമായ പ്രവർത്തനത്തിലൂടെ, ഓരോ മാസവും ഞങ്ങൾ വികസനത്തിലേക്ക് കുതിക്കുകയായിരുന്നു. നേട്ടങ്ങളുടെ ഒരു പരമ്പര തന്നെ എന്റെ ജീവിതത്തിൽ തുടങ്ങുകയായിരുന്നു. ഞങ്ങൾ ഒറ്റക്കെട്ടായി നിന്ന് കൈയ്യും, മെയ്യും മറന്ന് തുടർന്നുള്ള പദ്ധതിയിൽ പങ്കാളികളായി. കൃഷി ഭൂമി പാട്ടത്തിനെടുത്ത് ഞങ്ങൾ തന്നെ കൃഷിയിറക്കി വിളവെടുത്തു. ദാരിദ്ര്യത്തെ, അദ്ധ്വാന ത്തിലൂടെ  അകറ്റി നിർത്താം എന്ന് ഞാൻ പഠിച്ചു. അത് എന്നെ പഠിപ്പിച്ചത് എന്റെ അയൽക്കൂട്ട മാണ്. ക്രമേണ അയൽക്കൂട്ടം എന്നുള്ള പേര്, കുടുംബശ്രീ ആയി മാറി. ശക്തമായ കമ്മറ്റികൾ ഞങ്ങൾ രൂപീകരിച്ചു. സ്വയം തൊഴിൽ സംരംഭങ്ങൾ ഞങ്ങൾ ഏറ്റെടുത്തുആഴ്ചയിൽ ഒരിക്കൽ ചിട്ടിവെച്ചു. സമ്പാദ്യശീലം വളർത്തുവാൻ, കുടുംബശ്രീ എന്നെ സഹായിച്ചു. എന്റെ മക്കളുടെ വിദ്യാഭ്യാസ കാര്യങ്ങൾ, എനിക്ക് ആവശ്യമായ പണം, എല്ലാം എന്റെ കുടുംബശ്രീയിൽക്കൂടി നേടുവാൻ എനിക്ക് കഴിഞ്ഞു. എന്റെ മുമ്പോട്ടുള്ള ജീവിതപ്രയാണത്തിൽ കുടുംബശ്രീയുടെ സേവനം വളരെ വിലപ്പെട്ടതാണ്. ആടിനെ വാങ്ങുവാനും, ബാങ്കിൽ നിന്നും വായ്പകൾ വാങ്ങി

മറ്റ് ചെറുകിട വ്യവസായങ്ങൾ തുടങ്ങുവാനും വളരെ വേഗത്തിൽ കഴിഞ്ഞു എന്ന് എടുത്ത് പറയാവുന്ന നേട്ടമാണ്.

കുചേലന്റെ അവിൽ കുചേലനം രക്ഷിച്ചതുപോലെ എന്റെ കുടുംബശ്രീ, എന്റെ ജീവിതം തന്നെ ആകെ മാറ്റി മറിച്ചു എന്ന് പറയുവാൻ എനിക്ക് യാതൊരു മടിയുമില്ല. കൂട്ടായ ചർച്ചയിലൂടെയും, ബുദ്ധിപരമായ തീരുമാനത്തിലൂടെയും, മുന്നേറുന്ന വേളയിൽ, ഞങ്ങളെ, ജീവിതത്തിലേക്ക് കൈപിടിച്ചുയർത്തിയ കുടുംബശ്രീയ്ക്ക് ഒരു പേരിട്ടു ദീപമ കുടുംബശ്രീ മറ്റുള്ളവർക്ക് മാതൃകയായി മാറുവാനും സമൂഹത്തിന്റെ നന്മ ആഗ്രഹിക്കുന്ന ഏതൊരു വ്യക്തിക്കും, മനസ്സിൽ സൂക്ഷിക്കാവുന്ന ഒരു മഹാസംരംഭമാണ് കുടുംബശ്രീ എന്ന് നിസംശയം പറയുവാൻ, എന്റെ അനുഭവത്തിൽ കൂടി കഴിയും. അതോടൊപ്പം കുറ്റൂർ ഗ്രാമപഞ്ചായത്ത് അംഗങ്ങളുടെ സഹകരണവും, പ്രത്യേകിച്ച്, എന്റെ വാർഡ് മെമ്പറും ക്ഷേമകാര്യസ്റ്റാന്റിംഗ് അദ്ധ്യക്ഷ ശ്രീമതി. ബിൽസി മെമ്പറിന്റെ എല്ലാവിധ സഹകരണങ്ങളും എന്റെ കുടുംബശ്രീയ്ക്കാണ്.

ഇപ്പോൾ എന്റെ ദീപം കുടുംബശ്രീയുടെ മെമ്പറും സി.ഡി.എസ്. ചെയർപേഴ്സൺ ശ്രീമതി. സിന്ധുലാലിന്റെ പ്രവർത്തന ശൈലി, അത് വരികളിലോ, വാക്കുകളിലോ ഒതുക്കുവാൻ പറ്റുന്നവയല്ല. ദൃഢമായ തീരുമാനങ്ങളും, ചിട്ടയായ പ്രവർത്തനങ്ങളും മൂലം ശ്രീമതി സിന്ധുലാൽ, ദീപം കുടുംബശ്രീയുടെ ദീപമായിത്തന്നെ മാറുവാൻ കഴിഞ്ഞതിനാൽ ഞാൻ അഭിമാനിക്കുന്നു.

കുടുംബശ്രീയിൽ ഞാൻ അംഗമായതോടെ താഴെപ്പറയുന്ന ചില നല്ല പാഠങ്ങൾ പടിക്കുവാൻ എനിക്കു കഴിഞ്ഞു.

ദാരിദ്ര്യത്തെ അദ്ധ്വാനത്തിലൂടെ അകറ്റി നിർത്താം....

കൂട്ടായ ചർച്ചയും തീരുമാനങ്ങളും

സമ്പാദ്യശീലം വളർത്തുവാൻ.......

നന്ദി ഒരായിരം നന്ദി, എന്റെ ദീപം കുടുംബശ്രീയ്ക്ക് വത്സമ്മ, ജോസ്,വല്യുഴത്തിൽ, വെസ്റ്റ് ഓതറ, തിരുവല്ല, പത്തനംതിട്ട

നൂർജഹാൻ, വിളയിൽ കിഴക്കേതിൽ, നെടുമൺ

## 26. ജനനി

ഞാൻ അഞ്ചാം വാർഡിലെ ജനനി കുടുംബശ്രീയിലെ അംഗമാണ്. കുടുബശ്രീ പ്രവർത്തനങ്ങളിലേക്ക് വരുന്നതിന് മുൻപേ ഞാൻ വിമൻസ് അസോസിയേഷന്റെ സെക്രട്ടറി യായി പ്രവർത്തിച്ചുവരികയായിരുന്നു. ഒരിക്കൽ ഞങ്ങളുടെ അസോസിയേഷന്റെ ഭാഗമായി ഒരു കൗൺസിലിംഗ് നടത്തുകയുായി. അവിടെവച്ചാണ് ഞാൻ ഗീതയെ പരിചയപ്പെടുന്നത്. ഒരു മലയോര ഗ്രാമത്തിൽ നിന്നും ദാമു എന്ന ചെറുപ്പക്കാരനോടൊപ്പം ഒളിച്ചോടി വന്നവളായി രുന്നു അവൾ. വളരെ കുറച്ചുദിവസത്തെ ജീവിതം കഴിഞ്ഞപ്പോൾ തന്നെ അവൾ മനസ്സിലാക്കി താൻ ചതിക്കപ്പെടുകയാണെന്ന് താമസിയാതെ അവളെ ഉപേക്ഷിച്ച് അയാൾ നാടുവിട്ടു എന്തു ചെയ്യണമെന്ന് അവൾക്ക് അറിയില്ല. ആ സമയത്താണ് അവൾ അറിയുന്നത് താൻ ഗർഭിണിയാ ണെന്ന്. വാടകക്കാർ അവളെ ആ വീട്ടിൽ നിന്നും ഇറക്കിവിട്ടു. കടത്തിണ്ണയിൽ കിടന്ന അവളെ ഞങ്ങളുടെ കുടുംബശ്രീയിലെ ഒരു ചേച്ചി കൂട്ടികൊുവരികയും അവരുടെ ചായിപ്പിൽ താമസി ക്കാൻ ഇടം നൽകുകയും ചെയ്തു. പക്ഷെ എന്തോ അവളുടെ മനസ്സിനെ നിയന്ത്രിക്കാൻ അവൾക്ക് കഴിയാതെവന്നു. മരണത്തെക്കുറിച്ച് മാത്രമായിരുന്നു അവളുടെ ചിന്ത. അങ്ങനെ യാണ് അവൾ ഞങ്ങളുടെ അടുത്ത് എത്തപ്പെടുന്നത്.

ഇന്ന് അവർ ഒരു പെൺകുഞ്ഞിന്റെ അമ്മയാണ്. കൂടാതെ ഞങ്ങളുടെ കുടുംബശ്രീ യിലെ അംഗവും ഒന്നും അറിയാത്ത പ്രായത്തിൽ അവൾക്ക് പറ്റിയതെറ്റ് മകൾക്ക് പറ്റരുതെന്ന് കരുതി അവൾ ഇന്ന് വീടുകൾ തോറും ജോലിചെയ്തും തൊഴിലുറപ്പ് പണിക്കുപോയും തന്റെ മകളെ പഠിപ്പിക്കുന്നു.

ഞങ്ങൾ കുടുംബശ്രീയിൽ നിന്നും ലോൺ എടുത്ത് പഞ്ചായത്തിന്റെ സഹായത്തോടു കൂടിയും അവൾക്ക് 3 സെന്റ് സ്ഥലവും അതിൽ ഒരു വീടും വെച്ചു കൊടുത്തു.

ഇന്ന് അവൾ അഭിമാനത്തോടെ പറയും എന്നെ എന്റെ കുടുംബശ്രീയിലെ ചേച്ചി ആ കടത്തിണ്ണയിൽ നിന്നും കൂട്ടികൊുവന്നില്ലായിരുന്നെങ്കിൽ ഞാൻ എന്താകുമായിരുന്നുവെന്ന്. ഇന്ന് അവൾക്ക് സമൂഹത്തെ പേടിയില്ല. കാരണം അവൾ എപ്പോഴും പറയും എന്റെ കുടും ബശ്രീ സഹോദരിമാർ കൂട്ടിനുന്ന്. കുടുംബശ്രീയിലൂടെ അവൾക്ക് ചെറിയ നിക്ഷേപമു്. സ്വന്ത മായി വരുമാനമു്. എല്ലാം എനിക്ക് നേടിതന്നത് എന്റെ കുടുംബശ്രീയാണ്.

അവളുടെ ആ അനുഭവം എപ്പോഴും എന്നിൽ വേദനയുാക്കുമായിരുന്നു. ഇന്ന് അസോ സിയേഷൻ പരിപാടികൾക്ക് പോകുമ്പോൾ ഞാൻ അവളെ കുറിച്ചും അവളുടെ കുടുംബശ്രീ യെകുറിച്ചും അഭിമാനത്തോടെ പറയാറു്. അവൾക്കുവേി അത്രയും ചെയ്യാൻ ഞങ്ങളെ സഹാ യിച്ചത് കുടുംബശ്രീയിൽ വന്നതുകൊാണെന്ന് ഞങ്ങൾ അഭിമാനത്തോടെ പറയുന്നു.

## 27. ഒരു ചെറു കൈത്തിരിയേന്തി

ചെന്നീർക്കര ഗ്രാമപഞ്ചായത്തിലെ 14–ാം വാർഡിലെ നല്ലാനിക്കുന്ന് അക്ഷയ കുടുംബ ശ്രീയിലെ അംഗമായ ലളിത സന്തോഷ് എഴുതുന്നത്.

എന്റെ ഭർത്താവ് തികഞ്ഞ ഒരു മദ്യപാനിയായിരുന്നു. ഒരു ദിവസം റോഡിലൂടെ വന്ന ഒരു ഓട്ടോക്കാരനെ എന്റെ ഭർത്താവ് കുടിച്ചിട്ട് വെട്ടുകയും വെട്ടുകൊ് അയാൾ മരിക്കുകയും ചെയ്തു. എന്റെ ഭർത്താവിനെ തിരുവനന്തപുരം സെൻട്രൽ ജയിലിൽ കൊുപോകുകയും ചെയ്തു. അന്ന് ഞാൻ ദർശനകുടുംബശ്രീയിൽ അംഗമായിരുന്നു. കൊലപാതകിയുടെ ഭാര്യയെ ഈ കുടുംബശ്രീയിൽനിന്നും മാറ്റണമെന്ന് അംഗങ്ങൾ പറയുകയും എന്നെ മാറഅറുകയും ചെയ്തു. പിന്നീട് അടുത്തുള്ള മറ്റു പലകുടുംബശ്രീകളിലും ചെന്നപ്പോഴും അവരാരും എന്നെ അംഗമാക്കിയില്ല. എന്നാൽ അക്ഷയ കുടുംബശ്രീയിലെ സെക്രട്ടറിയായ ഗീതജയപ്രകാശിനെ കാണുകയും എന്നെ അവരുടെ കുടുംബശ്രീയിൽ അംഗമാക്കുകയും ചെയ്തു. എനിക്ക് ര് കുട്ടികളു്. കുടുംബശ്രീയിൽ നിന്നും ഞാൻ വായ്പയെടുത്ത് തുണിക്കച്ചവടവും അതോടൊപ്പം സോപ്പ്, സോപ്പുപൊടി എന്നി ഉാക്കി വിൽക്കുകയും നല്ല ഒരു വരുമാനമാർഗ്ഗം ഉാക്കുകയും ചെയ്തു. എന്നാൽ 8 വർഷം കഴിഞ്ഞ് എന്റെ ഭർത്താവ് ജയിൽശിക്ഷ കഴിഞ്ഞ് തിരിച്ചു വരികയും ചെയ്തു. ഒരു കുടുംബശ്രീയിലും എന്നെ ചേർക്കാതിരുന്നെങ്കിൽ എന്റെ ജീവിതം എങ്ങനെയായിത്തീരുമായിരുന്നു? എന്നെ ചേർത്ത അക്ഷയ കുടുംബശ്രീയിലെ എല്ലാ അംഗങ്ങളോടും എന്റെ നന്ദിയും അറിയിച്ചുകൊള്ളുകയും കുടുംബശ്രീ പ്രസ്ഥാനത്തിനെ വിലയിരുത്തുകയും ചെയ്യുന്നു.

എന്ന്

ലസിത സന്തോഷ്

പ്ലാവ്നിൽക്കുന്നതിൽ

നല്ലാനിക്കുന്ന്, ഇലവുംതിട്ട

# 28. പ്രീതി കുടുംബശ്രീ

രാജേശ്വരി,

കീക്കൊഴൂർ

ചെറുകോൽ ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിലെ പ്രീതി കുടുംബശ്രീയിലെ ഒരംഗമാണ് രാജേശ്വരി എന്ന ഞാൻ. എന്റെ ജീവിതത്തിലെ സങ്കടകരമായ ജീവിതാനുഭവങ്ങളാണ് എന്നെ കുടുംബശ്രീഎന്ന പ്രസ്ഥാനത്തിലേക്ക് കൈപിടിച്ച് നടത്തിച്ചത്. 17–ാമത്തെ വയസ്സിൽ എന്റെ വിവാഹം കഴിഞ്ഞു. ഒരു സർക്കാർ ഉദ്യോഗസ്ഥനായിരുന്നു എന്റെ ഭർത്താവ്. ഭർത്താവിന് ബാങ്കിൽ ജോലിയായതുകൊ് എന്റെ ഭാവിസുരക്ഷിതമാണെന്ന് എന്റെ മാതാപിതാക്കൾ വിശ്വസിച്ചു. രു മക്കൾ ഉായി. ഒരു ആണും ഒരു പെണ്ണും. പെൺകുഞ്ഞിന് രു വയസ്സായതുമുതൽ ഭർത്താവിന്റെ സ്വഭാവം മാറഇത്തുടങ്ങി. കുടിച്ചിട്ട് എന്നും വീട്ടിൻ വന്ന് എന്നെ ഉപദ്രവിക്കുകയും വീട്ടുപകരണങ്ങൾ നശിപ്പിക്കുകയും ചെയ്തു. വീട്ടുകാര്യങ്ങൾ നോക്കുകയോ കുട്ടികളുടെ കാര്യങ്ങൾ നോക്കുകയോ ചെയ്യാതെയായി. അങ്ങനെ കുട്ടികളുടെ പഠനകാര്യങ്ങളും വീട്ടുചംലവുകളും നടത്തുന്നതിനായി ഞാൻ അടുത്തുള്ള ഒരു വീട്ിൽ അടുക്കളപ്പണിക്ക് പോയിത്തുടങ്ങി. പല രാത്രികളിലും ഭർത്താവിന്റെ ഉപദ്രവം സഹിക്കാൻ കഴിയാതെ മക്കളെയുംകൊ് അടുത്തുള്ള വീടുകളഇൽ അഭയം തേടി. പല രാത്രികളിലും റോഡിൽ കുത്തിയിരുന്ന് നേര വെളുപ്പിച്ചു. ബാങ്കിൽ ജോലിയുായിരുന്നതുകൊ് പലയിടത്തു നിന്നും പണം കടംവാങ്ങി കൂട്ടുകാരുമൊത്ത് കുടിച്ചുനടന്നു. പണം തിരികെ നൽകാതായപ്പോൾ പോലീസ് കേസായി. പോലീസുകാർ വീട്ടിൽ കയറിയിറങ്ങാൻ തുടങ്ങി. മക്കൾക്ക് വീട്ടിൽ ഇരുന്ന് പഠിക്കാനോ ഒരു നേരത്തെ ആഹാരം കഴിക്കാനോ സാധിക്കാതെയായി. ഒരു ദിവസം കുടിച്ചിട്ടുവന്ന് പഠിച്ചുകൊിരുന്ന അവരുടെ പുസ്തകമെല്ലാം വലിച്ചുകീറഇക്കളഞ്ഞു. കടംകൊ് പുറത്തിറങ്ങഅങാൻ വയ്യാത്ത സ്ഥിതിയായി. അവസാനം ഞാൻ മക്കളെയും കൂട്ടി ആത്മഹത്യ ചെയ്യാൻ തീരുമാനിച്ചു. മരിക്കാനായി തലവഴി മണ്ണെണ്ണ എടുത്തൊഴിച്ചപ്പോൾ പേടിച്ചുപോയ മക്കൾ നിലവിളിച്ചു. അപ്പോൾ തൊട്ടടുത്ത വീട്ടിൽ കുടുംബശ്രീ കൂടുകയായിരുന്ന കുടുംബശ്രീ അംഗങ്ങൾ എല്ലാവരും ഓടിവന്നു. എന്നെ ആസ്വസിപ്പിച്ചിട് എന്നെയും അവരുടെ കുടുംബശ്രീയിൽ ചേർത്തു. പണം തിരികെ  കൊടുക്കാത്ത കേസിൽ ജോലിപോലും നഷ്ടപ്പെടുന്ന സ്ഥഇതി ആയിരുന്നു എന്റെ ഭർത്താവിന്റേത്. കോടതിയിൽ കെട്ടിവെയ്ക്കാനുള്ള 85000 രൂപ കുടുംബശ്രീ അംഗങ്ങൾ എനിക്ക് ലോണായി തന്നു. അങ്ങനെ ഭർത്താവിന്റെ ജോലി നഷ്ടപ്പെടാതെയുംമരണത്തിലേക്ക് പോകാതെ എന്റെയും കുട്ടികളുടെയും ജീവൻ സംരക്ഷിച്ചതിൽ എനിക്ക് എന്റെ കുടുംബശ്രീ അംഗങ്ങളോട് തീർത്താൽ തീരാത്ത കടപ്പാടു്. ഇന്ന് കുടുംബശ്രീയുടെ സജീവപ്രവർത്തകനായി ഞാൻ മാറിയിരിക്കുന്നു. വീട്ടിനുള്ളിലെ നാലു ചുമരുകൾക്കുള്ളിൽ ഒതുങ്ങിയിരുന്ന ഞാൻ ഇന്ന് ഏതു പ്രതിസന്ധിയെയും തരണം ചെയ്യാൻ കഴിവുള്ള ആളായി മാറിയിരിക്കുന്നു. എന്റെ മക്കളെ പഠിപ്പിച്ച് വലുതാക്കാൻ കഴിഞ്ഞു. എന്റെ സമ്പാദ്യം വിപുലപ്പെടുത്താനും സാധഇച്ചു. ഭർത്താവിന്റെ വരുമാനത്തെ ആശ്രയിക്കാതെ സ്വന്തം കാലിൽ നിൽക്കാൻ എനിക്ക് ധൈര്യം തന്നത് എന്റെ കുടുംബശ്രീയാണ്.

## 29. സ്നേഹ കുടുംബശ്രീ, ഓമന

അഞ്ചാം വാർഡിലെ സ്നേഹ കുടുംബശ്രീയിലെ അംഗമാണ് ഞാൻ. എന്റെ പേര് ഓമന. സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി പല ക്ലാസ്സുകളിലും ഞാൻ പങ്കെടുത്തിട്ടു്. ഞങ്ങളുടെ പ്രദേശത്ത് വളരെക്കാലമായി വ്യാജമദ്യ വില്പന നടന്നു വന്നിരുന്നു. അര കിലോമീറ്ററിനുള്ളിൽ പത്തോളം വീടുകളിൽ മദ്യവില്പന ഉായിരുന്നു. ഈ പ്രദേശത്തുള്ള പുരുഷന്മാർ മദ്യത്തിനടിമകളായിത്തീർന്നു. പല വീടുകളിലും പട്ടിണി ആയി കുഞ്ഞുങ്ങൾക്ക് പഠിക്കുന്നതിനോ സമാധാനത്തോടെ ജീവിക്കുന്നതിനോ സാധിക്കാതെ ആയി ആത്മഹത്യതയുടെ വക്കുവരെ എത്തിയ ആളുകളു്. ഈ സമയത്താണ് നിർഭയ പദ്ധതിയുമായ ബന്ധപ്പെട്ട റിസോഴ്സ് പേഴ്സൺ ട്രെയിനിംഗ് കഴിഞ്ഞ് ഞാൻ എത്തിയത്. ഇതിനൊരു പരിഹാരം കാണമെന്ന് ഞാൻ തീരുമാനിച്ചു. ഞങ്ങളുടെ വാർഡിലെ കുടംബശ്രീ അംഗങ്ങളെ സംഘടിപ്പിക്കുകയും വ്യാജമദ്യ വില്പനയ്ക്കെതിരെ രംഗത്തിറങ്ങുകയും ചെയ്തു. പരാതി നല്കേ സ്ഥലങ്ങളിൽ പരാതി നല്കുകയും ചെയ്തു. അങ്ങനെ ഈ പ്രദേശത്തെ പുരുഷന്മാരെ മദ്യത്തിന്റെ പിടിയിൽ നിന്ന് ഒരു പരിധി വരെ സംരക്ഷിക്കുവാനും കുടുംബങ്ങളിൽ സമാധാനവും സന്തോഷവും വരുത്തുവാനും എനിയ്ക്ക് കഴിഞ്ഞു. ഇതിന്റെ ശാപം അനുഭവിച്ചിരുന്ന സ്ത്രീകൾ എന്നെ കൃതാർത്ഥയോടെ കാണുന്നു.

## 30.എന്റെ  അനുഭവങ്ങൾ...........

പ്രമാടം ഗ്രാമപഞ്ചായത്തിലെ 1-ാം വാർഡിൽ പ്രവർത്തിക്കുന്ന കീർത്തി കുടുംബശ്രീ അയൽക്കൂട്ടത്തിലെ ഒരു അംഗമാണ് ഞാൻ. ശ്രീമതി ശ്രീരഞ്ജിനിയുടെ നേതൃത്വത്തിലാണ് കുടുംബശ്രീ അയൽക്കൂട്ടം രൂപീകരിച്ചത്. 10 വർഷമായി വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. കുടുംബശ്രീയുടെ പോഷകഘടകമായ ഒരു ബാലസഭ രൂപീകരിക്കാൻ എനിക്ക് സാധിച്ചു. 24 കുട്ടികൾ അംഗങ്ങളാണ്. ചാച്ചാജി ബാലസഭ എന്നാണ് പോര്. കുട്ടികളെ കലോത്സവങ്ങളിൽ പങ്കെടുപ്പിക്കാൻ എനിക്ക് സാധിച്ചിട്ടു്. അറിയാവുന്ന രീതിയിൽ നാടൻപാട്ട്, പദ്യപാരായണം, എന്നിവ പഠിപ്പിച്ചുകൊടുത്തു. മത്സരങ്ങളിൽ അവർ സമ്മാനങ്ങളും നേടിയിട്ടു്. എനിക്ക് ആ ട്രോഫി എന്റെ മുമ്പിൽ കൊുവന്നിട്ടു ഇത് ഉഷാമ്മയ്ക്ക് ഞങ്ങൾ സമർപ്പിക്കുന്നു എന്ന് പറഞ്ഞപ്പോൾ എനിക്കുായ സന്തോഷത്തിന് അതിരില്ലായിരുന്നു. അതുപോലെ തന്നെ ഞങ്ങളുടെ തൊട്ടടുത്തുള്ള ശ്രീ.മഹാദേവക്ഷേത്രത്തിൽ ഉത്സവത്തിന് ഓരോ കരക്കാരുടേയും കാള എഴുന്നള്ളത്ത് ഉായിരുന്നു. എന്റെ കരയിൽ കാളയെ എടുക്കുന്നതിന് ചെ മേളക്കാരെ സമീപിച്ചപ്പോൾ അവർക്ക് സമയമില്ല. ഭയങ്കര റെയിറ്റും എന്തു ചെയ്യാനാണ് ആകെ വിഷമിച്ചു. എന്നിട്ട് മറ്റ് കരക്കാരുടെ മേളക്കാരിൽ നിന്നും നാലുപേരെ ഞങ്ങൾക്കു വിട്ടുതന്നാണ് ഞങ്ങൾപരിപാടി നടത്തിയത്. അന്നു ഞാൻ തീരുമാനിച്ചു. ഇനിയും ഇങ്ങനെ ബുദ്ധിമുട്ടാൻ പാടില്ല. ബാലസഭാകുട്ടികളെ ചെമേളം പഠിപ്പിച്ച് അരങ്ങേറ്റം നടത്തി. ഞങ്ങളുടെ ലൈബ്രറി 50-ാം വാർഷികത്തിന് സാംസ്ക്കാരിക ഘോഷയാത്ര നടത്തിയപ്പോൾ ചാച്ചാജി ബാല സഭയിലെ കുട്ടികൾ ഫീസ് ഒന്നും വാങ്ങാതെ തന്നെശിങ്കാരിമേളം അവതരിപ്പിച്ചു. ഇത് ഒരു വലിയ അഭിമാനമായി

കരുതുന്നു. എല്ലാ വർഷവും പ്രമാടം പുളി ജംഗ്ഷനിലെ ഓണാഘോഷപരിപാടിക്ക് ചാച്ചാജി ബാലസഭയിലെ കുട്ടികളുടെ പരിപാടിയാണ് പ്രധാനമായി നടത്തുന്നത്. അതിന് അവരെ പ്രാപ്താക്കാൻ കഴിഞ്ഞത് എനിക്ക് വലിയനേട്ടമാണ്. ഈ കഴിഞ്ഞകാലയളവുകളിൽ എ.ഡി. എസ് സെക്രട്ടറി, സി.ഡി.എസ്. മെമ്പർ എന്നിങ്ങനെ പ്രവർത്തിച്ചുകൊിരുന്നു. സി.ഡി.എസ്. തെരഞ്ഞെടുപ്പിൽ സി.ഡി.എസ്. തെരഞ്ഞെടുപ്പിൽ സി.ഡി.എസ്. ചെയർപേഴ്സൺ ആയി തെരഞ്ഞെടുക്കപ്പെട്ടു. എനിക്ക് ഒരു മാസമേ പ്രവർത്തിക്കാൻ കഴിഞ്ഞുള്ളൂ. 3 മാസം എനിക്ക് അവധിയെടുക്കേി വന്നു. എന്റെ മകന് സുഖമില്ലാതെ എറണാകുളം അമൃത ഹോസ്പിറ്റലിൽ അഡ്മിറ്റാകേതായും വന്നു. ഒരാളുടെ സഹായം ഇല്ലാതെ ഒറ്റയ്ക്ക് ഇരുത്തിയിട്ട് പോകാൻ പറ്റാത്ത അവസ്ഥയായിരുന്നു മാനസികമായും ശാരീരികമായും ഒരുപാട് തകർന്ന അവസ്ഥയിലായിരുന്നു ഞാൻ പക്ഷേ കുടുബശ്രീയിൽ പ്രവർത്തിച്ച എല്ലാവരുമായി പരിചയപ്പെടാൻ കഴിഞ്ഞതുകൊ് എന്നെ വിളിച്ച് ആശ്വാസ വാക്കുകൾ പറഞ്ഞ് ആശ്വസിപ്പിച്ച ഒരുപാട് പേരു്. എല്ലാവരുടെയും പ്രാർത്ഥമകൊും നല്ല രീതിയിലുള്ള ചികിത്സകൊും എന്റെ മകൻ സുഖം പ്രാപിച്ചു. ഇന്ന് എറണാകുളത്ത് സാംസഗ് കമ്പനിയിൽ ജോലി നോക്കുന്നു. വീും ചാർജ്ജെടുത്ത് എന്നാൾ കഴിയുന്ന അവസ്ഥയിൽ പ്രവർത്തിക്കുന്നു. എന്നോടൊപ്പം പഞ്ചായത്ത് പ്രസിഡന്റ്, മെമ്പർമാർ, മെമ്പർ സെക്രട്ടറി, അക്കൗന്റ്, സി.ഡി.എസ്. മെമ്പർമാർ എല്ലാവരും ഒത്തൊരുമയോടെ പ്രവർത്തിക്കുന്നു. വരുംകാലങ്ങളിലും കുടുംബശ്രീ പ്രസ്ഥാനം വാനോളെ ഉയരട്ടെ എന്ന പ്രാർത്ഥനയോടും കുടുംബശ്രീ അയൽക്കൂട്ടത്തിലൂടെ അറിയപ്പെടാൻ സാധിച്ച സന്തോഷത്തോടുകൂടിയും നിർത്തുന്നു.

ഉഷാ ശിവൻ

## 31. എന്റെ വളർച്ച

കോന്നി പഞ്ചായത്ത്

മാരിയത്ത് ഇബ്രാഹിം

കുടുംബശ്രീ എന്താണെന്നോ, അതിന്റെ വ്യാപ്തി എന്താണെന്നോ അറിയാതിരുന്ന സമയത്ത് എന്റെ വാർഡിൽ ഒരു കുടുംബശ്രീ രൂപീകരിക്കുകയും അതിന് അൽശമീൻ എന്ന പേരിടുകയും ചെയ്തു. ഈ ഗ്രൂപ്പിന്റെ ആരോഗ്യ വാളിയറായി പ്രവർത്തിക്കുന്ന സമയത്ത് വാർഡിൽ എ.ഡി.എസ്. രൂപീകരിക്കുകയും എ.ഡി.എസിന്റെ പ്രസിഡന്റായി അദ്ധ്യക്ഷനായി ഇരിക്കാൻ പറയുമ്പോൾ പേടിച്ചിട്ട് വിറയലോടുകൂടി അദ്ധ്യക്ഷനായി ഇരിക്കുകയും എന്തെങ്കിലും കാര്യങ്ങൾ പറഞ്ഞ് എങ്ങനെയെങ്കിലും മീറ്റിംഗ് അവസാനിപ്പിക്കാമായിരുന്നു. അങ്ങനെ ഒരു വർഷം കഴിഞ്ഞു എനിക്കു കാര്യമായ മാറ്റങ്ങൾ ഒന്നുംതന്നെ ഉായില്ല. അങ്ങനെ ഇരിക്കുമ്പോൾ എന്നെ സി.ഡി.എസിന്റെ മെമ്പറാക്കുകയും ഞാൻ സി.ഡി.എസിന്റെ വൈസ് ചെയർപേഴ്സണായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. പഠ മൈക്ക് എന്റെ ഒരു പേടിസ്വപ്മായിരുന്നു.

മൈക്ക് ഉള്ള മീറ്റിംഗിൽ ഞാൻ പങ്കെടുക്കില്ലായിരുന്നു. ഏതൊരു മീറ്റിംഗ് വന്നാലും സി.ഡി.എ സിന്റെ വൈസ് ചെയർപേഴ്സൺ ഒന്നുകിൽ സ്വാഗതം പറയണം, അല്ലെങ്കിൽ കൃതജ്ഞതയ്ക്ക് മുമ്പ് ഹാളിൽ നിന്ന് ഇറങ്ങി മാറിനിൽക്കുകയോ ചെയ്യുമായിരുന്നു. അബദ്ധത്തിൽ പറയേി വന്നാൽ ഒറ്റവാക്കിൽ എല്ലാവർക്കും സ്വാഗതം പറയുന്നു. അല്ലെങ്കിൽനന്ദി പറയുന്നു എന്നു പറ ഞ്ഞചതിനുശേഷം ഹാളിൽ നിന്ന് ഇറങ്ങി ഓടിക്കളയും.

ഞാൻ പലപ്രാവശ്യം ചെയർപേഴ്സണോട് എന്റേ പേര് ഒന്നിനും വയ്ക്കരുതെന്ന് പറഞ്ഞ് കരയുമായിരുന്നു. അങ്ങനെയിരിക്കെ കുടുംബശ്രീ വാർഷികം വരികയും തുടർന്ന് സി. ഡി.എസി ന്റെ വാർഷികം വരികയും ചെയ്തു. സി.ഡി.എസ് തീരുമാനങ്ങൾ എടുത്തു. സ്വാഗതം ഉദ്ഘാടനം ആശംസ കൃതജ്ഞത എന്നിവയ്ക്കെല്ലാം പേര് നിർദ്ദേശിച്ചു. എന്ത് ചെയ്യാം. കൃതജ്ഞതയ്ക്ക് എന്റെ പേരും നോട്ടീസിൽ എഴുതപ്പെട്ടുയ നോട്ടീസിൽ പേര് ക പ്പോൾ എനിക്ക് ഒരു ഗമയൊക്കെ തോന്നി. ഞാൻ എല്ലാവരോടും നോട്ടാസ് കാണിച്ചു. എന്റെ പേര് നോട്ടീസിലു് ഇങ്ങനെയാണെങ്കിലും എന്റെ ഉള്ളിൽ എങ്ങനെ കൃതജ്ഞത പറയും എന്നു ള്ളതായിരുന്നു. ഞാൻ വീട്ടിൽ എന്റെ കുട്ടികളെയും അയൽപക്കത്തുള്ളവരെയും വിളിച്ചു ചേർത്ത് പേനമൈക്കായി കട്ടിൽ സ്റ്റേജായി അപ്പുറത്തും ഇപ്പുറത്തും കസേര ഇട്ടിട്ട് അതിൽ ആളുകൾ ഇരിക്കുന്നതായും സങ്കൽപ്പിച്ച് പലപ്രാവശ്യം കൃതജ്ഞത പറഞ്ഞുപഠിച്ചു. തുടർന്ന് കണ്ണാടിക്കു മുമ്പിൽ നിന്ന് സിനിയയിലൊക്കെ കാണുംപോലെ കൃതജ്ഞത പറഞ്ഞ് പറഞ്ഞ് പഠിച്ചു. എങ്കിലും എനിക്ക് ദിവസം അടുക്കുംന്തോറും ഭയം കൂടി കൂടി കൂടി വന്നു. അങ്ങനെ ആ ദിവസവും എത്തി. എന്റെ കുട്ടികൾ എന്നോട് പറഞ്ഞു. ധൈര്യമായിട്ട് അമ്മ കൃതജ്ഞത പറഞ്ഞിട്ടുവേണം ഇങ്ങോട്ട് വരാൻ. നാണക്കേടുാക്കരുത് എന്ന്. ഇതുകൂടി കേട്ടപ്പോൾ എന്റെ ജീവൻ പകുതിയായി. എല്ലാ സ്ഥലങ്ങളിലും വഴി**** നേർന്നു. അങ്ങനെ ആ സമയം വന്നെ ത്തി. സ്വാഗതമോ, ഉദ്ഘാടനമോ, ആശംസകളോ ഒന്നുംതന്നെ ആ സമയം എന്റെ മനസ്സിലില്ല. എന്നെ ഭയംകൊ് വിയർക്കാൻ തുടങ്ങി. ആ സമയം അദ്ധ്യക്ഷ കൃതജ്ഞത പറയുന്നതിനുവേി എന്നു പറയേമാസം എന്റെ പേരുംപോലും കേൾക്കാൻ നിൽക്കാതെ ഞാനും കസേരയും പുറ കോട്ടുപോയി. കണ്ണുതുറന്നുനോക്കുമ്പോൾ ആശുപത്രിയിലായിരുന്നു. എനിക്ക് നാണക്കേടു കൊ് പുറത്തിറങ്ങാൻ പറ്റാത്ത അവസ്ഥ. ഞാൻ പഞ്ചായത്തിൽ പിന്നീട് ഒരു മാസം തിരിഞ്ഞു പോലും നോക്കിയില്ല.

നിർഭാഗ്യമെന്നു പറയട്ടെ. സി.ഡി.എസ്. ചെയർപേഴ്സന്റെ ഭർത്താവിന് സുഖമില്ലാ യെന്നും ചെയർപേഴ്സൺ രുമാസം അവധിയിലായതിനാൽ രുമാസം വൈസ്ചെയർപേഴ്സഎ ആസ്ഥാനം ഏൽപ്പിക്കുന്നു എന്നു പറയേ താമസം എനിക്ക് പിന്നെയും പേടിയായിടോതുടങ്ങി. അപ്പോൾ എന്റെ അവസ്ഥ ഇടിവെട്ടിയവന്റെ തലയിൽ പാമ്പു കടിച്ചതുപോലെയായി. എന്ത് ചെയ്യണം. എങ്ങോട്ടുപോകണം എന്നറിയാൻ വയ്യാത്ത അവസ്ഥ.

എന്തായാലും പഞ്ചായത്തിൽ പോയേ പറ്റൂ. കുടുംബശ്രീയുടെ കാര്യങ്ങൾ ശ്രദ്ധിച്ചേപ റ്റൂ. എനിക്കന്നേരം തോന്നി ഇനിയും എനിക്ക് സി.ഡി.എസ്. ആയിട്ട് ഇരിക്കാൻ താൽപര്യമില്ല എന്ന് എഴുതിക്കൊടുക്കാം. ഞാൻ പലവട്ടം ആലോചിച്ചു.

ഒടുവിൽ ഒരു തീരുമാനത്തിലെത്തി. ഇതു കൈവിട്ടുപോയാൽ ഞാൻ എങ്ങുമെത്താതെ പോകും. എങ്കിലും മൈക്ക് എന്ന ഭയം എന്നെ വല്ലാതെ അലട്ടി.

എനിക്ക് എന്ത് ചെയ്യണം എന്നറിയാൻ വയ്യാത്ത അവസ്ഥ. അപ്പോൾ എന്റെ നല്ലവരായ കൂട്ടുകാർ എന്നോടാവശ്യപ്പെട്ടു. നീ മൈക്ക് ഇല്ലാതെ സംസാരിക്കാൻ, കുറച്ചുകഴിയുമ്പോൾ ശരിയാകും എന്ന്. അങ്ങനെ ഞാൻ ധൈര്യം സംഭരിച്ച് മേക്ക് ഇല്ലാതെ കുറച്ചു കുറച്ചു സംസാരിക്കാൻ ശ്രമിച്ചു. അങ്ങനെ ഏറെ ആളുകൾ കൂടുന്ന സ്ഥലങ്ങളിൽ പോയി എനിക്ക് അറിയാവുന്ന രീതിയിൽ സംസാരിച്ച് ഞാൻ പഠിച്ചു. അങ്ങനെ ഇരിക്കെ ഒരു ദിവസം എനിക്ക് പിന്നീടും മൈക്കിൽകൂടി സംസാരിക്കേി വന്നു.  മൈക്ക് എടുത്ത് ഞാൻ കൈയ്യിൽ വച്ചിട്ട് എന്ത് പറയണം, ആകെ നാണക്കേടാകും എന്ന അവസ്ഥ അവിടെയും ഉായി. എല്ലാവരും ഞാൻ എന്താണ് പറയാൻ പോകുന്നത് എന്ന് ശ്രദ്ധിക്കുവാൻ തുടങ്ങി. ഞാൻ ഈ മൈക്ക് ര് കൈയ്യിലും ചേർത്തുപിടിച്ചു. എന്റെ കൈയ്യോടൊപ്പം മൈക്കും വിറയ്ക്കാൻ തുടങ്ങി. എങ്കിലും ഞാൻ മനസ്സിൽ കരുതി. ഇപ്പോൾ ഞാൻ തളർന്നാൽ ഇനി ഒരിക്കലും എനിക്ക് സംസാരിക്കാൻ പറ്റാതെവരും എന്തുവരട്ടെ എന്നു കരുതി. വിറയലോടെ ഞാൻ ഒരുവിധം ഒരു സെക്കന്റുകൊ് കാര്യങ്ങൾ അവതരിപ്പിച്ചു. അപ്പോഴേക്കും ഞാൻ വിയർത്തു. ഇങ്ങനെപോയാൽ പറ്റില്ലായെന്ന് ഞാൻ ഉറച്ചൊരു തീരുമാനമെടുക്കുകയും മൈക്ക് എടുത്തിട്ട് വെറുതെ സംസാരിച്ചു. അപ്പോൾ എനിക്ക് ഭയം തോന്നിയില്ല. പക്ഷെ ആളുകളെ കാണുമ്പോൾ ഭയം തോന്നും അങ്ങനെ ഉടൻ തട്ടിയും മുട്ടിയും ര് മാസം എന്റെ ചുമതല നിർവ്വഹിച്ചു.

പിന്നീട് എനിക്ക് കുറച്ചുകുറച്ച് ധൈര്യം തോന്നി തുടങ്ങുകയും, അടുത്ത തെരഞ്ഞെടുപ്പിൽ ഞാൻ സി.ഡി.എസിന്റെ ചെയർപേഴ്സൺ ആകുകയും ചെയ്തു. അന്ന് ***** പിന്നിട്ടു പോയെങ്കിൽ ഞാൻ ഇപ്പോൾ ആ പേടിയോട് ജീവിതം കഴിക്കേിവരാമായിരുന്നു.

ഇപ്പോൾ എനിക്ക് മൈക്ക് കിട്ടിയാൽ സംസാരിക്കാൻ പേടിയില്ല. എന്നെ ഈ നിലവിൽ എത്തിച്ചത് എന്റെ കുടുംബശ്രീയാണ്. എന്റെ കുടംബശ്രീയ്ക്ക് ഒരായിരം നന്ദി അർപ്പിച്ചുകൊ് നിർത്തുന്നു.

## 32. സാമൂഹിക കടപ്പാട്

പള്ളിക്കൽ ഗ്രാമപഞ്ചായത്ത് 14-ാം വാർഡ് ഐശ്വര്യ കുടുംബശ്രീയിലെ അംഗമാണ് 2002 ൽ കുടുംബശ്രീക്കുവേി പ്രവർത്തിക്കുവാൻ തുടങ്ങി. അയൽക്കൂട്ടം സെക്രട്ടറിയായും പ്രവർത്തിച്ചു. അയൽക്കൂട്ടം സെക്രട്ടറിയായി 4 വർഷവും എ.ഡി.എസ്. സെക്രട്ടറിയായി 11 വർഷവും, സി.ഡി.എസ്. മെമ്പറായി 2 വർഷവും 4 വർഷം കൊ് സി.ഡി.എസ്. ചെയർപേഴ്സണായും പൊതു സേവനം അനുഷ്ഠിച്ചു വരുന്നു 2005 ൽ എ.ഡി.എസ്. മെമ്പറായിരിക്കുമ്പോൾ വി.ഇ.ഒ. മുഖാന്തിരം ബി.പി.എൽ. സർവ്വേ എടുക്കാനുള്ള ഒരു അവസരം ലഭിച്ചു. അങ്ങനെ 16 -ാം വാർഡിലെ സർവ്വേ ആണ് എനിക്കു തന്നത്. അതായത് എന്റെ സ്വന്തം വാർഡ്, ജനിച്ചു വളർന്ന സ്ഥലം ആയിട്ടുപോലും പരിസരത്തുള്ളവരെ അല്ലാതെ മറ്റ് ആരെയും അറിയില്ലായിരു

ന്നു. എന്നാൽ കുടുംബശ്രീ പ്രവർത്തനത്തിനു ഇറങ്ങിയതുകൊ് സർവ്വേ എടുക്കാൻ പോയതു കൊും രു കുടുംബങ്ങളെ എന്റെ കണ്ണിൽപ്പെടുകയുായി. ഒരു വീട്ടിൽ എഴുതാൻ ചെന്നപ്പോൾ ക കാഴ്ച ഒരു ചെറുപ്പക്കാരൻ ചാടി എന്റെ അടുത്ത് വന്നിട്ട് നിങ്ങൾ എന്തിനാണ് വന്നത്. ഇവിടെ ആരുടെ ഒന്നും എഴുതാനില്ല. ഇറങ്ങിപ്പൊക്കോണം, ഇവിടെ ഞങ്ങൾക്ക് ആരും ഒന്നും തരാനുമില്ല. ഞങ്ങൾക്ക് ഒന്നും കിട്ടിയിട്ടുമില്ല. ഇവിടെ വാർഡ് മെമ്പറും ഉ്. എല്ലാവരും ഉ്. ഞങ്ങളുടെ അവസ്ഥ കാണാൻ ആരുംമില്ല എന്ന് പറഞ്ഞു.

അപ്പോൾ ഒരു സ്ത്രീ ഇറങ്ങി വന്നു. അയ്യോ അണ്ണാ വഴക്കു പറയല്ലേ. അത് നമ്മുടെ ഇന്ദിര ചേച്ചിയാണ്. എ.ഡി.എസ്. ന്റെ സെക്രട്ടറിയാണ്. അത് എനിക്ക് പരിചയമുള്ള മഹേശ്വരീ കുടുംബശ്രീയിലെ അംഗമായ പ്രസന്ന എന്ന ഒരു അഗതി ആയിരുന്നു. വിവാഹം കഴിക്കാത്ത ര് അംഗങ്ങൾ, ആസ്മാ രോഗിയായ അമ്മ അനിയത്തിയും മദ്യപാനിയായ അനിയത്തിയുടെ ഭർത്താവും ര് കുട്ടികളും അടങ്ങുന്ന ഒരു കോഴിക്കൂട് എന്ന് പറയാവുന്ന ഒരു ടാർ ഷീറ്റ്, പ്ലാസ്റ്റിക്ക് മുതലായവ കൊ് മറച്ച ഒരു കുടിൽ. ഞാൻ ഒന്നും പറയാതെ ആ വീട്ടിൽ നിന്ന് ഇറ ങ്ങിപ്പോന്നു. അപ്പോഴാണ് എനിക്ക് ഓർമ്മ വന്നത്. കുടുംബശ്രീ വഴി ആശ്രയ പദ്ധതിയുംട അംഗങ്ങളെ കത്തെി അപേക്ഷ കൊടുക്കണം എന്ന് ഞാൻ അവരോട് പോലും പറയാതെ അപേക്ഷ പഞ്ചായത്തിൽ കൊടുത്തു. പഞ്ചായത്തിൽ നിന്ന് സി.ഡി.എസ്. ഉം അന്നത്തെ മെമ്പ റായിരുന്ന സോമനാഥൻ പിള്ളയും കൂടി അവരുടെ വീട് സന്ദർശിച്ചു. അവർ അർഹതപ്പെട്ട കുടുംബമായിരുന്നു. ഫോട്ടോയും എടുത്ത് അവരെ ആശ്രയപദ്ധതിയിൽ ഉൾപ്പെടുത്തി. ആദ്യ മായി അവർക്ക് വീട് കൊടുത്തു. ര് മുറിയും അടുക്കളയും ഉള്ള ഒരു വീട് വെച്ചു. അതിന്റെ പാല് കാച്ച് കുടുംബശ്രീകാർ പിരിവ് എടുത്തു നടത്തി. അവർക്ക് വളരെ സന്തോഷമായി. അതിന് ശേഷം കിണർ, കക്കൂസ്, ചികിത്സ എല്ലാത്തിനും ആനുകൂല്യം നൽകി. തൊഴിലുറപ്പു പദ്ധതിയിൽ അംഗമാക്കി. തൊഴിലുറപ്പിന് ആ കുടുംബത്തിൽ നിന്ന് രുപേർ പോകുന്നു. സ്വയം ബിസിനസ്സ് ആയി പർപ്പിടകം ഉാക്കി വിൽക്കുന്നു. കുറച്ച് ടാപ്പിംഗും ചെയ്യുന്നു. അങ്ങനെ ആ കുടുംബത്തെ കുടുംബശ്രീയിൽ അങ്ങനെ അമ്മച്ചിയുടെ പേരും എഴുതികൊടുത്തു. അങ്ങനെ സ്ഥലവും വീടും കിണറും, കക്കൂസും വച്ചു താമസിച്ചു. അങ്ങനെ കുടുംബശ്രീ പ്രവർത്തന ത്തിൽ വന്നതുകൊ് ഉായ ഒരു അനുഭവമാണ്. പ്രസന്നയ്ക്കും കുടുംബശ്രീയിൽ വന്നതുകൊ ുള്ള ഒരു അനുഭവമാണ്. അതുപോലെ ഒരമ്മച്ചി ഒറ്റയ്ക്ക് ഒരു വയലിന്റെ കരയ്ക്ക് ഷെഡ് വച്ച് താമസിക്കുന്നു. ഷെഡ് വെയ്ക്കാൻ സ്വന്തമായി സ്ഥലം ഇല്ല. ഒരു വീട്ടുകാർ തൽക്കാലത്തേക്ക് കൊടുത്തതാണ്. ആറും ഇറങ്ങി ചെല്ലാൻ പറ്റാത്ത താഴ്ചയുള്ള സ്ഥലം. ഈ വസ്തുക്കാരന്റെ വീട്ടിൽ സർവ്വേ എടുത്തു കഴിഞ്ഞ് ഇവിടെ അടുത്ത് വേറെ വീട് എവിടെയുന്ന് ചോദിച്ചപ്പോ ഴാണ് അവർ പറയുന്നത് താഴെ അറ്റത്ത് ഒരമ്മച്ചി തനിയെ താമസെ ഉന്ന്. അങ്ങനെ അവിടെ ചെന്നപ്പോൾ അമ്മച്ചി ഷെഡിനകത്ത് കിടന്ന് ഉറങ്ങുന്നു അമ്മച്ചിയെ തട്ടി വിളിച്ച് എഴുന്നേൽപ്പി ച്ചു. അപ്പോൾ ആ അമ്മച്ച് എന്നോടു ചോദിച്ചു കുഞ്ഞ് ഏതാ, എന്തിനാ വന്നത്? ഇവിടെ ആരും വരാറില്ല. ഞാൻ ചോദിച്ചു. അമ്മച്ചി തനിച്ചെ ഉള്ളോ? ഞാൻ തനിച്ചേ ഉള്ളൂ. എന്റെ ഭർത്താവ് ഒരു ക്യാൻസർ രോഗിയായിരുന്നു. ചികിത്സിക്കാൻ പണമില്ലാത്തതുകൊ് വസ്തു വിറ്റു ചികി ത്സിച്ചു. വസ്തു വാങ്ങിച്ചവർ തന്നെ തൽക്കാലത്തോക്ക് ഷെഡ് വെയ്ക്കാൻ അനുവാദം തന്ന

താണ്. എന്റെ മക്കൾ എനിക്ക് എന്തെങ്കിലും ചെയ്യാൻ പറ്റുമെങ്കിൽ ചെയ്യണം. മോളെ ദൈവമായിട്ടാണ് ഇങ്ങോട്ടു കൊുവന്നത്.

കുടംബശ്രീ പ്രവർത്തനത്തിനും പൊതു പ്രവർത്തനത്തിനും പാവപ്പെട്വരെ സഹായിക്കുന്നതിനും വീട്ടിലുള്ള ഭർത്താവ്, മകൻ, മകൾ എന്നിവരുടെ സപ്പോർട്ടും, അയലത്തുകാരുടേയും, സഹപ്രവർത്തകരുടേയും എല്ലാവിധ പ്രോത്സാഹനങ്ങളും എന്നെ ഇവിടെവരെ എത്തിച്ചത് എനിക്ക് ഉായ ഒരു അനുഭവമാണ്. പാവപ്പെട്ട കുടുംബങ്ങളിലെ സന്തോഷങ്ങളിലും, ദുഃഖങ്ങളിലും പങ്കുകൊള്ളുവാനും അവരെ സഹായിക്കുവാനും അറിവിസ്സാത്തവ പറഞ്ഞു കൊടുക്കുവാനും കൂട്ടായ്മയിലൂടെ ഏതു കാര്യവും നടപ്പാക്കാൻ സാധിക്കും എന്ന് എന്നെ പഠിപ്പിച്ചത് ഈ കുടുംബശ്രീ പ്രസ്ഥാനമാണ്. അത് എനിക്ക് വലിയ ഒരു അനുഭവമായിട്ടാണ് തോന്നിയത്. കുടംബശ്രീ പ്രവർത്തിക്കാൻ തുടങ്ങിയതുമൂലം അയൽക്കൂട്ട തലം മുതൽ സംസ്ഥാന ചലംവരെ എല്ലാവരേയും പരിചയപ്പെടുവാനും സെക്രട്ടറിയേറ്റിൽ ചെന്ന് മുഖ്യമന്ത്രിയെ ക് പരാതി ബോധിപ്പിക്കുവാനും ഈ കുടുംബശ്രീ പ്രസ്ഥാനം വഴി ഉാക്കിയ ഒരു അനുഭവമാണ്. അറിവില്ലാത്ത ഒത്തിരികാര്യങ്ങൾ പല് ട്രയിനിംഗിലൂടെ ലഭിക്കുവാനും ആ അറിവ് താഴെ തട്ടിലുള്ള സ്ത്രീകൾക്ക് പകർന്നുകൊടുക്കുവാനും സാധിച്ചു. കേരളത്തിന്റെ ഏതു മുക്കിലും മൂലയിലും ചെന്നാലും പരിചയപ്പെടാൻ കുറെ സ്ത്രീകളുടെ ഉാക്കി എടുത്തത് ഒരു അനുഭവമായിട്ടാണ് ഞാൻ കാണുന്നത്. ഒരു വേദിയിൽ ചെന്ന് ര് വാക്ക് പറയാൻ പ്രാപ്തയായതും കുടുംബശ്രീയിൽ വന്നതിനു ശേഷമാണ്. കുടുംബശ്രീ വന്നതോടു കൂടി ബാങ്ക് ഇടപാടുകൾ നടത്തുന്നതിനും വിവിധ സ്ഥാപനങ്ങളുമായി  ബന്ധപ്പെടുന്നതിനും സാധിച്ചു. കുടുംബശ്രീ അംഗങ്ങളുടെ വീടുകളിൽ ഉാന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാധിക്കുന്നു. ഇലക്ഷൻ വരുമ്പോൾ ആദ്യമായി  സ്ഥാനാർത്ഥി കളും അവരുടെ അനുയായികളും വീട്ടിൻ വന്ന് അനുവാദം ചോദിക്കും. ഞാൻ സ്ഥാനാർത്ഥിയായി മത്സരിക്കാൻ പോകുകയാണ്. ചേച്ചിയുടെ സഹായം ഞങ്ങൾക്ക് വേണം. ചേച്ചി എന്തു പറയുന്നു. ഞാൻ പറയും നിങ്ങൾ ധൈര്യമായി പൊക്കോളൂ. ഞാൻ പറഞ്ഞാൽ കേൾക്കുന്ന കുറെ ആൾക്കാർ എന്റെ സമൂഹത്തിൽ ഉ്. അതുകൊ് ഒന്നു പേടിക്കേ. ഉറപ്പായി ജയിക്കും. അങ്ങനെ വാക്കുകൊടുത്ത് അവരുടെ കൂടെ പ്രവർത്തിക്കുവാനും ഉള്ള ധൈര്യംഉാക്കിയെടുത്തതും ഈ കുടുംബശ്രീ പ്രസ്ഥാനമാണ്. കുടുംബശ്രീയിൽ വന്നതിനുശേഷം എല്ലാവരും എന്നെ അറിയാൻ തുടങ്ങി. സുനാമി വന്ന സമയത്ത് ആ സ്ഥലം സന്ദർശിക്കുവാനും, മാറ്റി പാർപ്പിച്ച ആൾക്കാർക്ക് ഭക്ഷണം ഉാക്കികൊടുക്കുവാനും, സുനാമി വന്ന സ്ഥലം കാണാനും ഞാനും എന്റെ കുടുംബശ്രീയിലെ അംഗങ്ങളും ഒരാഴ്ചക്കാലം പോയിരുന്നു. അത് ജീവിതത്തിൽ എനിക്ക് ഉായ ഒരു അനുഭവമാണ്. തുണികൾ ശേഖരിച്ച്, ഭക്ഷണ സാധനങ്ങളും രൂപയും പിരിച്ച് അവർക്ക് കൊടുക്കാൻ സാധിച്ചു.

ഇന്ദരക്കുട്ടിയമ്മ

## 33. ഇരുളിൽ നിന്നും വെളിച്ചത്തിലേക്ക്

സുംഗല സുഭാഷ്
പൗർണ്ണമി ബി കുടുംബശ്രീ
എരുമക്കാട്

പൗർണ്ണമി ബി കുടുംബശ്രീയിലെ ഒരു അംഗമാണ് ഞാൻ എന്റെ അനുഭവകഥയാണ് ഇവിടെ ഞാൻ എഴുതുന്നത്.

അയൽക്കൂട്ടം കുടുംബശ്രീ വരുന്നതിനുമുമ്പ് വീട്ടിനുള്ളിൽ വെച്ചു വിളമ്പി ഒതുങ്ങി കഴിഞ്ഞിരുന്ന ഒരു വീട്ടമ്മയായിരുന്നു. വീടിനു പുറത്തിറങ്ങി മറ്റുള്ളവരായി സംസാരിക്കാനോ ഉള്ള കഴിവോ ധൈര്യമോ എനിക്കില്ലായിരുന്നു. ഈ സമയത്താണ് അയൽക്കൂട്ടം നിലവിൽ വന്നത്. ഞങ്ങളുടെ വാർഡിൽ 40 പേർ അടങ്ങുന്ന അയൽക്കൂട്ടം രൂപീകരിച്ചു. ഈ അയൽക്കൂട്ടത്തിൽ ഞാനും ഒരു അംഗമായി ചേർന്നു. അയൽക്കൂട്ടം വഴഇ ആൾക്കാരുടെ മുഖത്തു നോക്കി സംസാരിക്കാൻ ഉള്ള ഒരു ധൈര്യം ലഭിച്ചു അതിനുശേഷമാണ് കുടുംബശ്രീ സംവിധാനം നിലവിൽ വന്നത് അതിൽ കൂടി ഞങ്ങൾ 30 പേർ അടങ്ങുന്ന ഒരു കൂട്ടം രൂപീകരിച്ചു. ഞാൻ ആക്കൂട്ടത്തിൽ ഒരു അംഗമായിത്തീർന്നു. തുടർന്ന് ഞാൻ അതിലെ പ്രസിഡന്റ് ആയി എങ്കിലും ആദ്യം എനിക്ക് എന്തു പറയണം. എങ്ങനെ പറയണം എന്നുള്ള കഴിവോ ശേഷിയോ ഇല്ലായിരുന്നു അഥവാ പറഞ്ഞാൽ തന്നെ ഒരു വാക്ക് ആവർത്തിച്ചുപറയുകയും പറയാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ മറന്നുപോകുകയും ഒപ്പം തൊയിൽ നിന്നും വാക്കുകൾ പുറത്തുവരാതെ ഇരിക്കുകയും ചെയ്യുമായിരുന്നു. ഇതിനുകാരണം മനസ്സിൽ പേടി, ധൈര്യക്കുറവ്, ആത്മബലം ഇല്ലാത്തതുകൊ് മാത്രമാണ്. പക്ഷേ പിന്നീടുള്ള കൂട്ടങ്ങളിൽ കുറച്ചു സംസാരിക്കാൻ പഠിച്ചു പക്ഷേ എന്റെ ജീവിതം ഒരു പാട് ദുഃഖങ്ങളും പ്രയാസങ്ങളും സങ്കടങ്ങളും നിറഞ്ഞതായിരുന്നു. ഇത് പങ്കുവയ്ക്കാനുള്ള വേദി ആയിരുന്നു. കുടുംബശ്രീ കാരണം ഞാൻ ആരോട് എന്റെ സങ്കടങ്ങൾ പറഞ്ഞ് ഒരുപരിഹാരം കാണും എന്നു കരുതി ഇരിക്കുമ്പോഴാണ് കുടുംബശ്രീവന്നത് അത് എനിക്കു വലിയസന്തോഷത്തിനു കാരണമായി. എന്റെ ദുഃഖങ്ങളും സങ്കടങ്ങളും പറയാൻ പറ്റുമല്ലോ. എന്റെ ഭർത്താവ് ഒരു മദ്യപാനി ആയിരുന്നു. എനിക്കു 3 പെൺമക്കളാണ്. ഭർത്താവ് ദിവസവും ജോലിക്കുപോയാൽ വൈകിട്ടു മദ്യപിച്ചു ലെക്കുകെട്ടാണ് കയറിവരുന്നത്. വീട്ടിൽ പലദിവസങ്ങളിലും ഭക്ഷണംപോലും ഇല്ലാത്ത അവസ്ഥ. എന്റെ ജീവിതത്തിൽ സമാധാനവും സന്തോഷവും അനുഭവിച്ചിട്ടില്ല. ഈ ദിവസങ്ങളിൽ ശരിക്കും മനസ്സു തുറന്നു ഒന്നുചിരിക്കാനോ സന്തോഷമായി 2 പേരും കൂടി ഇരുന്ന് ഒരു വാക്ക് സംസാരിക്കാനോ പേടിയായിരുന്നു. കാരണം ഒന്നു ചിരിച്ചാൽ അന്നു കരയാനായിരുന്നു വിധി. കുടുംബശ്രീയിൽ പോയാൽ 10രൂപാ ത്രിഫ്റ്റ് വെക്കുവാൻ എനിക്കില്ലായിരുന്നു. എന്റെ ഭർത്താവ് അതിനുള്ള രൂപാതരില്ല. എല്ലാവരും ത്രിഫ്റ്റ് വയ്ക്കുമ്പോൾ ഞാൻ വേദനയോടെ നോക്കി ഇരിക്കാറുായിരുന്നു. ഒപ്പം മനസ്സുകൊ് ആരും കേൾക്കാതെ കരയുമായിരുന്നു. എല്ലാദിവസവും ഭർത്താവിൽ നിന്നും കിട്ടുന്നത് തെറിവിളിയാമ് മിച്ചം. പിന്നീട് കുടുംബശ്രീയിൽ നിന്നും വായിപ്പയെടുത്ത് പുളിത്തച്ചവടം തുടങ്ങി അതിൽ നിന്നു കിട്ടുന്ന ലാഭം വീട്ടിലെ ചിലവിനെടുത്തും മിച്ചം പിടിച്ചും തുടങ്ങി. ഇതിനിടയിൽ ഭർത്താവിന്ന മഞ്ഞപ്പിത്തം പിടിപെട്ടു ഈ ലാഭത്തിൽ നിന്നും

മിചംചപിടിച്ച പൈസകൊ് ഭർത്താവിനെ ചികിത്സിച്ചു. എന്റെ എല്ലാ സുഖദുഃഖങ്ങളും ഞാൻ ഞങ്ങളുടെ കുടുംബശ്രീ സെക്രട്ടറിയോട് പറയുമായിരുന്നു.

കുടുംബശ്രീയിൽ പോകുന്നതിന് ഭർത്താവിന് ഇഷ്ടമല്ലായിരുന്നു. എന്തുപറഞ്ഞാലും ഞാൻ കേട്ടിരുന്നു കരയുമായിരുന്നു. എന്നാൽ ഇപ്പോൾ പ്രതികരിക്കും ഇതിനുള്ള കഴിവ് കിട്ടിയത് കുടുംബശ്രീയിൽ നിന്നുമാണ്. കുടുംബശ്രീ വന്നതോടുകൂടി എന്റെ വിഷമങ്ങൾ പങ്കിടാൻ ഒരു അവസരംമായിരുന്നു കൂടാതെ ഒരുപാടു പേരേപരിചയപ്പെടാനും സ്വന്തമായി ഒരു വരുമാനം ഉാക്കാനും പൊതുവേദിയിൽ സംസാരിക്കാനുള്ള ആത്മബലം ലഭിച്ചുതം കുടുംബശ്രീയിൽ നിന്നുമാണ്. കൂടാതെ കുടുംബശ്രീവഴി ലോൺ പച്ചക്കറി വിത്തുകൾ വാഴവിത്തുകൾ മാച്ചിംഗ് ഗ്രാന്റ് എന്നിവയും തൊഴിലുറപ്പുപദ്ധതിയിൽ പങ്കാളിയാകുവാനും സാധിച്ചിട്ു്. കുടുംബശ്രീ പ്രസിഡന്റ് പദവിയിൽ നിന്നും എ.ഡി.എസിൽ വന്നു ഇപ്പോൾ വാർഡിന്റെ എ.ഡി.എസ് സെക്രട്ടറിയാണ് അതിലുപരി പഞ്ചായത്തിന്റെ കുടുംബശ്രീയുടെ സി.ഡി.എസ് മെമ്പർ ആണ്. ഞാൻ ഈ പദവിയിൽ വരാൻ കാരണം ജനങ്ങളുടെ അംഗീകാരം സമൂഹത്തിൽ ഇറങ്ങി പ്രവർത്തിക്കാനുള്ള ആത്മബലം എന്റെ അനുഭവകഥപറയാനുള്ള ഒരുവേദി ഇവയെല്ലാം കിട്ടിയത് കുടുംബശ്രീയിൽ നിന്നുമാണ്. പക്ഷെ എന്റെ ഭർത്താവിൽ നിന്നും എനിക്ക് ഇതുവരെ ഒരു അംഗീകാരവും ലഭിച്ചിട്ടില്ല എന്ന ഒരു സങ്കടം മാത്രം അവശേഷിക്കുന്നു. എനിക്ക് 3 പെൺകുട്ടികളാണ്. അതിൽ 2 പേർ ബി.എ. കഴിഞ്ഞു. ഒരാൾ ഇപ്പോൾ ഡിഗ്രിക്കു പഠിക്കുന്നു. എന്റെ അനുഭവകഥ എഴുതാൻ അവസരം തന്ന കുടുംബശ്രീ പ്രവർത്തകരോട് എനിക്ക് പ്രത്യേകം നന്ദിയു്. എന്റെ ജീവിതത്തിൽ ഇതുവരെ കിട്ടാത്ത സന്തോഷം സമാധാനം ധൈര്യം ആത്മബലം പ്രതികരിക്കാനുള്ള കഴിവ് സ്നേഹം ഇവയെല്ലാം നേടിത്തന്നത് കുടുംബശ്രീയാണ് എന്ന കാര്യത്തിൽ യാതൊരുസംശയവും ഇല്ല.......

## 34. പുലരി കുടുംബശ്രീ

എന്റെ പേര് സരോജിനി. ഞാൻ കടമ്പനാട് ഗ്രാമപഞ്ചായത്ത് പതിനൊന്നാം വാർഡിൽ താമസിക്കുന്നു. എന്റെ കുടുംബശ്രീയുടെ പേര് പുലരി. പുലരി കുടുംബശ്രീയിലെ സെക്രട്ടറിയാണ് ഞാൻ 2002 ൽ 12 അംഗങ്ങൾ അടങ്ങുന്ന കുടുംബശ്രീ രൂപീകരിച്ചു. ഞാനുൾപ്പെടെ 12 അംഗങ്ങളും എസ്.സി. കുടുംബക്കാരും ബി.പി.എൽ. അംഗങ്ങളാണ്. ഇതിൽ അക്ഷരാഭ്യാസം ഇല്ലാത്ത രുപേർ ഉ്.

എന്റെ കുടുംബ പശ്ചാത്തലം ഞാനും എന്റെ ഭർത്താവും മൂന്ന് ആൺമക്കളുമടങ്ങുന്നതാണ് എന്റെ കുടുംബം. കുടുംബശ്രീയിൽ അംഗമായതോടുകൂടി എനിക്കുായ അനുഭവങ്ങളും അതുമൂലമുാകുന്ന മാറ്റങ്ങളുമാണ് ഇവിടെ വിവരിക്കുന്നത്. ഞാൻ ഒരു വീട്ടമ്മയാണ്. അടുക്കളയും വീട്ടുകാര്യങ്ങളുമായി കഴിഞ്ഞിരുന്ന എനിക്ക് കുടുംബശ്രീയിലൂടെ വലിയ നേട്ടങ്ങളും കോട്ടങ്ങളും ഉായി. 2002 ൽ ഒരുനേരംപോക്ക് എന്ന രീതിയിൽ രൂപീകരിച്ച കുടുംബശ്രീയിൽ നിന്നും വൻനേട്ടങ്ങൾ കൊയ്യാൻ എനിക്കും എന്റെ ഗ്രൂപ്പിനും കഴിഞ്ഞു. അയൽക്കൂട്ടം കൂടാൻ പോകുമ്പോൾ അടിക്കൂട്ടം കൂടാൻ പോകുന്നു എന്നു പറഞ്ഞ് കളിയാക്കിയവർ പിന്നീട് ഞങ്ങളുടെ അയൽക്കൂട്ടത്തിൽ അംഗമാകാൻ വന്നു. അവർ ജനറൽ വിഭാഗക്കാരും, എ.പി.എൽ

കാർഡുകാരും ആയതുകൊ് ഞങ്ങളുടെഗ്രൂപ്പിൽ ചേർത്തില്ല. അവർ പത്ത് അംഗങ്ങൾ അടങ്ങുന്ന മറ്റൊരു കുടുംബശ്രീ രൂപീകരിച്ചു. കുടുംബശ്രീ സെക്രട്ടറിയായും എ.ഡി.എസ്. സെക്രട്ടറിയായും, സി.ഡി.എസ്. അംഗമായും ഇപ്പോൾ ചെയർപേഴ്സണായും മാറാൻ കഴിഞ്ഞത് കുടുംബശ്രീയുടെ വളർച്ചയിലുായ എന്റെ മാറ്റമാണ്. എ.ഡി.എസ്. സെക്രട്ടറി ആയപ്പോൾ എ.ഡി.എസ്. മീറ്റിംഗിൽ പ്രസംഗിക്കുവാൻ എന്നെ ക്ഷണിച്ചു അപ്പോൾ എനിക്കുായ സംഭ്രമവും നെഞ്ചിടിപ്പും കൂടി. കൈകാലുകൾ വിറയ്ക്കാൻ തുടങ്ങി. കണ്ണിൽ ഇരുട്ട് വ്യാപിക്കുന്നതുപോലെ തോന്നി, വളരെ പ്രയാസപ്പെട്ട് ഒന്ന് ര് വാക്കുകൾ പറഞ്ഞു. പറഞ്ഞ വാക്കുകൾ എന്തായിരുന്നെന്ന് പിന്നീട് എനിക്ക് ഓർമ്മയില്ല. എന്നാൽ ഇന്ന് അതൊക്കെ മാറി. ഈ മാറ്റത്തിന് കാരണം കുടുംബശ്രീ പ്രവർത്തനമാണ്.

ഭക്ഷ്യസുരക്ഷ, സാമ്പത്തിക സുരക്ഷ, സാമൂഹ്യ സുരക്ഷ ഇവ ഉറപ്പുവരുത്തുവാൻ വേിഞാനും എന്റെ ഗ്രൂപ്പും തരിശു നിലമെടുത്ത് കൃഷി ചെയ്യുവാൻ തുടങ്ങി. 2009 മുതൽ മൂന്നര ഏക്കർ, 2010 ൽ എട്ടര ഏക്കർ 2011 ൽ 10 ഏക്കർ 70 സെന്റ് തരിശു നിലവും എടുത്ത് കൃഷിചെയ്തു. ഇതിൽ ഞങ്ങൾക്ക് നല്ല സാമ്പത്തികം ഉാക്കാൻ കഴിഞ്ഞു. വിത്തും വളവും പൂട്ടുകൂലിയും കൃഷിഭവനിൽ നിന്നും നിലമൊരുക്കൽ തൊഴിലുറപ്പിൽ നിന്നും ഏറിയ ഇൻസെന്റീവും പ്രൊഡക്ഷൻ ഇൻസെന്റീവും *** നിന്നും കച്ചി വിറ്റു കിട്ടുന്ന കശും നെല്ലും ഞങ്ങൾ 10 പേർക്കും ജൈവകൃഷിയാണ് നടത്തിയത്. അതുമൂലം വിഷാംശമില്ലാത്ത ചോറ് കഴിക്കുവാൻ അവസരം ഉായതും കുടുംബശ്രീ പ്രവർത്തനത്തിലൂടെയാണ്.

കുടുംബശ്രീയിൽ പ്രതിവാരം 10 രൂപാവെച്ച് അടച്ചു തുടങ്ങിയ എനിക്ക് ഇപ്പോൾ പതിനായിരം രൂപാവരെ പാസുബുക്കും സമ്പാദ്യവും ഉ്. കുടുംബശ്രീയിൽ നിന്നാണ് അതുപോ,െ തന്നെ മറ്റൊരു വരുമാനമാ്ഗ്ഗമാണ് തൊഴിലുറപ്പ്. അതിനും പ്രത്യേക പാസ്ബുക്കും വരുമാന മാർഗ്ഗവും ഉായി. നെല്ല് പുഴുങ്ങി കുത്തി അരിയാക്കി. വിൽക്കുന്നു. പുട്ടുപൊടി, അപ്പപ്പൊടി, പൊടിയരി, പച്ചരി, അവിൽ എന്നിവ ഉാക്കി വിറ്റ് ഞങ്ങളുടെ ഗ്രൂപ്പുകാർ സംഗംഭങ്ങൾ തുടങ്ങി സമ്പാദ്യശീലം വളർത്തുന്നു. എം.കെ.എസ്.പി. ശിൽപ്പശാല നടത്തിയപ്പോൾ പഞ്ചായത്തു തലത്തിൽ മത്സരിച്ചു. അതിൽ എനിക്ക് ഫസ്റ്റ് കിട്ടി. പിന്നീട് ജില്ലാ തലത്തിൽ മത്സരിച്ചതിലും എനിക്കാണ് ഫസ്റ്റ്. പിന്നീട് സ്റ്റേറ്റ് തലത്തിൽ തൃശൂർ ജില്ലയിലെ നടത്തറ പഞ്ചായത്തിൽ വെച്ച് 14 ജില്ലയിലെ മത്സരങ്ങൾ നടന്നു. അതിലും പങ്കെടുക്കുവാൻ സാധിച്ചതു തന്നെ എനിക്കുായ വലിയ അനുഭവമാണ്. അതിൽ ഫസ്റ്റു കിട്ടിയില്ല. അതിൽ എനിക്കു വിഷമം ഇല്ല. കാരണം പല ജില്ലകളിൽ നിന്നു വന്നവരുടെ അനുഭവങ്ങൾ കേൾക്കുന്നതിനും അത് പങ്കുവയ്ക്കുന്നതിനും കഴിഞ്ഞതുതന്നെ മറക്കുവാൻ കഴിയാത്ത ഒരനുഭവമാണ്. നടത്തറ പഞ്ചായത്തിലെ ഒരു കുടുംബത്തിന്റെ വീട്ടിൽ അവിടുത്തെ ഒരംഗമായി മൂന്ന് ദിവസം കഴിയാനും അവിടുത്തെ കൃഷിയിങ്ങളിൽപോയി കൃഷിരീതികൾ കാണുവാനും അവർ എനിക്കു തന്ന സ്വീകരണവും തിരിച്ച് *** പറഞ്ഞയക്കലും ഒക്കെ ഒരു പ്രത്യേക രീതിയിലായിരുന്നു. സ്വീകരിച്ചത് കുടുംബശ്രീ അംഗങ്ങൾ ഒന്നിച്ച് വന്നാണ് സ്വീകരിച്ചു കൊുപോകുന്നത്. നാട്ടിലേക്ക് പറഞ്ഞയക്കുമ്പോൾ അവരുടെ ഒരു വാഴവിത്ത് എനിക്കു തന്നു. അതു കുലച്ച് കുലവെട്ടി. പുതിയ ഏത്തവാഴ ആയിരുന്നു അത്. ഇതും മറക്കാനാവാത്ത ഒരനുഭവമാണ്.

വിദ്യാഭ്യാസം ഇല്ലാത്ത രുപേർ ഒപ്പിടുന്നത്. പൂജ്യം ആയിരുന്നു. അവരെ പേരെഴുതി ഒപ്പിടാൻ പഠിപ്പിച്ചു. കല്യാണം, മരണനാന്തര ചടങ്ങ് ഇവയിലെല്ലാം ഞങ്ങളുടെ പങ്കാളിത്തവും ധനസഹായങ്ങളും ഉ്. ആർക്കെങ്കിലും ആപത്ത് വന്നാൽ ഒരു നിശ്ചിത തുക അംഗങ്ങളിൽ നിന്നും പിരിച്ചു കൊടുക്കുന്നു്. 2009 ൽ ഞാൻ മൂന്ന് സംഘ കൃഷി ഗ്രൂപ്പ് രൂപീകരിച്ചു.

2011 ൽ 5 ഗ്രൂപ്പ്, 2012 ൽ നാല് ഗ്രൂപ്പ് ആകെ 12 ജെ.എൽ.ജി.ഗ്രൂപ്പ് രൂപീകരിക്കുവാൻ എനിക്കു കഴിഞ്ഞു. അതും എന്റെ അനുഭവമാണ്.

കുടുംബശ്രീയിൽ നിയമ സാക്ഷരതയുടെ ക്ലാസ്സെടുക്കുവാൻ അഡ്വക്കേറ്റ് പോൾ സാറിനെ ക്ഷണിക്കുവാൻ ഞാൻ തനിച്ചാണ് കോടതിയിൽ പോയത്. ഞാൻ ആദ്യമായിട്ടാണ്. കോടതിയിൽ പോകുന്നത്. സാറിന്റെ റൂമിനടുത്ത് ചെന്നപ്പോൾ സാർ ആണോ എന്ന് ചോദിച്ചു. അതെ എന്നു പറഞ്ഞു. ഞാൻ കടമ്പനാട് പഞ്ചായത്തിലെ ചെയർപേഴ്സനാണ് എന്നു പറഞ്ഞ പ്പോൾ ഞാൻ മനസ്സിൽ വിചാരിച്ചതിലും വ്യത്യസ്ഥമായ ഒരു സ്വീകരണമാണ് എനിക്ക് നൽകി യത്. പിന്നീട് ഞാൻ പറയുന്നത് സാറ് കടമ്പനാട് പഞ്ചായത്തിലെ കുടുംബശ്രീയിൽ നിയമ സാക്ഷരതയുടെ ക്ലാസ്സ് എടുക്കുവാൻ ക്ഷണിച്ചു. ചെയപ്പേഴസൺ എന്ന സ്ഥാനത്തിന്റെ വില അപ്പോൾ സാറാണ് എനിക്കു ആദ്യമായി പറഞ്ഞു തരുന്നത്. ഇത് കുടുംബശ്രീയിൽ വന്നതിൽ പിന്നെ എനിക്കുായ മറ്റൊരനുഭവമാണ്.

ചിങ്ങം ഒന്നിന് കടമ്പനാട് ഗ്രാമപഞ്ചായത്തും കൃഷിഭവനും, കുടുംബശ്രീ അംഗങ്ങളും സംയുക്തമായി ചേർന്ന് കർഷകദിനം ആചരിച്ചു. അതിൽ നല്ല നെൽകൃഷി കർഷകർക്കുള്ള അവാർഡ്ദാനചടങ്ങിൽ എന്നെ പൊന്നാട അണിയിച്ചുകൊുള്ള ആദരവും എനിക്കും എന്റെ ഗ്രൂപ്പിനും കട്ടി. ഇതും എന്റെ 52–ാമത്തെ വയസിൽ മറക്കാനാകാത്ത അനുഭവമാണ്.

വില്ലേജ്, പഞ്ചായത്ത്, കട, കമ്പോളം എന്നുവേ ഏതൊരു ആഫീസുകളിലും പൊതു സ്ഥലങ്ങളിലും മത്സരവേദിയിലും എല്ലാം പ് പുരുഷൻമാരായിരുന്നു പോയിരുന്നത്. എന്നാൽ ഇന്ന് ഞാനുൾപ്പെടെ ഈ സ്ഥാനങ്ങളിലെല്ലാം സ്ത്രീകളുടെ പങ്കാളിത്തമാണ് കൂടുതൽ. സ്ത്രീശാക്തീകരണത്തിലൂടെ നേടുവാൻ കഴിഞ്ഞത് കുടുംബശ്രീയിൽ അംഗമായതിനു ശേഷ മാണ്.

നിർഭയ, നിയമസാക്ഷരത, സ്ത്രീ പദവി സ്വയം പഠനം, സ്ത്രീയും ആരോഗ്യവും സി. ഡി.എസ്. വാർഷികം, ഓണച്ചന്ത, ബാലസഭാക്യാമ്പ് ഇവയൊക്കെ പഞ്ചായത്തുതലത്തിലൂടെ നടത്താൻ കഴിഞ്ഞതും എനിക്കുായ മാറ്റമാണ്.

ഒരു എസ്.സി. കുടുംബത്തിലെ പെൺകുട്ടിയെ മദ്യപാനി പീഡിപ്പിച്ച കേസിൽ ഞങ്ങൾ കുടുംബശ്രീക്കാർ ഇടപെട്ട് ഏനാത്ത് പോലീസ് സ്റ്റേഷനിലെ എസ്.ഐ.യെ. വിവരം അറിയി ക്കുകയും എസ്.ഐ.യും പോലീസും വന്ന് പീഡിപ്പിച്ചയാളെ കസ്റ്റഡിയിലെടുത്ത് കൊുപോയി. ഇതിനുള്ള ധൈര്യം ഉായതും കുടുംബശ്രീ പ്രവർത്തനങ്ങളിലൂടെയാണ്.

ചെയർ പേഴ്സണായി സ്ഥആനം ഏൽക്കുമ്പോൾ എന്റെ മനസ്സിൽ ശൂന്യത മാത്രമേ ഉാ യിരുന്നുള്ളൂ. തിരുവനന്തപുരത്തെ നാല് ദിവസത്തെ ട്രെയിനിംഗ്, തിരുവല്ലയിലെ 3 ദിവസത്തെ ട്രെയിനിംഗ് മാസംതോറുമുള്ള റിവ്യൂ മീറ്റിംഗ് ഇതിനെല്ലാം പങ്കെടുക്കുമ്പോഴാണ് ചെയർപെ ഴ്സണിന്റെ ജോലിയും അത് കുടുംബശ്രീയിൽ എത്തിച്ച് പ്രവർത്തിച്ചപ്പോഴാണ് മനസ്സിലെ ശൂന്യത മാറി പുതിയ പുതിയ ആശയങ്ങൾ, അതു നടപ്പിലാക്കാനുള്ള കഴിവ് ചെറിയ ഒരു

കുടുംബശ്രീയിൽ പ്രവർത്തിച്ച എനിക്ക് സി.ഡി.എസ്. സ്ഥാനം വരെ എത്താൻ സാധിച്ചെങ്കിൽ ഓരോ കുടുംബശ്രീ പ്രവർത്തകർക്കും ചെയർപേഴ്സണോ, മെമ്പറോ പ്രസിഡന്റോ ആകൻ കഴിയട്ടെ എന്നു പ്രാർത്ഥിച്ചുകൊ് ഞാൻ എന്റെ അനുഭവം ഇവിടെ പൂർണ്ണമാകുന്നു.

എന്ന്

സി.ഡി.എസ്. ചെയർപേഴ്സൺ

കടമ്പനാട് ഗ്രാമപഞ്ചായത്ത്, കടമ്പനാട്.

## 35. കുടുംബശ്രീയിലൂടെ പുനഃർജന്മത്തിലേക്ക്

എന്റെ ജീവിതം പന്ത്ര് വർഷം മുമ്പ് നിരാശ നിറഞ്ഞതും ദാരിദ്ര്യം നിറഞ്ഞതുമായിരുന്നു. ഭർത്താവ് തികഞ്ഞ മദ്യപാനയാണ്. എനിക്ക് മൂന്ന് കുഞ്ഞുങ്ങൾക്കും ഒരു നേരത്തെ ആഹാരത്തിനു പോലും നിവിർത്തിയില്ലാതിരുന്നതിനാൽ അയൽക്കൂട്ടത്തിൽ ചേരുവാൻ പോലും മടിയായിരുന്നു. ഭർത്താവിന്റെ നിരന്തര പീഢനവും ഭർത്താവിന്റെ വീട്ടുകാരുടെ അവജ്ഞയും എല്ലാം മനസ്സു മടിച്ചപ്പോൾ തൊട്ടടുത്ത നദിയിൽ ചാടി മരിക്കണമെന്ന് ഞാൻ തീരുമാനിച്ചു. എന്നാൽ ഞങ്ങളുടെ കുടുംബശ്രീയിൽ അംഗമായ അയൽവാസി എന്നെ പിടിച്ചു നിർത്തുകയും സമാധാന വാക്കുകൾ പറയുകയും ശനിയാഴ്ചകളിൽ അയൽക്കൂട്ടയോഗത്തിൽ വരണമെന്ന് അറിയിക്കുകയും ചെയ്തു. എന്റെ ഭർത്താവിനോ വീട്ടുകാർക്കോ ഇത് ഇഷ്ടമായിരുന്നുല്ല. വീട്ടിലെ പ്രശ്നങ്ങൾ മറ്റുള്ളവർ അറുയും എന്നുള്ളതായിരുന്നു അവരുടെ പേടി. അന്ന് ആരുമറിയാതെയാണ് ആദ്യ അയൽക്കൂട്ട യോഗത്തിൽ പങ്കെടുത്തത്. അവിടെ അംഗങ്ങൾ തമ്മിലുള്ള സഹകരണവും ചർച്ചയും പരസ്പര പ്രശ്നങ്ങൾ ഏറ്റെടുത്ത് പരിഹരിക്കുന്നതും ഒപ്പം എന്റെ മനസ്സിന് ഇത് പുനർജ്ജീവനമായി മാറി. വല്ലപ്പോഴും ലഭിക്കുന്ന തുശ്ചമായ വരുമാനത്തിൽ നിന്ന അരിവാങ്ങാനുള്ള പണത്തിൽ നിന്നും 5 രൂപ മാറ്റി വച്ച് അയൽക്കൂട്ടത്തിൽ നിക്ഷേപമായി നൽകി. 500 രൂപ വായ്പ്പയെടുത്ത് അരിപ്പൊടിയുാക്കി വിറ്റ് ചെറിയ വരുമാനമുാക്കി. അങ്ങനെയിരിക്കെയാണ് ആശ്രയാ ഗുണഭോക്താക്കളെ എടുക്കുന്നതുമായി ബന്ധപ്പെട്ട് അയൽക്കൂട്ടത്തിൽ ചർച്ച വന്നത്. സ്വന്തമായി വീടോ സ്ഥലമോ ഭക്ഷണത്തിന് നിവർത്തിയോ ഇല്ലാത്ത എന്നെ പരിഗണിച്ചു പഞ്ചായത്തിന് നൽകി. ആ പ്രോജക്ടിലൂടെ എനിക്ക് വീടും സ്ഥലവും ഭക്ഷണവും, ചികിൽസയും ലഭിച്ചു. മദ്യപാനിയായ എന്റെ ഭർത്താവിനെ മദ്യവിമോചന കേന്ദ്രത്തിൽ ചികിൽസിച്ച് ഭേദമാക്കി. ഇന്ന് കഴിഞ്ഞ കാലങ്ങളെ ഓർത്ത് അതൊരു ദുഃസ്വപ്നമായി ഞാൻ കരുതുന്നു. എന്റെ മക്കൾ വളർന്നു. രു പേർക്ക് ചെറിയ പണിയു്. മൈക്രോ സംരംഭക യൂണിറ്റിന്റെ ഭാഗമായി എനിക്ക് കുടുംബശ്രീയിൽ നിന്ന് പശു വളർത്തലിനുള്ള ലോണും സബ്സിഡിയും ലഭിക്കുകയും അതിലൂടെ ഒരു വരുമാനം കു പിടിക്കുവാനും കഴിഞ്ഞു. എന്നെപ്പോലെ നിരാലംബരായ അനേകം സ്ത്രീകൾക്ക് ഒരു പുതുജീവൽ നൽകിയ കുടുംബശ്രീയോട് എത്ര നന്ദി പറഞ്ഞാലും മതിയാകുകയില്ല.

## 36. മാനസിക തകർച്ചയിൽ വെളിച്ചമായ കുടുംബശ്രീ

എന്റെ ജീവിതത്തിൽ ഒരിക്കലും മറക്കാനാവാത്ത ഷോക്കായിരുന്നു. എന്റെ ഭർത്താവിന്റെ മരണം. വൈകും വരെ കുശലം പറയുകയും ഒന്നിച്ച് ഭക്ഷണം കഴിക്കുകയും ചെയ്തു. ഉറങ്ങാൻ സമയത്ത് ചെറിയ നെഞ്ചു വേദന പെട്ടെന്ന് സഹോദരന്റെ സഹായത്താൽ ആശുപത്രിയിലേക്ക് കൊുപോയി. മക്കളും കുടുംബവും വേറെ താമസിക്കുകയാണ്. മണിക്കൂറുകൾക്കകം എന്റെ തലയിൽ മിന്നൽപിണർ ഉാക്കി ആവാർത്ത. ഞാൻ താഴെ വീണു. ആരൊക്കെയോ താങ്ങി എടുക്കുന്നതായി അിറഞ്ഞു. പിറ്റേന്ന് ബോധം തിരിച്ചു വന്ന ഞാൻ ഒന്നും മനസ്സിലാക്കാൻ പറ്റാത്ത തകർച്ചയിലായിരുന്നു. അച്ചായന്റെ മരണം അംഗീകരിരക്കാൻ എന്റെ മനസ്സ് തയ്യാറായില്ല.

എന്റെ അടുത്തു വരുന്ന വ്യക്തികളെയും, കുടുംബശ്രീ സഹോദരിമാരെയും നോക്കി പുഞ്ചിരിച്ചുകൊ് ഞാൻ പറഞ്ഞു. "അച്ചായൻ ഉറങ്ങുകയാണ്" സാരമില്ല. എല്ലാവരും വാപൊത്തി വിങ്ങിക്കരയുന്നത് ഞാൻ കു. ഉറക്ക ഗുളികകളുടെ സഹായമില്ലാതെ എനിക്ക് ഉറങ്ങാൻ കഴിയുമായിരുന്നില്ല.എല്ലാദിവസവും എന്നെ കാണാൻ വരുകയും സമാധാനിപ്പിക്കുകയും ചെയ്ത എന്റെ കുടുംബശ്രീ സഹോദരിമാരെ എന്ക്ക് മറക്കാൻ കഴിയുകയില്ല. മരണാനന്തര ചടങ്ങുകളിലും പിന്നീടുള്ള കർമ്മങ്ങളിലും സഹായവും ആശ്യാസവുമായി അവർ കൂടെ നിന്നു. ക്രമേണ ഞാൻ യാഥാർത്ഥ്യത്തിലേക്ക് തിരിച്ചു വന്നു.സാമ്പത്തിക സഹായവും വരുമാനവർദ്ധക പ്രവർത്തനങ്ങളും, സെമിനാറുകളും അറിവു നൽകുന്ന അനേകം കാര്യങ്ങളും യൽക്കൂട്ടഅംഗമായ ഞാൻ നേടിയിട്ട്. എന്നിരുന്നാലുംകൂട്ടായ്മയുടെയും സാന്ത്വനത്തിന്റെയും മായാത്ത വെളിച്ചമാണ് കുടുംബശ്രീ. ഓരു കുടുംബശ്രീ അംഗമായത് ഞാൻ ഓരുപാട് അഭിമാനത്തോടെ സ്നേഹത്തോടെ ഒർക്കുകയാണ്.

## 37. വിഷമഘട്ടങ്ങൾ തരണം ചെയ്തു.

തോട്ടപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്തിൽ 8-ാം വാർഡിൽ പ്രവർത്തിക്കുന്ന ഐശ്യര്യ കുടുംബശ്രീയിലെ അംഗമാണ് ഞാൻ. അയൽക്കൂട്ടം ഒരു അക്ഷയഖനിയായിട്ടാണ് എനിക്കനുഭവപ്പെടുന്നത്. പാവപ്പെട്ട ഇരുപതുകുടുംബങ്ങൾ ഉള്ള കുടുംബശ്രീയിൽ എല്ലാ തരത്തിലുമുള്ള പിന്നോക്കാവസ്ഥയു്. അറിവുകൾ പരിശീലനങ്ങളിലൂടെയും, സെമിനാറുകളിലൂടെയും മീറ്റിംഗുകളിലൂടെയും, കിട്ടിയിട്ടു്. നാണംകുണുങ്ങാതെ സംസാരിക്കാനാകുന്നു്. സാമ്പത്തിക നേട്ടം രോഗാവസ്ഥയിലാകുന്ന അംഗങ്ങളേയും കുടുംബങ്ങളേയും സഹായിക്കുകയും സന്ദർശിക്കുകയും ചെയ്യുമ്പോഴുാകുന്ന സംതൃപ്തി പറഞ്ഞറിയിക്കാൻ പറ്റില്ല. എനിക്കു മറക്കാനാവാത്ത ഒരനുഭവമാണ് എന്റെ പഠനത്തിന് എന്നെ കൈപിടിച്ചുയർത്തിയ അയൽക്കൂട്ട സഹോദരിമാരെ, എന്റെ മൂത്ത മകൾ നേഴ്സിംഗിന് അഡ്മിഷൻ കിട്ടിയ സമയം. അവളുടെ ഇളയ സഹോദരങ്ങളും പഠിക്കുന്നുമു്.

കൂലിപ്പണിക്കാരനായ ഭർത്താവിന്റെ വരുമാനമാണ് ആശ്രയം. ഞാൻ അയൽക്കൂട്ടത്തിലെ സെക്രട്ടറിയാണ്. പല ആവശ്യങ്ങൾക്കും ചെറിയ ചെറിയ തുകകൾ എടിത്തിട്ട്. എനിക്ക് വലിയ ഒരു തുകയാണ് വേത്. പലരുടെ സഹായത്തിൽ കുറെ പണം സംഘടിപ്പിച്ചു. ബാക്കിക്കായി ഞാൻ അയൽക്കൂട്ടത്തിൽ അപേക്ഷ വച്ചപ്പോൾ നിലവിലൊരു ലോണുള്ളതുകൊണ്ടെങ്ങനെയാണ്. അതടക്കാതെ എടുക്കുന്നത് നിയമവിരുദ്ധമാണ് എന്നൊക്കെ ചർച്ചയിൽ അഭിപ്രായം വന്നു. ത്രിഫ്റ്റ് നിക്ഷേപം കൂടാതെ ഓണത്തിനുള്ള അരിച്ചിട്ടിക്ക് അംഗങ്ങൽ ഒരു തുക അടച്ചു വരുന്നുായിരുന്നു. കുറെ സമയം എല്ലാവരും നിശബ്ദരായിരുന്നു. അടുത്ത ദിവസം കുട്ടിയെ ചേർക്കണം. എന്റെ ഹൃദയമിടിപ്പ് കൂടി. കണ്ണുകൾ നിറയുന്ന വിധമായി. അപ്പോൾ പ്രസിഡന്റ് പറഞ്ഞു. അയൽക്കൂട്ടത്തിൽ നിക്ഷേപം കുറവാണ്. എന്നാൽ ഏലിയാമ്മയെ സഹായിച്ചില്ലെങ്കിൽ ഈ അയൽക്കൂട്ടം ഇങ്ങനെയുള്ള കാര്യത്തിനല്ലേ എന്നൊക്കെ പറഞ്ഞു. അംഗങ്ങൽ കുറെ സമയെ മിാതിരുന്നു, പെട്ടന്ന് അരിച്ചിട്ടി തുക സൂക്ഷിക്കുന്ന അംഗം പഞ്ഞു. ഓണത്തിന് തിരിച്ചടയ്ക്കാമെങ്കിൽ ആ പണം കൊടുക്കാമല്ലോ എല്ലാവരും തലയാട്ടി. ഒരു കുഞ്ഞിന്റെ ഭാവിയല്ലേ കൊടുക്ക് രാജമ്മചേച്ചി പറഞ്ഞു. അങ്ങനെ 10,000 രൂപ എനിക്ക് തരാൻ തീരുമാനിച്ചു. ശ്വാസം തിരിച്ചുകിട്ടി. അങ്ങനെ എന്റെ മകൾ ഇന്നൊരു നേഴ്സാണ് എത്ര എത്ര സഹായങ്ങൾ എന്റെ ഭർത്താവിനും അമ്മക്കും അസുഖം വന്നപ്പോൾ ചികിൽസാ സഹായം കിട്ടി. പശു വളർത്തൽ യൂണിറ്റിലൂടെ വാങ്ങിയ പശുക്കൾ ഇന്ന് ഒരു പ്രധാന വരുമാനം നേടിത്തന്നു. ഇളയ മകളെ ബീഫാം പഠിപ്പിക്കുന്നതിനും മൂത്തമകളെ കല്യാണം കഴിപ്പിക്കുന്നതിനുമെല്ലാം എന്റെ അയൽക്കൂട്ടത്തിലെ അംഗങ്ങൾ എപ്പോഴും കൂട്ടായിരുന്നു സഹായിച്ചു. എനിക്ക് ആസംഭവങ്ങൾ മറക്കാൻ പറ്റില്ല. ഈ ജനകീയ കൂട്ടായ്മ നിലനിൽക്കുക തന്നെ വേണം.

ഏലിയാമ്മ ജോഷ്വാ
ഐശ്യര്യ കുടുംബശ്രീ
8–ാം വാർഡ്

## 38. പരിശ്രമം എന്തിനേയും വശത്തിലാക്കാം

തോട്ടപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്തിലെ 11 –ാം വാർഡിലെ നൂതന കുടുംബശ്രീയംഗമാണ് ഞാൻ.2004 ലാണ് ഞങ്ങളുടെ അയൽക്കൂട്ടം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചത്. ഞങ്ങളുടെ പഞ്ചായത്തിലും പഞ്ചായത്തുകളിലും കുടുംബശ്രീ വഴി സ്ത്രീകൾക്ക് ഊർജ്ജസ്വലരായി പ്രവർത്തിക്കുന്നത് മനസ്സിലാക്കാൻ കഴിഞ്ഞപ്പോഴാണ് ഒരയൽക്കൂട്ടം രൂപീകരിക്കുന്നതിനെപ്പറ്റി ആലോചിച്ചത്. സമീപത്ത് ഇതുവരെ അംഗത്വം എടുത്തിട്ടില്ലാത്തവരെ ചേർത്ത് അയൽക്കൂട്ടം കൂടുമ്പോൾ ഇത്രമാത്രം എന്റെ ജീവിതത്തെ ഇതുമാറ്റിമറിക്കുമെന്ന് ഞാൻ വിചാരിച്ചില്ല.

എനിക്ക് 3 പെൺ മക്കളും ഭർത്താവുമു്. ഭർത്താവ് പെട്ടെന്ന് ഹൃദയ സംബന്ധമായ രോഗത്താൽ ഇരുപ്പയപ്പോഴാണ് ഇരുളടഞ്ഞ ഭാവി ഓർത്ത് ഞാൻ കുഴഞ്ഞത്. മക്കളെ പഠിപ്പിക്കണം ,തുടർന്നുള്ള അവരുടെ കാര്യങ്ങൾ, ജോലി, ഇതെല്ലാം ഒരു മല പോലെ ഭാരമായി എനിക്ക് മുന്നിൽ വന്ന് നിന്നു. അങ്ങനെയിരിക്കുമ്പോഴാണ് കൃഷി വിഞ്ജാന കേന്ദ്രം വഴി തൊഴിൽ ലഭിക്കുമെന്ന് പത്രത്തിൽ കത്. ഞാൻ 5 ദിവസത്തെ കൂൺ കൃഷി പരിശീലനത്തിന് പോയി വഴരെ രസകരമായി തോന്നി. സർട്ടിഫിക്കേറ്റും കിട്ടി ഇതും കൈയ്യിൽ വച്ച് ഞാൻ ചെയർപേഴ്സനെ കു. കൂൺ കൃഷിക്കായി ലോൺ കിട്ടുമോ എന്നന്വേഷിച്ചു.

വ്യക്തികൾക്കല്ലാതെ ഗ്രൂപ്പായിട്ട് പ്രോജക്ട് വച്ച് കുടുംബശ്രീ മിഷനിൽ നിന്നും സബ്സിഡി കിട്ടുമെന്ന് ചെയർപേഴ്സൺ പറഞ്ഞു. 5 പേരുള്ള ഗ്രൂപ്പ്രൂപീകരിക്കാൻ തീരുമാനിച്ചു. അതിന് നാലുപേർക്കുകൂടി പരിശീലനം കിട്ടണം .എന്തായാലും പിന്നോട്ടില്ലെന്ന് ഞാൻ തീരുമാനിച്ചു. അങ്ങനെ ആക്ഷൻപ്ലാനിൽ കൂൺ കൃഷി പരിശീലനം ആവശ്യപ്പെട്ട 4 സഹോദരിമാരെ കുടുംബശ്രീയുടെ നേതൃത്വത്തിൽ പഴകുളം പാസ്സിൽ പരിശീലനത്തിനയച്ചു.പരിശീലനം കഴിഞ്ഞു വന്ന എം.ഇ.സി.യുടെ സഹാത്താൽ പ്രോജക്ട് തയ്യാറാക്കി ഞങ്ങൾ ഈ യൂണിറ്റിനുള്ള ലോൺ സബ്സിഡിയും എടുത്തു. ഞങ്ങൾ അഞ്ചു പേർക്കും ഒരുണർവ്വു തന്നെയായിരുന്നു.ഗ്രൂപ്പിന്റെ ലീഡർ എന്ന നിലയിൽ ഷെഡുകൾ ഉ ാക്കുന്നതിനും മറ്റു ക്രമീകരണങ്ങൾക്കും വേി അക്ഷീണം പരിശ്രമിച്ചു.

## 39. മാറ്റം, മാറ്റം, സർവ്വത്ര

പടുക്കോട്ടുക്കൽ വാർഡിൽ 12 യൂണിറ്റുകളിലായി 223 വനിതകൾ കുടുംബശ്രീയിൽ പ്രവർത്തിക്കുന്നു. ഇതിൽ പകുതിയിലധികം ആളുകളും കോളനി നിവാസികളാണ്. അന്യവീടു കളിൽ കൂലിവേല ചെയ്ത് അന്നന്നത്തേ അന്നത്തിന് വക കത്തെിയിരുന്ന ഞങ്ങളെ എല്ലാ അർത്ഥത്തിലും സമൂഹത്തിന്റെ മുൻ നിരയിൽ എത്തിക്കാൻ കുടുംബശ്രീ എന്ന മഹാപ്രസ്ഥാന ത്തിന് കഴിഞ്ഞു. ആരുമായും ആശയവിനിമയം നടത്താനും സ്വന്തം കാലിൽ നിന്ന് മറ്റുള്ള വർക്ക് മാതൃകയായി ജീവിക്കാനും ഞങ്ങളെ പ്രാപ്തരാക്കിയത് കുടുംബശ്രീയാണ്. റോഡിൽകൂടി യാത്രചെയ്യുമ്പോൾ മാത്രമാണ് ബാങ്ക് എന്ന ഒരു സ്ഥാപനം ഈ നാട്ടിൽ പ്രവർത്തിക്കുന്നു എന്ന് ഞങ്ങൾ മനസിലാക്കിയിരുന്നത്. എന്നാൽ ഇപ്പോൾ ഓരോരുത്തരും ആഴ്ചതോറും പതിനായിരകണക്കിന് രൂപയുമായി ബാങ്കിൽ പോവുകയും ഇടപാടുകൾ നട ത്തുകയും ചെയ്യാൻ പ്രാപ്തരായിരിക്കുന്നു. അതുപോലെതന്നെ ഒരു സർക്കാർ സ്ഥാപനത്തിൽ പോയി ഒരു സർട്ടിഫിക്കറ്റ് വാങ്ങാനോ, മറ്റ് എന്തെങ്കിലും ആവശ്യത്തിനോ, ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയുടെ സഹായം കൂടാതെ ആവശ്യമായ രേഖകളും സർട്ടിഫിക്കറ്റുകളും കര സ്ഥമാക്കാൻ ഞങ്ങൾ പ്രാപ്തരായത് കുടുംബശ്രീയിൽ വന്നതുകൊാണ്. ഞങ്ങൾക്കുണ്ടാ ടായ ഏറ്റവും വലിയ നേട്ടം തന്നെയാണിത്. അത് പോലെതന്നെ പോലീസ് എന്നു കേൾക്കു മ്പോൾ മുട്ടി വിറച്ചിരുന്ന ഒരു കാലം ഉായിരുന്നു. സ്ത്രീകൾക്ക്, എന്നാൽ അന്ന് അതുമാറി, ഞങ്ങളുടെ വാർഡിലോ, വീടുകളിലോ ഉാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് നേരിട്ട് പോലീസ് സ്റ്റേഷനിൽ പോകാനും അവരുമായി സംസാരിക്കാനും ഉള്ള ഒരു തന്റേടം

നമുക്കായി. അതുപോലെ തന്നെ വാർഡിൽ പ്രവർത്തിക്കുന്ന ജാഗ്രതാ സമിതിയിൽ അംഗങ്ങളായതു കാരണം അതുവഴി എത്രയോ കുടുംബങ്ങളിലെ പ്രശ്നങ്ങൾ പരിഹരിച്ച് അവർക്ക് സന്തോഷപ്രദമായ ഒരു ജീവിതം  ഉാക്കിക്കൊടുക്കാൻ കഴിഞ്ഞിട്ടു്. ഇനി ഒരിക്കലും അയാളുമായി യോജിച്ച് ജീവിക്കാൻ സാധിക്കില്ല എന്നു പറഞ്ഞ ദമ്പതിമാർ പോലും വളരെ സന്തോഷത്തോടുകൂടി ജീവിക്കുന്നതുകാണുമ്പോഴുാകുന്ന സന്തോഷത്തിന് കുടുംബശ്രീയോട് മാത്രം നന്ദിപറയുന്നു. ഞങ്ങളും ഈ സമൂഹത്തിന്റെ ഭാഗം തന്നെയാണെന്നും, ഞങ്ങൾ വിചാരിച്ചാലും ഇവിടെ ചിലതൊക്കെനടക്കും എന്ന തോന്നൽ ഞങ്ങൾക്കുാക്കിത്തന്ന കുടുംബശ്രീ എന്ന മഹാപ്രസ്ഥാനം എന്നെന്നും പടർന്ന് പന്തലിച്ച് ഉയരങ്ങളിൽ നിന്നും ഉയരങ്ങളിലേക്ക് എത്തട്ടെ എന്ന് ആത്മാർത്ഥമായി ഞങ്ങൾ ആഗ്രഹിക്കുന്നു. നിർദ്ധനരും നിരാലംബരുമായ ആൾക്കാരെ കത്തെി. അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ സഹായിച്ച ആശ്രയ എന്ന പദ്ധതി കുടുംബശ്രീ എന്ന പ്രസ്ഥാനത്തിന്റെ നെറുകയിൽ ഒരു പൊൻതൂവൽ കൂടി ചാർത്തുന്നു. അതിനുവേി പ്രവർത്തിക്കാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് ചാരിതാർത്ഥ്യം ഉ്. തൊഴിലുറപ്പ് പദ്ധതിയിൽ ജോലിചെയ്ത പാവപ്പെട്ടതൊഴിലാളികൾക്ക് വേതനം നൽകാൻ താമസിപ്പിച്ച ബാങ്കിൽ ഉപരോധം സംഘടിപ്പിച്ച് അന്നേ ദിവസം തന്നെ  92 ആളുകളുടെ വേതനം വാങ്ങിക്കൊടുക്കുവാൻ ഞങ്ങൾക്കു സാധിച്ചു. അതുപോലെതന്നെ ഞങ്ങളുടെ വാർഡിൽ സ്പിരിറ്റ് കച്ചവടം നടത്തുന്ന ഒരു കുടുംബം ഉായിരുന്നു. ദിവസവും വൈകിട്ട് മദ്യപിച്ച് എത്തുന്ന കുടുംബനാഥ•ാർ ഓരോ വീടിന്റെയും ശാപമായിരുന്നു. ഞങ്ങൾ കുടുംബശ്രീ അംഗങ്ങൾ ഒറ്റക്കെട്ടായി പ്രവർത്തിച്ചതുമൂലം ആ ഒരു വിപത്ത് ഞങ്ങളുടെ വാർഡിൽ നിന്നും ഇല്ലാതാക്കാൻ ഞങ്ങൾക്കു കഴിഞ്ഞു. ഇത് ഏറ്റവും വലിയനേട്ടമായി ഞങ്ങൾ കരുതുന്നു. അതുപോലെ കുടുംബശ്രീ അംഗങ്ങൾ ആയതുകൊ് പഞ്ചായത്തിൽ നിന്നും ഒത്തിരി ആനുകൂല്യങ്ങൾ നേടാൻ ഞങ്ങൾക്ക് കഴിഞ്ഞു. എല്ലാ ഓണത്തിനും ഞങ്ങളുടെ വീട്ട് മുറ്റത്തുനിന്നും ഒരു ഏത്തക്കുല വെട്ടി ഉപ്പേരി വറുക്കാൻ ഞങ്ങൾക്ക് സാധിക്കുന്നു. അതുപോലെതന്നെ രാസവളം ചേർക്കാത്ത പച്ചക്കറി വിപണിയിൽ എത്തിക്കാനും ഞങ്ങൾക്ക് വീട്ടാവശ്യത്തിന് ഉപയോഗിക്കാനും കഴിയുന്നു. അതുപോലെതന്നെ ഒരുപാട് പരിശീലനങ്ങൾ ഞങ്ങൾക്ക് ലഭിച്ചിട്ടു്. ഒത്തിരി അറിവുകൾ നേടാനും, വിവിധ തുറകളിലുള്ള മഹദ് വ്യക്തികളുമായി  ഇടപെടാനും അവരിൽ നിന്നും അറിയാനും സാധിച്ചിട്ടു്. സഭാകമ്പം ലവലേശം ഇല്ലാതെ വലിയ ഒരുകൂട്ടത്തിനുമുമ്പിൽ നിന്ന് നാലു വാക്ക് സംസാരിക്കാൻ ഞങ്ങളെ പ്രാപ്തരാക്കിയ ഈ മഹാ പ്രസ്ഥാനത്തിന് ഒരിക്കൽകൂടി ഞങ്ങളുടെ നന്ദി അറിയിച്ചുകൊ് ഇത്രയും അനുഭവങ്ങൾ പങ്ക് വയ്ക്കുവാൻ അവസരം ഒരുക്കിതന്ന കുടംബശ്രീമിഷന് അഭിനന്ദനത്തിന്റെ പൂച്ചെുകൾ സമ്മാനിച്ചുകൊ് നിർത്തുന്നു.

സുമ

## 40. സ്നേഹമാണ് ഏറ്റവും വലിയ പ്രതിഫലം

സുപ്രഭദേവി
അക്ഷയ കുടുംബശ്രീ
സി.ഡി.എസ്. മെമ്പർ
മാർഡ് 6
നിരണം ഗ്രാമപഞ്ചായത്ത്

വീട്ടിലെ കാര്യങ്ങൾ നോക്കി എന്റെ വിദ്യാഭ്യാസം പോലും മറന്ന് കഴിയുന്ന അവസര ത്തിലാണ് 2006 ൽ കുടുംബശ്രീ പ്രവർത്തനത്തിലേക്ക് വന്നത് ഇതിന് പ്രധാന കാരണക്കാരി അന്നത്തെ വാർഡ് മെമ്പർ ജോളി വർഗീസാണ്. അക്ഷയ എന്ന നാമത്തിൽ ഞങ്ങൾ എന്റെ സമീപവാസികളായ സ്ത്രീ ജനങ്ങളെ ഒത്തൊരുമിച്ച്കൊ് കുടുംബശ്രീക്ക് രൂപം നൽകിയത്. എനിക്ക് ഒരു അംഗകൂടുകയെന്നല്ലായിരുന്നു. എന്റെ ചിന്താഗതി ഞാൻ അന്നത്തെ വാർഡ് മെമ്പറും, സി.ഡി.എസ്. മെമ്പറും കൂടി ചേർന്ന് എന്തെല്ലാം സഹായങ്ങൾ പഞ്ചായ ത്തിൽനിന്നും കിട്ടുമെന്നൊക്കെയും താഴെക്കിടയിലുള്ളവരെ ഉയർച്ചയിലേക്ക് എത്തിക്കുവാൻ സാധിച്ചു എന്നെസ്നേഹിക്കുവാനും എനിക്കൊപ്പം നിൽക്കുവാനും ഒരു പറ്റം സ്ത്രീജനങ്ങൾ ഉ ായി അവർക്ക് വേ ജീവിക്കുവാനും ഞാനും തയ്യാറായി. എന്റെ അറിവിനെ ഏതു സമയത്തും ആർക്ക് ആവശ്യമുായാലും ഞാൻ പറഞ്ഞു മനസ്സിലാക്കുവാനും ഞാനും തയ്യാറായി. എന്റെ അറിവിനെ ഏതു സമയത്തും ആർക്ക് ആവശ്യമുായാലും ഞാൻ പറഞ്ഞു മനസ്സിലാക്കുവാനും തയ്യാറായി. വളരെ വിഷമതയനുഭവിക്കുന്ന ഒരു കോളനിയായിരുന്നു കടവിലേത്തു കോളനി. ഞാനും ജോളി മെമ്പറും കൂടി അദ്ധ്യക്ഷയായി അവിടെ ചെല്ലുമ്പോൾ അവിടുത്തെ ദുരവസ്ഥ ക് കാരമം കൊച്ചുകുഞ്ഞുങ്ങളുമായി ജീവിക്കുന്നവർക്ക് കുടിക്കുവാൻ ശുദ്ധജലംപോലും കിട്ടാനില്ലാത്ത അവസ്ഥയിൽ ഹെൽത്ത് സെന്ററുമായി ഇടപെടുകയും പഞ്ചായത്തിലറിയിച്ചും മുൻപ്രസിഡന്റ് ലതാ പ്രസാദ് സാറും അന്നിരുന്ന സെക്രട്ടറിയും, മെമ്പർമാരും ചേർന്ന് വീടുകി ട്ടേവർക്ക് അനുവദിച്ചും വെള്ളം കെട്ടി കിടക്കുന്ന സ്ഥലത്ത് മണ്ണ് മാറ്റി അവിടെയുള്ളവരെ ബോധവൽക്കരണം ശുചീകരണത്തിലും ശ്രദ്ധചെലുത്തുവാനും പുതിയ ഒരു കുടുംബശ്രീക്ക് രൂപംകൊടുത്തുകൊ് പല മീറ്റിങ്ങിനും മറ്റും കൊുപോകുവാനും മറ്റും കഴിഞ്ഞു. ഇന്ന് ഇവിടെ ഒരു എ.ഡി.എസ്. പ്രസിഡന്റ് വരെയു്. 2006 ലെ നിലയിൽ നിന്നു ഇന്നിവിടെ ചെന്നാൽ വളരെ യേറെ മാറ്റങ്ങൾ ഉായിട്ടു്. കഷ്ടതയെന്ന ഭാവിക്കുന്നവരെ സഹായിക്കുവാൻ കഴിഞ്ഞു. ഒപ്പം അവരുടെ സ്നേഹവും സന്തോഷവും കാണുവാൻ കഴിഞ്ഞു. അത് ഏറ്റവും വലിയ അനുഭവ മാണ്. അതുപോലെ തന്നെ എന്റെ ഒപ്പം ഉള്ള കുടുംബശ്രീ അംഗങ്ങളെ അവരുടെ ജീവിതനില വാരത്തിനു തന്നെ മാറ്റം വരുത്തുവാൻ സാധിച്ചു. വീടിനു വെളിയിലിറങ്ങാത്തവരെ വലിയ വീട്ടിലെ സ്ത്രീജനങ്ങളെയും  കുടുംബശ്രീയിൽ കൂടി പുറത്തുകൊുവരുവാൻ മറ്റുള്ളവരുമായി സഹകരിക്കുവാനും ഒത്തൊരുമയോടെ ഇവിടുത്തെ സ്ത്രീജനങ്ങൾക്ക് കഴിഞ്ഞു. അതുപോലെ തന്നെ ഏതു സദസ്സുകളിലും പോകുവാനും രുവാക്കുപ്രസംഗിക്കുവാനും അവരെ എന്നിലുള്ള അറിവിലൂടെയും കുടുംബശ്രീ അംഗങ്ങളെ പാകപ്പെടുത്തി എടുക്കുവാൻ എനിക്ക് കഴിഞ്ഞു. ഞാൻ 6 വയസ്സിലേക്ക് കടക്കുകയാണ്. ഈ അവസരത്തിൽ ഇത്രയും തന്റേടമായി പ്രവർത്തി

ക്കുവാൻ കഴിഞ്ഞത് എന്റെ കുടുംബശ്രീ അംഗങ്ങളുടെയും അക്കൗണ്ട് ചെയർപേഴ്സൺ, മറ്റ് ഉദ്യോഗസ്ഥർ എന്റെ മെമ്പർ തോമസ് മത്തായി പഞ്ചായത്ത് പ്രസിഡന്റ് വളരെയേറെ സപ്പോർട്ട് ചെയ്താമ് കുടുംബശ്രീ പ്രവർത്തനം നടന്നത്.

ഇന്ന് എ.ഡി.എസ്. സെക്രട്ടറിയായി 5 വർഷം പിന്നിട്ടശേഷം വാർഡ് സി.ഡി.എസ്. മെമ്പറായി എന്റെ സഹപ്രവർത്തകർ തിരഞ്ഞെടുത്തു. കുടുംബശ്രീ ജീവിതത്തിലെ ഏറ്റവും വിഷമത നിറഞ്ഞ അനുഭവം എനിക്ക് ഉായത്. കഴിഞ്ഞ ഇലക്ഷൻ സമയത്താണ്. പഞ്ചായത്തിലുള്ള ഔദ്യോഗിക പദവിയിലായിരുന്നവരും കുടുംബശ്രീയിലുള്ളവരും ഒരുപോലെ സ്നേഹിക്കുന്നവരും സഹായിക്കുന്നവരായതിനാൽ എനിക്ക് എന്റെ വാർജിലെ എല്ലാ പ്രവർത്തനങ്ങൾക്കും സഹായകമാണ്. പഞ്ചായത്തിലെ എല്ലാ പ്രവർത്തന മേഖലകളിലും എന്നെ അറിയിക്കാറു്. എന്നാൽ കഴിവ് എന്തു സഹായവും ചെയ്യുന്നു്. ഇതിനെല്ലാം കഴിവ് ഉായത് ഈ കുടുംബശ്രീ പ്രവർത്തനം മൂലമാണ് ജാതിമത ഭേദമെന്യേ എല്ലാവരോടും സഹകരിക്കാൻ കഴിയുന്നു. പ്രത്യേകിച്ച് തൊഴിലുറപ്പു പണിയിൽ കൂടി എല്ലാ ആൾക്കാരുടെയും സ്വഭാവം മനസ്സിലാക്കുവാൻ സാധിക്കുന്നു. ഒപ്പം. അവരുസ്ടെസ സാമ്പത്തിക ബുദ്ധിമുട്ടുകൾ മാറുന്നതി ിനായി തൊഴിലുറപ്പു പദ്ധതിയിൽ എല്ലാവരേയുസം ഉൾപ്പെടുത്തി. ആദ്യ സമയം പണിക്ക് ഇറങ്ങുവാൻ പേടിയായിരുന്നു. ഞാൻ തന്നെ മേറ്റായി നിന്ന് പണിക്കിറങ്ങി എന്റെ കൂടെ എല്ലാ അംഗങ്ങളും സഹകരിച്ചു. ഇന്ന് എല്ലാവർക്കും സ്വന്തമായി അക്കൗ വരെ ു്. പ്രായമായവരേയും സഹായമില്ലാത്തവരായ ആൾക്കാരെയും സഹായിക്കാൻ കഴിയുന്നു. ഞങ്ങളോടുള്ള അവരുടെ സ്നേഹമാണ് ഞങ്ങൾക്ക് കിട്ടുന്ന പ്രതിഫലം ആതാണ് ഏറ്റവും വലിയ പ്രതിഫലം ഇത്രയും നാളത്തെ പ്രവർത്തനത്തിൽ അക്ഷയ കുടുംബശ്രീ എന്ന കുടുംബശ്രീയിൽ കേറ്ററിംങ്ങ് തുടങ്ങുകയും ഈ വർഷത്തെ ഓണ സദ്യ നടത്തുകയും അതിൽ സദ്യ വിളമ്പാൻ പോലും അംഗങ്ങൾ കാട്ടിയ തന്റേടമാമ് കുടുംബശ്രീയുടെ വളർച്ചയുടെ ഉദാഹരണമാണ്.

## 41. എന്നെന്നും ഓർമ്മിക്കാൻ

ഓമനക്കുട്ടിയമ്മ
സി.ഡി.എസ്. മെമ്പർ, ഓമല്ലൂർ

ഗവൺമെന്റ് ഉദ്യോഗസ്ഥനായ ഭർത്താവിനോടൊപ്പം ഇൻഡ്യയിൽ പലസ്ഥലത്തും സുഖജീവിതം നയിച്ച് ഭർത്താവ് പെൻ.ഷൻ ആകുന്നതിന് കുറെ വർഷത്തിനുമുമ്പ് (ഏതാ് 12 വർഷം) പത്തനംതിട്ട ജില്ലയിൽ ഓമല്ലൂർ പഞ്ചായത്തിൽ താമസത്തിനുവന്നു. കാരണം ഭർത്താവിന് പത്തനംതിട്ട സി.റ്റി.ഒ.യിൽ ട്രാന്റ്ഫർ ലഭിച്ചു. അന്നുമുതൽ എന്റെ കഷ്ടകാലം ആരംഭിച്ചു. ഭർത്താവിന് സ്വന്തംനാട്, ബന്ധുക്കൾ, സ്വന്തം വീട് ഇങ്ങനെ അഹങ്കാരമനോഭാവം മനസ്സിൽ ഉദയംകൊു അതോടെ ഞങ്ങളുടെ ജീവിതം താറുമാറാകാൻ തുടങ്ങി. കൂട്ടുകാരുമൊത്ത് മദ്യപിച്ച് നടക്കുന്ന ഒരുവനായി ഭർത്താവ് മാറി. അങ്ങനെയുള്ള സന്ദർഭത്തിലാണ് അയൽക്കൂട്ട രൂപീകരണം പഞ്ചായത്തിൽ നടപ്പിലാക്കിയത്. ആദ്യമായി ഒരു യോഗം ഞങ്ങളുടെ വാർഡിൽ വിളിച്ചുകൂട്ടി. ഏതാനും ഉദ്യോഗസ്ഥർ അയൽക്കൂട്ടം കുടുംബശ്രീ ഇവയെക്കുറിച്ച് സരസമായ ഭാഷയിൽ പ്രസംഗങ്ങൾ നടത്തി. അപ്പോൾ അത് നല്ലതാണെന്ന് ഏതാനും പേർ അഭിപ്രായപ്പെട്ടു. കുറെ അംഗങ്ങൾ അതിൽ പങ്കാളികളായി. ഞാനും അവരോടൊപ്പം ഒരംഗമായി മാറി.

അങ്ങനെ 2002 ൽ ഒരു കുടുംബശ്രീ അംഗം അതിനുപരിയായി കുടുംബശ്രീയുടെ പ്രസിഡന്റ് സ്ഥാനം തന്നെ ലഭിച്ചു.

അന്നുമുതൽ വീട്ടിലെ വെല്ലുവിളികളെ വകവയ്ക്കാതെ ഞാൻ കുടുംബശ്രീ പ്രവർത്തന ത്തിനിറങ്ങി. പലപ്പോഴും പീഡനങ്ങൾ ലഭിക്കേിവന്നിട്ടു്. കുട്ടികളെ നല്ല നിലയിൽ എത്തിക്കണം എന്നുള്ള മനോഭാവത്തോടെ ഞാൻ എന്റ് ജീവിതം മുന്നോട്ടുകൊുപോയി. ആദ്യം കുടുംബശ്രീ എന്താണെന്നോ അതിൽ അംഗമായതുകൊുള്ള ഗുണങ്ങൾ എന്തെന്നോ ഒന്നും അറിയില്ലായിരു ന്നു. ബോധവൽക്കരണക്ലാസ്സുകളിൽ കൂടിയും മറ്റുപരിശീലനക്ലാസ്സുകളിൽ കൂടിയും ഇതിന്റെ ഉദ്ദേശ്യം, ലക്ഷ്യം, ഗുണങ്ങൾ എല്ലാം മനസ്സിലാക്കാൻ സാധിച്ചു. ആവശ്യത്തിനു വിദ്യാഭ്യാസം ഉങ്കിലും മനസ്സുതുറന്ന് ഒരു വ്യക്തിയോട് സംസാരിക്കാനോ, ഒരു ഫോം പൂരിപ്പിക്കാനോ, ബാങ്ക് കാര്യങ്ങൾ കൈകാര്യം ചെയ്യാനോ അറിയില്ലായിരുന്നു.

ഒരു കുടുംബശ്രീ പ്രവർത്തക ആയതിനുശേഷം ഇങ്ങനെയുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യാൻ പഠിച്ചു. പൊതുവേദിയിൽ നിന്ന് നാലുവാക്കു സംസാരിക്കാൻ സ്വാഗതം ആശംസി ക്കാൻ മടി കൂടാതെ കഴിയും. സമൂഹത്തിലെ ഇന്ന് ധാരാളം സുഹൃത്തുക്കൾ ഉായി. ചെറിയ സമ്പാദ്യം, വീട്ടുപ്രശ്നങ്ങൾ കുറെയൊക്കെ പരിഹാരം കാണാൻ, മക്കളുചെ വിദ്യാഭ്യാസം, വിവാഹം എല്ലാം ഈ കാലയളവിൽ നടന്നു. അപ്പോഴും ഒരു ദുഃഖം ബാക്കിയായി. ഭർത്താവ് അറ്റാക്കുമൂലം മരിച്ചു. കുറെ മാസങ്ങൾ ദുഃഖം ഒതുക്കി വീട്ടിൽ കഴിഞ്ഞു. അതിനുശേഷം സഹപ്രവർത്തകുടെ പ്രേരണയാൽ വീും പ്രവർത്തനത്തിൽ ഏർപ്പെട്ടു. കുടുംബശ്രീ പ്രവർത്തനം നല്ല രീതിയിൽ സ്ത്രീകളുടെ കൂട്ടായ്മയോടെ നടത്താൻ തീരുമാനിച്ചു. ഒരു കാറ്റ റിംഗ് യൂണിറ്റ്, പലഹാര യൂണിറ്റ്, സംഘകൃഷി, തയ്യൽയൂണിറ്റ് എല്ലാം ആരംഭിച്ചു. ഞാൻ ഒരു സി.ഡി.എസ്. മെമ്പറായി തെരഞ്ഞെടുക്കപ്പെട്ടു. അതോടെ കുറെകൂടെ ഉത്തരവാദിത്വമുള്ള ജോലികൾ എന്നിൽ നിക്ഷിപ്തമായി. കൂടുതൽ പരിശീലന ക്ലാസ്സുകളിൽ പങ്കെടുക്കുവാനും നല്ല സുഹത്തുക്കളെ കുമുട്ടാനും അവരിൽ നിന്നും കുടുംബശ്രീ പുരോഗമന അറിവുകൾ നേടി യെടുക്കാനും സാധിക്കുന്നു.

പത്തുമണ് മുതൽ അഞ്ചുമണി വരെ കുടുംബശ്രീ പ്രവർത്തനവുമായി മാത്രം ഞാൻ കഴിയുന്നു. തനിച്ചായ ഞാൻ (മക്കൾ അന്യനാട്ടിൽ) വർഷത്തിലൊരിക്കൽ കുമുട്ടും. ജീവിത ത്തിൽ വലിയപ്രശ്നങ്ങൾ ഉായാൽ തന്നെയും പ്രതികരിക്കാനുള്ള ശേഷി, മനോധൈര്യം എല്ലാം കുടുംബശ്രീയിൽ അംഗമായതുകൊ് നേടാൻ കഴിയുന്നു. അടുക്കളയിൽ മാത്രം കഴിയ വല്ല സ്ത്രീകൾ പൊതുരംഗങ്ങളിൽ പുരുഷ•ാർക്കൊപ്പം സ്വാതന്ത്ര്യം ഉ് എന്നു മനസ്സിലാക്കാൻ സാധിച്ചു. ശാരീരികവും മാനസികവുമായി ഒരു സന്തോഷപ്രദമായ ഒരു അനുഭവമാണ് എനിക്കു ലഭിച്ചത്.

മൂന്നുവർഷമായി എന്റെ വീട്ടിൽ വാടകയ്ക്ക് താമസിക്കുന്ന കൂലിപണിക്കാരനായ ഒരു വനും അവന്റെ കുടുംബവും ഉായിരുന്നു. മൂന്നുകുട്ടികൾ. അവരെ തീറ്റിപ്പോറ്റാനും വിദ്യാ ഭ്യാസം ചെയ്യിക്കാനും ആ കുടുംബനാഥൻ നന്നേ പാടുപെടുന്നുായിരുന്നു. ആ അവസരത്തിൽ ഞാൻ കുടുംബനാഥയെ എന്റെ കുടുംബശ്രീയിൽ അംഗമാക്കി. എന്നാൽ കഴിയാവുന്ന പല സഹായവും ഞാൻ ചെയ്തുകൊടുത്തു. ഗീത അതാണ് അവളുടെ പേര്. ഒരു സെന്റ് ഭൂമിയോ മറ്റു വരുമാനനോ ആ കുടുംബത്തിനില്ലായിരുന്നു. കുടംബശ്രീയിൽ അംഗമായതോടുകൂടി

ആഴ്ചയിൽ 10 രൂപ ബുക്കിൽ ഡെപ്പോസിറ്റ് ചെയ്യാൻ ആ സ്ത്രീയ്ക്ക് കഴിഞ്ഞു. ഞാൻ എന്റെ റേഷൻ കാർഡ് ബി ആക്കി ഒറു കാർഡ് സംഘടിപ്പിച്ചുകൊടുത്തു. അതു കാരണം ഇന്ന് ഗ്യാസ് എടുക്കാൻ സാധിച്ചു. വിലകുറച്ചു സാധനങ്ങൾ വാങ്ങിച്ച് കുട്ടികൾക്ക് നല്ല ഭക്ഷണം കൊടുക്കാൻ കഴിയുന്നു. താമസിയാതെ ഒരു സെന്റ് സ്ഥലം വാങ്ങിച്ച് ഒരു ചെറിയ വീടുവെയ്ക്കണമെന്ന് ആഗ്രഹിക്കുന്നു.

കുടുംബശ്രീ അംഗമായതുകൊ് അതിനുള്ള അവസരം പഞ്ചായത്തുമുഖേനയും കുടുംബശ്രീ മുഖേനയും നടക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. എന്നാൽ കഴിയുന്ന സഹായം ഞാൻ അവർക്കുവേി ചെയ്തുകൊടുക്കും. കുടുംബശ്രീ പ്രവർത്തനവുമായി നടന്നതുകൊ് എനിക്ക് ഇങ്ങനെയൊക്കെ ചെയ്യാൻ കഴിയുന്നത്.

അങ്ങനെയുള്ള ഈ കുടുംബശ്രീ പ്രവർത്തനവുമായി മുന്നോട്ടുപോകുന്നതിനാൽ നല്ല അനുഭവങ്ങൾ കാഴ്ചവെയ്ക്കാൻ എനിക്ക്ക കഴിയുന്നു.

## 42. കാരുണ്യ കുടുംബശ്രീ

സുമംഗലി

കാരുണ്യകുടുംബശ്രീ

പത്തനംതിട്ട ജില്ല, മല്ലപ്പുഴശ്ശേരി പഞ്ചായത്തിലെ കാരുണ്യ കുടുംബശ്രീയിലെ ഒരംഗമാണ് ഞാൻ. എന്റേ പേര് സുമംഗലി.

വൈക്കം സ്വദേശികളായ ഞങ്ങൾക്ക് രു മക്കളുായിരുന്നു. ഞങ്ങളുടെ സ്വന്തം ഇഷ്ടപ്രകാരം പലയിടങ്ങളിൽ ഭാര്യാ ഭർത്താക്ക•ാരായി ജീവിച്ചുവരികയായിരുന്നു. രു വീട്ടുകാരും ഞങ്ങളെ വെറുത്തു. ഞാനും ഭർത്താവും കുഞ്ഞുങ്ങളും അടങ്ങുന്നതായിരുന്നു ഞങ്ങളുടെ ലോകം. പുറത്ത് ആരോടും അധികം അടുപ്പമില്ലായിരുന്നു. അതുകൊ് തന്നെ ഞങ്ങളോടും അധികം ആരും സംസാരിക്കാറില്ലായിരുന്നു.

എന്റെ കുഞ്ഞുങ്ങൾ നാലിലും അഞ്ചിലും പഠിക്കുന്ന സമയം. സ്കൂൾ വിടുന്ന സമയം അടുത്തുകൊിരുന്നു. പൊടുന്നനെ ആകാശം കാർമേഘങ്ങളിൽ ഇരുുമൂടി. കാറും കോളും വരവായി. ഭയങ്കരമായ മഴയും കാറ്റും. കുഞ്ഞുങ്ങളെ ഓർത്ത് ഞാൻ ആധിപൂു. ബസ് റൂട്ടില്ലാത്ത വഴിയിലൂടെയാമ് സ്കൂളിൽ പോകുന്നത്. അധികം ആൾക്കാർ താമസമില്ലാത്ത സ്ഥലം. സ്കൂളിനെ ലക്ഷ്യമാക്കി കാറ്റും മഴയും കൂസാക്കാതെ ഞാൻ അധിവേഗം നടന്നു. വഴിയിലെങ്ങും ആരേയും കാണുന്നില്ല. ദൈവമേ എന്റെ കുഞ്ഞുങ്ങളെ കാത്തുകൊള്ളണമേ എന്ന് ഞാൻ ഉള്ളുരുകി പ്രാർത്ഥിച്ചു. എന്റെ പ്രാർത്ഥന ദൈവം കൈക്കൊില്ല. കുറച്ചകലേ ചെന്നപ്പോൾ അതാ ഒരു വലിയ മരം കടപുഴകി റോഡിൽ കിടക്കുന്നു. എന്റെ ഭർത്താവ് പണിക്കു പോയിരുന്നു. കാറ്റും മഴയും വകവയ്ക്കാതെ സ്കൂളിനെ ലക്ഷ്യമാക്കി ഞാൻ ഓടുവാൻ തുടങ്ങി. അപ്പോൾ വീണുകിടക്കുന്ന മരച്ചില്ലകൾക്കിടയിൽ നിന്നും ദയനീയമായുള്ള കരച്ചിൽ എന്റെ കാതുകളിൽ വന്നടിച്ചു. മരച്ചില്ലുകൾക്കിടയിലൂടെ മകളേ എന്നു വിളിച്ചുകൊ് ഞാനോടി അടുത്തു. പക്ഷേ ചേതനയറ്റ എന്റെ കുഞ്ഞുങ്ങളുടെ ശരീരമാണ് എനിക്ക് കാണാൻ കഴിഞ്ഞത്. എന്തു ചെയ്യണമെന്നറിയാതെ ഞാനലറിവിളിച്ചു. പിന്നെ ഒന്നും ഓർമ്മയില്ല. ബോധം വന്ന

പ്പോൾ ഞാൻ മെഡിക്കൽ കോളേജ് ആശുപത്രിയിലായിരുന്നു. ഒരു കുഞ്ഞിന്റെ തലച്ചോറിനും ഒരു കുഞ്ഞിന്റെ നെഞ്ചിനും തടി വീണതിനാൽ എന്റെ കുഞ്ഞുങ്ങളെ എനിക്കു നഷ്ടമായി.

പിന്നെ ഞങ്ങൾ എങ്ങനെയോ മല്ലപ്പുഴശ്ശേരി പഞ്ചായത്തിൽ എത്തി. അവിടെ ചാമസിച്ചു തുടങ്ങി. എന്റെ ജീവിത കഥ കേട്ടറിഞ്ഞ കാരുണ്യ കുടുംബശ്രീ പ്രവർത്തകർ എന്നോടു പറഞ്ഞു. ഇങ്ങനെ മരവിച്ച മനസ്സുമായി വീട്ടിൽതന്നെയിരുന്നു. മനസ്സ് വിഷമിക്കത്തേയുള്ളൂ. കുടുംബശ്രീയിൽ ചേരണം. പ്രവർത്തിക്കണം. ആളുകളുമായി കൂടുതൽ ഇടപെടുമ്പോൾ ജീവിതത്തിനുതന്നെ മാറ്റമുാകും. അങ്ങനെ അവരുടെ നിർബന്ധത്തിനുവഴങ്ങി കുടുംബശ്രീയിൽ ചേർന്നു. എന്റെ സഹപ്രവർത്തകരുടെ സ്നേഹവും പെരുമാറ്റവും ആശ്വാസ വാക്കുകളും എനിക്കു ധൈര്യം തന്നു. വീടിനകത്തുതന്നെ കഴിച്ചുകൂട്ടിയ ഞാനിപ്പോൾ കുടുംബശ്രീയുടെ സജീവപ്രവർത്തകയാണ്. കൂടാതെ ഇപ്പോൾ തൊഴിലുറപ്പിനും പോകുന്നു. മരവിച്ച മനസ്സുമായി മക്കളെ ഓർത്തുകഴിഞ്ഞിരുന്ന എനിക്ക് ഇപ്പോഴുള്ള ഏക ആശ്രയവും ധൈര്യവും കുടുംബശ്രീയാണ്. എന്റെ കുടുംബശ്രീ അംഗങ്ങളും ഞാനും ചേർന്ന് പഞ്ചമി എന്ന പേരിൽ ഒരു ഗ്രൂപ്പ് രൂപീകരിച്ച് കൃഷിചെയ്തുവരുന്നു. എന്റെ ജീവിതത്തിൽ ഒരുപാട് മാറ്റം വരുത്തുവാൻ സാധിച്ചത് കുടുംബശ്രീ പ്രസ്ഥാനം ഒന്നുകൊുമാത്രമാണ്.

## 43. പ്രതികൂല സാഹചര്യത്തെ അതിജീവിക്കാൻ സഹായിച്ചു

ശോഭാരാജൻ
ശ്രീലക്ഷ്മി കുടുംബശ്രീ
നിലിപിലാവ്

ഞാൻ തീരെ നിസഹായ അവസ്ഥയിൽ ആയിപ്പോയ ഒരു അനുഭവം അടുത്തകാലത്തുായി. എന്റെ ഭർത്താവിന് രാത്രി 10 മണിക്കുശേഷം കടുത്ത നെഞ്ചുവേദന ഉായി സഹായിക്കാൻ വീട്ടിലാരുമില്ല ആദ്യം ഒന്നു പകച്ചു കൈയ്യിൽ കാര്യമായി പണവും ഇല്ല ആലോചിച്ചു നിൽക്കാൻ സമയവുമില്ല അദ്ദേഹം വല്ലാതെ വേദനകൊ് പുളയുകയാണ്. പിന്നെ ഒന്നും ചിന്തിച്ചില്ല വിവിളിച്ചു. നീലിപിലാവിന്റെ കിഴക്കേ അറ്റത്താണ് ഞങ്ങൾ താമസിക്കുന്നത്. റോഡും സഞ്ചാരയോഗ്യമല്ല ഒടുവിൽ രക്ഷകനായി എത്തിയത് വിളിച്ച വിയിലെ ഡ്രൈവറാണ്. പെട്ടെന്നുതന്നെ ചിറ്റാറിലെ സ്വകാര്യ ആശുപത്രിയിൽ ഭർത്താവിനെ പ്രവേശിപ്പിച്ചു. പ്രാഥമിക ശുശ്രൂഷയ്ക്ക് ശേഷം അദ്ദേഹത്തെ പത്തനംതിട്ട സ്വകാര്യ ആശുപത്രിയിലെത്തിച്ചു. ഈ സമയം എന്റെ കൈയ്യിൽ 2000 രൂപ മാത്രമാണ് ഉായിരുന്നത്. ഉടൻ തന്നെ ഭർത്താവിനെ തീവ്രപരിചരമ വിഭാഗത്തിലേക്ക് മാറ്റി. തുടർന്നുള്ള പരിശോധനയിൽ അദ്ദേഹത്തിന് ഹൃദയാഘാതംമാണെന്ന് കത്തെി. തുടർന്ന് ആശുപത്രി അധികൃതർ നൽകിയ ഭീമമായ ബിൽ തുക അടയ്ക്കാനാവാതെ ഞാൻ പകച്ചുപോയി പിന്നൊന്നും നോക്കിയില്ല കഴുത്തിൽ കിടന്ന മിന്നുമാല ഊരി പണയം വെച്ചാണ് 16000 രൂപ അടച്ചത്. ഇതിനുശേഷം അത്യാധുനിക സൗകര്യമുള്ള ആബുലൻസിൽ കയറ്റി കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സക്ക് എത്തിച്ചത്. ഈ സംഭവം ജീവിതത്തിൽ മറക്കാനാവാത്ത അനുഭവമാണ്. ഇതിനെ തരണം ചെയ്യാൻ കഴിഞ്ഞത് കുടുംബശ്രീ പ്രവർത്തനംകൊു മാത്രമാണ്.

## 44. എന്റെ അനുഭവങ്ങൾ..........

ശ്യാമള പ്രതാപ്

പ്രമാടം ഗ്രാമപഞ്ചായത്ത് 9–ാം വാർഡ് വെള്ളപ്പാറയിൽ പ്രവർത്തിച്ചു വരുന്ന ധന ലക്ഷ്മി കുടുംബശ്രീയിലെ അംഗമാണ്. ഞാൻ 2002 മുതൽ കുടുംബശ്രീയിൽ പ്രവർത്തിക്കുന്നു. ദാരിദ്ര്യനിർമ്മാർജ്ജനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കുടുംബശ്രീയിൽ നിന്നും വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പരിശീലന ക്ലാസ്സുകളിൽ പങ്കെടുക്കുവാൻ സാധിച്ചിട്ട്. ഇത്തരം ക്ലാസ്സുകൾ എനിക്ക് ധാരാളം പ്രയോജനപ്പെട്ടിട്ട്. പൊതുവേദികളിൽ സംസാരിക്കുന്നതിനും സമൂഹത്തിലേക്ക് ഇറങ്ങിചെല്ലുന്നതിനും കഴിഞ്ഞിട്ട്.

വളർന്നു വരുന്ന കുട്ടികളെ പരിപോഷിപ്പിക്കുന്നതിനുവേി ആരംഭിച്ച ബാലസഭ അവധിക്കാല പഠനക്ലാസ് 3 തവണ നടത്തുകയും അതിലൂടെ ബാലസഭ ടീച്ചർ ആകാനും സാധിച്ചു. ഒരു ടീച്ചർ ആകാൻ ആഗ്രഹിച്ച എനിക്ക് ഈ അനുഭവം വളരെയേറെ സന്തോഷം ഉളവാക്കിയാണ്. 2007–08 ൽ തൊഴിലുറപ്പ് പദ്ധതിയുടെ കൊട്ടാരക്കര ഐ.റ്റി.സി.യിൽവെച്ച് നടന്ന ട്രെയിനിംഗിൽ ബ്ലോക്ക് തല പ്രതിനിധിയായി പങ്കെടുക്കാൻ കഴിഞ്ഞത് കുടുംബശ്രീയുടെ ഒരു നേട്ടമായി കാണുന്നു. ഗ്രാമസഭയിലെ പങ്കാളിത്തം വിവിധ വർക്കിംഗ് ഗ്രൂപ്പുകളിലും, ബ്ലോക്ക് ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയിലും അംഗമാകാൻ കഴിഞ്ഞത് കുടുംബശ്രീയുടെ ഒരു വൻ നേട്ടമാണ്. ദാരിദ്ര്യ ലഘൂകരണം, ഉപപദ്ധതി തയ്യാറാക്കൽ, തൊഴിലുറപ്പ് പദ്ധതി, വാർഡ് സാനിറ്റേഷൻ കമ്മിറ്റി ഇവയിലും പ്രവർത്തിക്കാൻ കഴിഞ്ഞു.

വിവിധ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പരിശീലന പരിപാടികളിൽ പങ്കാളി ആകാനും തൊഴിൽ സംരംഭ ആകാനും സാധിച്ചു. 2006 മുതൽ പ്രമാടം പഞ്ചായത്തിലെ സ്വാന്തനം പ്രവർത്തക ആകാൻ കഴിഞ്ഞു. ഷുഗർ, പ്രഷർ, കൊളസ്ട്രോൾ ബി.എം.ഐ. തുടങ്ങിയുള്ള ജീവിതശൈലി അംഗങ്ങളെ വീടുകളിൽ പോയി പരിശോധിക്കുകയും അവർക്കുവേ നിർദ്ദേശങ്ങൾ കൊടുക്കയുമാണ് സാന്ത്വനം പദ്ധതിയുടെ ലക്ഷ്യം. ഇതിലൂടെ 3 പേരുടെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞത് ഏറ്റവും വലിയ നേട്ടമായി കാണുന്നു. അഭിമാനത്തോടെയും അന്തസോടെയും ഏറ്റെടുത്ത് ചെയ്യാൻ കഴിയുന്ന ഈ പദ്ധതി കുടുംബശ്രീയുടെ പ്രോജക്ട് ആണ് എന്നതിൽ ഞാൻ അഭിമാനിക്കുന്നു. പ്രശസ്തമായ വനിത മാസികയിൽ സാന്ത്വനം പദ്ധതിയുടെ പ്രവർത്തന ഫീച്ചറും എന്റെ ഫോട്ടോയും പ്രസിദ്ധീകരിച്ചപ്പോൾ ധാരാളം ആളുകൾ എന്നെവിളിക്കുകയും അഭിനന്ദനം അറിയിക്കുകയും ചെയ്തു. ഇത് കുടുംബശ്രീയുടെ നേട്ടമായി കാണുന്നു. ഈ പദ്ധതിയിൽ ടൂ വിലർ ആവശ്യമായ ഒന്നാണ്. വിയുടെ പുറകിൽ പോലും കയറാൻ ഭയമായിരുന്ന എനിക്ക് ഇന്ന് ഒരു ടൂ വീലർ സ്വന്തമാക്കാൻ കഴിഞ്ഞതും കുടുംബശ്രീയുടെ നേട്ടമാണ്. ഇതിൽ നിന്നും എനിക്ക് ഒരു വരുമാനം കത്തുെവാൻ കഴിയുന്ന്.

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് 2008 ൽ കൊട്ടാരക്കര ഇ.റ്റി.സി.യിൽ മേറ്റുമാർക്കുള്ള 3 ദിവസത്തെ പരിശീലനത്തിൽ പങ്കെടുത്തു. അതിലൂടെ തൊഴിലുറപ്പ് പദ്ധതി നല്ല രീതിയിൽ മുന്നോട്ട് പോകാൻ എനിക്ക് സാധിച്ചു. ഗ്രാമസഭ ഫെസിലിറ്റേറ്ററായി തെരഞ്ഞെടുത്തപ്പോൾ പത്തനംതിട്ട പരിശീലന ക്ലാസ്സിൽ പങ്കെടുത്തു. ഗ്രാമസഭയുടെ പ്രവർത്തനങ്ങളും ലക്ഷ്യങ്ങളും ഒക്കെ നല്ല രീതിയിൽ മനസിലാക്കാൻ കഴിഞ്ഞു. പിന്നീട് 2009 ൽ കുടുംബശ്രീ സംസ്ഥാന മിഷൻ സംഘടിപ്പിച്ച സി.ഡി.എസ്. ചെയർപേഴ്സൺ ഉപസമിതി കൺവീനർ എന്നി

വർക്കുള്ള പരിശീലനം ആലപ്പുഴ വലിയ കലവൂരിൽ സോഷ്യോഎക്ണോമിക് യൂണിറ്റ് ഫൗ ഷൻ എന്ന സ്ഥാപനത്തിൽ നടത്തിയിരുന്നു. ഞാനും പങ്കെടുത്തിരുന്നു. അവിടെ നിന്നും നേടി യെടുത്ത അറിവിലൂടെയാണ് ഞാൻ ഒരു മെമ്പറായി മാറിയത്. അവിടെ ക്ലാസ്സെടുത്ത ബഹുമാ ന്യരായ ഓരോരുത്തരും പറയുമായിരുന്നു. അടുത്ത പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിക്കേ വരാണെന്നും വിജയം കൈവരിക്കാൻ വേ അറിവ് നേടിയേ ഇവിടെ നിന്നും പോകാവൂ എന്നും ഓർമ്മിപ്പിച്ചു എന്റെ വിജയത്തിന് അവിടുത്തെ ക്ലാസ്സ് ഏറെ സഹായിച്ചു.

ഈ വാർഡിലെ നാലിൽ മൂന്നു ഭാഗം കുടുംബങ്ങളും കുടുംബശ്രീയിൽ ഉൾപ്പെടുത്തു വാനും അതുപോലെ 115 ഓളം സ്ത്രീകളെ തൊഴിലുറപ്പ് പദ്ധതിയിൽ അംഗമാക്കാനും എനിക്ക് കഴിഞ്ഞു. കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ നല്ല ഭൂരിപക്ഷത്തോടെ വിജയിക്കാനും എനിക്ക് സാധിച്ചു. അതിനുശേഷം കുടുംബശ്രീ അംഗങ്ങളേയും തൊഴിലുറപ്പ് അംഗങ്ങളേയും കൂട്ടി പത്തനാപുരം ഗാന്ധി ഭവൻ സന്ദർശിക്കുകയും 15000/- രൂപ അവിടെ സംഭാവന നൽകു കയും ചെയ്തു. അതുപോലെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ എനിക്ക് സാധിക്കുന്നു. അന്ന് കാരുണ്യ കുടുംബശ്രീയിൽ അംഗമായതുകൊ് ഈ നിലകളിലൊക്കെ എത്തിയത്. അടുക്കളയിലെ നാലു ചുവരുകൾക്കുള്ളിൽ മാത്രം ഒതുങ്ങി കഴിഞ്ഞിരുന്ന ഞാൻ കേവലം ഒരു വീടു ഭരിക്കാൻ കഴിവില്ലായിരുന്ന കുടുംബശ്രീ പ്രവർത്തനത്തിലൂടെ ഇന്നൊരു വാർഡു ഭരിക്കാൻ പ്രാപ്തമായി കുടുംബശ്രീ എന്ന മഹാപ്രസ്ഥാനത്തിനു മുന്നിൽ ഞാൻ ആദ രവോടെ ശിരസ്സു നമിക്കുന്നു.

## 45. കാരുണ്യഹസ്തം

ചന്ദ്രിക ആർ.
കുടുംബശ്രീ അംഗം

ഒരു സമ്പന്നനായ കുടുംബത്തിലെ 8 മക്കളിൽ ഏക മകളായിരുന്നു ഞാൻ. 14-ാമത്തെ വയസ്സിൽ എന്റെ വിവാഹം കഴിഞ്ഞു. ഞാൻ വന്നുകയറിയ വീട്ടിൽ 6 മക്കളിൽ ഏക മകനായി രുന്നു എന്റെ ഭർത്താവ്. ടാപ്പിംഗ് തൊഴിലാളിയായിരുന്നു. ഭർത്താവിന്റെ സഹോദരിമാരുടെ വിവാഹാവശ്യങ്ങൾക്കായി എനിക്ക് ഓഹരിയായിത്തന്ന തുക മുഴുവനും ചെലവാക്കേിവന്നു. എന്റെ ഭർത്താവിന്റെ ഏറ്റവും വലിയ ദോഷം അച്ഛനും അമ്മയും പറയുന്നതു മാത്രമേ അനുസ രിക്കുകയുള്ളൂ. എനിക്ക് 5 പെൺമക്കൾ ജനിച്ചു. മക്കൾ ജനിച്ചതിനുശേഷം ഭർത്താവിന്റെ വീട്ടിലം ജീവിതം വളരെ തുരിപൂർണ്ണമായു. ഞങ്ങൾ വാടകയ്ക്ക് താമസം ആരംഭഇച്ചു. വളരെ താമസിയാതെ എന്നെയും കുഞ്ഞുങ്ങളേയും ഉപേക്ഷിച്ച് അദ്ദേഹം സ്വന്തം വീട്ടിലേക്ക് പോയി. ഒന്നും അറിയാത്ത പ്രായത്തിൽ 5 കുഞ്ഞുങ്ങളേയുംകൊ് ഞാൻ തികച്ചും തനിച്ചായി. ആത്മഹ ത്യയെക്കുറിച്ചു മാത്രമായി എന്റെ ചിന്ത. പിന്നെ കുഞ്ഞുങ്ങളുടെ മുഖം കാണുമ്പോൾ എനിക്ക് ഒന്നിനും കഴിഞ്ഞില്ല. അങ്ങനെ ഞാൻ ടാപ്പിംഗ് ജോലിക്കു പോയി. 7 പടികളുള്ള ഗോവേ ണിയ്ക്ക് മുകളിൽ കയറി വേണമായിരുന്നു ടാപ്പിംഗ് ചെയ്യാൻ. എല്ലാവരും എന്നെ കളിയാ ക്കി. തളരാതെ ടാപ്പിംഗ് ജോലിയിൽ നിന്നും കിട്ടിയ തുച്ഛമായ വരുമാനത്തിൽ നിന്നും ഒരു ചായക്കട തുടങ്ങി. എന്റെ മക്കളുടെ വിദ്യാഭ്യാസത്തിനും വീട്ടുചെലവിനും മാത്രമേ ആ തുക തികയുകയുള്ളായിരുന്നു. അങ്ങനെയിരിക്കെ ഞാൻ കുടുംബശ്രീ അംഗമായി. എന്റെ കുടും

ബശ്രീ അംഗങ്ങൾ ലോണെടുത്ത് എനിക്ക് ഒന്നരസെന്റ് സ്ഥലം വാങ്ങാൻ എന്നെ സഹായിച്ചു. അതിൽ ഞാനൊരു ചെറിയ ഷെഡ് നിർമ്മിച്ച് അവിടേക്ക് ഞങ്ങൾ താമസം മാറ്റി. അതെനിക്ക് വലിയ ഒരാശ്വാസമായി. ലോണടച്ചുതീർത്തപ്പോൾ സംരംഭം തുടങ്ങാനായി ഒരു ലോൺകൂടി എടുത്തു. അങ്ങനെ ഞാനൊരു പലചരക്കുകടയും ചെറിയ തുണിക്കടയും തുടങ്ങി. അതിൽ നിന്നും കിട്ടിയ വരുമാനത്തിൽ നിന്നും എന്റെ മക്കളുടെ വിവാഹം ഞാൻ നടത്തി. എന്നാൽ മക്കളുടെ വിവാഹത്തിന് അവർ ക്ഷണിച്ചിട്ടുപോലും എന്റെ ഭർത്താവോ വീട്ടുകാരോ പങ്കെടുത്തില്ല. ഷെഡ് പൊളിച്ച് ആ സ്ഥലത്ത് ചെറിയൊരു വീടുവെച്ചു. അതും എന്റെ കുടുംബശ്രീ അംഗങ്ങളുടെ സഹായത്തോടെയായിരുന്നു. പിന്നീട് ഞാൻ ആ വാർഡിന്റെ എ.ഡി.എസ്. സെക്രട്ടറിയാകുകയും സി.ഡി.എസ്. മെമ്പർ ആകുകയും ചെയ്തു. ഇന്ന് തൊഴിലുറപ്പുപദ്ധതിയുടെ മേറ്റായും പ്രവർത്തിക്കുന്നു.

അതിൽ നിന്നെല്ലാംമ കിട്ടുന്ന വരുമാനെകൊ് എന്റെ വീടിന്റേയും എന്റെ മകളെ കെട്ടിച്ചതിന്റെ കടം വീട്ടി. കൂടാതെ ഡ്രൈവിംഗ് പഠിക്കുകയും സ്വന്തമായി ഒരു ടൂവീലർ വാങ്ങുകയും ചെയ്തു. ഇന്നെന്റെ ജീവിതത്തിന്റെ മുഴുവൻ സമയവും കുടുംബശ്രീ പ്രവർത്തനത്തിനായി ചിലവഴിക്കുന്നു. എന്റെ കഴിഞ്ഞുപോയ കഷ്ടതനിറഞ്ഞ ജീവിതവും, അതിൽ നിന്ന് ഞാൻ നേടിയ പുതിയ ജീവിതവും എന്നേപ്പോലെ കഷ്ടത അനുഭവിക്കുന്ന എന്റെ സഹോദരിമാർക്ക് എന്റെ ജീ ജീവിതം ഒരു പ്രചോദനമാകട്ടെ എന്നു ഞാൻ ആഗ്രഹിക്കുന്നു.